www.malankaralibrary.com

മാർ റെമീജിയോസ് പിതാവ് | ബൈബിൾ വീക്ഷണം | കാർഷിക പശ്ചാത്തലം | പ്രതിവിധികൾ

# കാരുണികൻ

Vol. 7 No.09 Sep. 2010

Rs. 25/-

www.karunikan.com

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക



## കുടിയിറക്കം

www.malankaralibrary.com



മണ്ണിൽ നൂറുമേനി വിളയിക്കാനുള്ള കാർഷിക മുന്നേറ്റമായിരുന്നു കുടിയേറ്റം. അതിന്റെ പരിണിതഫലങ്ങളാണ് മലബാറും ഹൈറേഞ്ചും ഉൾപ്പെടെയുള്ള സഹ്യനിരകളിലെ കാർഷിക വിളകളെല്ലാം. എന്നാൽ പതിറ്റാണ്ടുകൾക്ക് ശേഷം കർഷകർ വിളഭൂമി വിട്ട് കുടിയിറങ്ങിപ്പോരുന്നു! കുടിയിറക്കമാണ് ഇത്തവണത്തെ പ്രമേയം.

സഭയും സമൂഹവും ഗൗരവത്തോടെ പഠനവിഷയമാക്കേണ്ടതാണ് ഈ കർഷക പിന്മാറ്റം. കുടിയിറക്കത്തിന്റെ പ്രധാന ഉദാഹരണങ്ങളെ അവതരിപ്പിച്ചുകൊണ്ട് അവയുടെ കാരണങ്ങളും പോംവഴികളുമാണ് ലേഖനങ്ങളിലെ ചർച്ചാവിഷയം. ഒപ്പം താമരശ്ശേരിയിലെ അഭിവന്ദ്യ റെമീജിയസ് പിതാവുമായുള്ള അഭിമുഖവും.

കാരുണികൻ
സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക

**വിലാസം:**
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.
എറണാകുളം - 682 015
ഫോൺ : 0484 - 2665233
ഫാക്സ് : 0484 - 2665433
e-mail : karunikan@rediffmail.com
website: www.karunikan.com

www.malankaralibrary.com




## കുട്ടികൾക്ക് ധ്യാനം

കാലടി താന്നിപ്പുഴ ദിവ്യകാരുണ്യ ധ്യാനകേന്ദ്രത്തിൽവച്ച് ഒക്ടോബർ 15,16,17 തീയതികളിൽ 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ധ്യാനം നടത്തുന്നു. വി. കുർബ്ബാനയെ കേന്ദ്രീകരിച്ച് നടത്തുന്ന ഈ ധ്യാനത്തിൽ വ്യക്തിത്വവികസനത്തിനും പഠനമികവിനും സ്വന്തം കഴിവുകളെ കണ്ടെത്തി വളർത്തുന്നതിനുമുള്ള പരിശീലനം ഉണ്ടായിരിക്കും. കുട്ടികളുടെ പഠന വിജയത്തിന് ഏറെ സഹായിക്കുന്ന യോഗയും മെഡിറ്റേഷനും ഈ ധ്യാനത്തിന്റെ പ്രത്യേകതയാണ്. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്ന 60 പേർക്കു മാത്രമേ ധ്യാനത്തിൽ പങ്കെടുക്കാൻ കഴിയൂ.

വിളിക്കുക: **0484 2462016, 9496337986**

www.malankaralibrary.com



കാരുണികൻ
പുസ്തകം ഏഴ് ലക്കം ഒൻപത്
2010 സെപ്തംബർ

**രക്ഷാധികാരി**
ഡോ. ഫ്രാൻസിസ് കൊടിയൻ
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

**സഹ രക്ഷാധികാരി**
ഡോ. തോമസ് പ്ലാത്തോട്ടത്തിൽ

**പത്രാധിപർ**
ജെ. നാലുപറയിൽ

**സഹപത്രാധിപർ**
ജി. കടൂപ്പാറയിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**
വിൻസന്റ് ശ്രാമ്പിക്കൽ

**സബ്ബ് എഡിറ്റർ**
സി. ലീല പെരുമ്പള്ളിൽ

**പത്രാധിപസമിതി**
പോൾ തേലക്കാട്ട്
ബോബി ജോസ് കട്ടികാട്
സാധു ഇട്ടിയവിരാ
ജേക്കബ് ആക്കനത്ത്
തോമസ് കൂട്ടുങ്കൽ

**സർക്കുലേഷൻ മാനേജർ**
തോമസ് വാണിയപ്പുരയ്ക്കൽ

**ചിത്രീകരണങ്ങൾ**
സതീഷ്. കെ.

**രൂപകല്പന**
അബ്ദു നെല്ലിമറ്റത്തിൽ

ഒരു എമ്മാവൂസ് പ്രസിദ്ധീകരണം

## ദൈവം നമ്മോടുകൂടെ

ഇത്തവണത്തെ എഡിറ്റോറിയലിന്റെ തലക്കെട്ട് കടമെടുത്തതാണ്. അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ആത്മകഥയുടെ പേരായിരുന്നു ദൈവം നമ്മോടുകൂടെ (1999). കുടിയിറക്കം കാരുണിക ന്റെ വിഷയമാക്കാൻ തീരുമാനിച്ചപ്പോൾ ആദ്യം അന്വേഷിച്ച പുസ്തക മായിരുന്നു പിതാവിന്റെ ആത്മകഥ. അതോടൊപ്പം കുടിയേറ്റം പശ്ചാത്തല മാക്കിയ മൂന്നു നോവലുകളും ഈ ലക്കത്തിന് സഹായകമായിട്ടുണ്ട്. പൊറ്റക്കാടിന്റെ വിഷകന്യക (1948); കാക്കനാടിന്റെ ഒറോത (1982); കെ. ജെ ബേബിയുടെ ബസ്പുർക്കാന (2006).

കുടിയേറ്റ മേഖലയുമായുള്ള നേരിട്ടുള്ള അനുഭവം വാളൂക്കിൽ വ ച്ചാണ്. പാലംപണി പകുതികഴിഞ്ഞപ്പോഴാണ് ഞാൻ വാളൂക്കിൽ എത്തു ന്നത് 1989ൽ. പകുതികഴിഞ്ഞെന്നു പറഞ്ഞാൽ അത് മുഴുവൻ സത്യമാ കില്ല. പാലത്തിന്റെ പ്രധാനഭാഗം മുഴുവൻ കോൺക്രീറ്റ് ചെയ്തു കഴി ഞ്ഞിരുന്നു. അവശേഷിക്കുന്നത് അപ്രോച്ച് റോഡ്മാത്രം. അത് ബാക്കി നിർത്തിയാണ് വികാരി ഫ്രാൻസീസ് കൊടിയനച്ചൻ സ്ഥലം മാറുന്നത്.

വാളൂക്ക് അന്ന് കാടിനു തൊട്ടടുത്തുള്ള അവികസിതമായ കുഗ്രാമ മായിരുന്നു. 100ൽപരം കർഷക കുടുംബങ്ങളായിരുന്നു അവിടുത്തെ അന്തേവാസികൾ. സ്കൂളിനും ചന്തക്കുമൊക്കെ അവർ ആശ്രയി ച്ചിരുന്നത് അടുത്തുള്ള വിലങ്ങാടിനെ.

വാളൂക്കിൽ നിന്നും വിലങ്ങാട്ടേക്കുള്ള വഴിക്കൊരു ചെറിയ പുഴ യുണ്ട്. വേനൽക്കാലത്ത് അവൾ ശാന്തസ്വഭാവക്കാരിയാണ്. എന്നാൽ മഴക്കാലമായാൽ അലറിപ്പാഞ്ഞ് കുത്തിയൊഴുകി അവൾ സംഹാര രുദ്രയാകും. പുഴയ്ക്ക് കുറുകെ ഒരു തടിപ്പാലമായിരുന്നു. സ്കൂളിൽ പോയ രണ്ട് കുട്ടികൾ പാലത്തിൽ നിന്നും തെറ്റി താഴെ വീണു. പിന്നീട് കണ്ടു കിട്ടിയത് അവരുടെ ശവശരീരം ആയിരുന്നു, മൈലുകൾക്കപ്പുറത്ത് നിന്നും, രണ്ടു ദിവസം കഴിഞ്ഞിട്ട്. ശവസംസ്ക്കാരത്തിന്റെ അന്ന് വികാരി കൊടിയനച്ചൻ പ്രഖ്യാപിച്ചു. “ഇനി നമ്മുടെ കുട്ടികൾ ആരും പുഴയിൽ വീണു മരിക്കാൻ പാടില്ല. അപകടം ഇല്ലാതാക്കാൻ നല്ലൊരു കോൺക്രീറ്റ് പാലം നമ്മൾ പണിയും”. എല്ലാവരും കയ്യടിച്ച് സമ്മതിച്ചു.

www.malankaralibrary.com

അഞ്ച്മാസം കൊണ്ട് പാലത്തിന്റെ കോൺക്രീറ്റിംഗ് കഴിഞ്ഞു. അപ്രോച്ച് റോഡും തീർത്ത് പാലം സഞ്ചാരയോഗ്യമാക്കാൻ പിന്നെയും കുറെ മാസങ്ങൾ എടുത്തു. റോഡിന്റെ പണി മുഴുവനായി തീർന്നയന്ന് വാളൂക്കിൽ വലിയ പെരുന്നാളായിരുന്നു. ചെറുപ്പക്കാർ പാടി, നൃത്തംവച്ചു, പഴയ വികാരിയച്ചന് കീ ജയ് വിളിച്ചു...

ആദ്യകാല കുടിയേറ്റത്തിന്റെ കഷ്ടപ്പാടുകൾ ഇതിലും എത്രയോ രൂക്ഷമായിരുന്നു. വായിച്ചറിയണമെങ്കിൽ വള്ളോപ്പിള്ളി പിതാവിന്റെ പുസ്തകം തന്നെ എടുക്കണം. കുടിയേറ്റത്തിന്റെ തന്നെ ആത്മകഥയെന്ന് വിശേഷിപ്പിക്കാവുന്നതാണ് വള്ളോപ്പിള്ളി പിതാവിന്റെ ജീവചരിത്രം. കാരണം ഈ ഗ്രന്ഥത്തിന്റെ ഇരുന്നൂറോളം പേജുകൾ കുടിയേറ്റ ചരിത്രം പറയാനാണ് പിതാവ് മാറ്റിവച്ചിരിക്കുന്നത്. അതിലെ ഒരു വിവരണം:

"കന്നി മണ്ണുതേടി കുറ്റ്യാടിയിലെത്തിയവരിൽ ഒന്നാമൻ അയ്മനംകാരൻ ഔസേപ്പ് ആയിരുന്നു (1926 മെയ്)... ഔസേപ്പിനെ തുടർന്ന് വന്നവരാണ് ശ്രാട്ടേലാശാനും കാനംകുന്നേൽ വർക്കിയും പള്ളത്തു മത്തായിയും ചോലകളത്തിൽ മാണിയും കുന്നുംപുറത്ത് കുര്യാക്കോസും മുങ്ങനാട്ട് തൊമ്മനും ഏർത്തയിൽ ജോസഫുമൊക്കെ അടങ്ങിയ 16 കുടുംബങ്ങൾ... മൂന്നാംകൈ, ചാപ്പൻതോട്ടം, ചാത്തൻകോട്ടു നട എന്നീ പ്രദേശങ്ങളിൽ കാടുവെട്ടി കൃഷിയിറക്കി. പകൽ കൃഷിയിടങ്ങളിലും രാത്രിയിൽ വൻമരങ്ങളിലും മുളക്കൂട്ടത്തിലും കെട്ടിയുണ്ടാക്കിയ ഏറുമാടങ്ങളിലും അവർ കഴിഞ്ഞു. ശ്രാട്ടേലാശാന്റെ രണ്ടു കുട്ടികളെ കടുവ പിടിച്ചോണ്ടുപോയി. കാട്ടാനകൾ കുടിലുകൾ തകർത്തു. പലർക്കും മലമ്പനി പിടിച്ചു. ശേഷിച്ചവർ എല്ലാം ഉപേക്ഷിച്ചു മടങ്ങി. കുറ്റ്യാടിയിലുള്ള കുടിയേറ്റത്തിന്റെ ദുരന്തപര്യവസായിയായ ഒന്നാം അങ്കത്തിന് അങ്ങനെ തിരശ്ശീലവീണു" (*ദൈവം നമ്മോടുകൂടെ*, പേജ് 97,98).

ദുരിതപൂർണ്ണമായ കുടിയേറ്റ ജീവിതത്തെ മുന്നോട്ട് നയിച്ച ഘടകങ്ങൾ കടന്നുവരുന്നത് അദ്ദേഹം ചെമ്പേരി കുടിയേറ്റം വിവരിക്കുമ്പോഴാണ്: "വളപട്ടണത്ത് തീവണ്ടിയിറങ്ങിയ തീർത്ഥാടകരുടെ ഒരു ചെറുസംഘം വളപട്ടണം പുഴയിലൂടെ ബോട്ടിൽ ചെങ്ങളായിയിൽ എത്തി... ഇന്ന് നാനാവിധത്തിലും വളർന്നുകഴിഞ്ഞിരിക്കുന്ന ചെമ്പേരി, കുടിയേറ്റനാളുകളിൽ വനപ്രദേശമായിരുന്നു. എങ്കിലും തദ്ദേശവാസികൾ മരം മുറിച്ചുനീക്കി പുനം കൃഷി നടത്തിവന്നിരുന്നതിനാൽ ഇളംമ്പക്കാടുകളായിരുന്നു മിക്കവാറും. കടുവയും, പന്നിയും, കുരങ്ങുമൊക്കെ ധാരാളമായി അവയിൽ വസിച്ചിരുന്നു. പയ്യാവൂർ, വെള്ളാട് ദേവസങ്ങൾ, കരിക്കാട്ടിടം നായനാർ, ചിറക്കൽ കോവിലകം തുടങ്ങി ഏതാനും ജന്മികളുടെ പക്കൽനിന്നുമാണ് ഏക്കറിന് 5ഉം 10ഉം രൂപ വിലനൽകി കുടിയേറ്റക്കാർ ഭൂമിവാങ്ങിയിരുന്നത്. ആദ്യകാല ജീവിതം ദുരിതപൂർണ്ണമായിരുന്നു. മലമ്പനിയും വന്യമൃഗങ്ങളും യാത്രാദുരിതവും വൈദ്യസഹായത്തിന്റെയും ആദ്ധ്യാത്മിക സേവനങ്ങളുടെയും അഭാവവും കുറച്ചൊന്നുമല്ല വിഷമിപ്പിച്ചത്. ഭാര്യയേയും കുഞ്ഞുങ്ങളേയും സ്വന്തം കരങ്ങൾകൊണ്ട് കുഴികുത്തി സംസ്ക്കരിക്കേണ്ടി വന്നവരുമുണ്ട്...

ഇക്കാലത്ത് തളിപറമ്പ് വികാരിയായിരുന്ന ബ.കിഴക്കേഭാഗം ജോസച്ചൻ വായാട്ടുപറമ്പിൽ ദിവ്യബലി അർപ്പിക്കാൻ വരാറുണ്ടായിരുന്നു. ചെമ്പേരിയിലെ

www.malankaralibrary.com

ക്രൈസ്തവ സമൂഹത്തെപ്പറ്റി അറിഞ്ഞ അദ്ദേഹം വായാട്ടുപറമ്പിൽ നിന്നും കാട്ടിലൂടെ നടന്ന് ചെമ്പേരിയിലുമെത്തി. പുളിക്കൽ ജോസഫിന്റെ ഭവനത്തിൽ ആദ്യത്തെ ദിവ്യബലി അർപ്പിച്ചു. 1947ലെ ക്രിസ്മസ് ദിനത്തിലായിരുന്നു ഈ സംഭവം... ദേവാലയവും വൈദികനേയുമൊക്കെ ലഭിച്ചതോടെ കുടിയേറ്റം ശക്തിപ്പെട്ടു. മലയോരങ്ങളിൽ ധാരാളം ചെറുകുടിലുകളും ഉയർന്നു തുടങ്ങി. റോഡുകളും മറ്റും നിർമ്മിക്കപ്പെട്ടു 'ചെമ്പേരി വാൻ' എന്ന പേരിൽ കണ്ണൂർ വരെ ഒരു വാഹനവും ഓടിത്തുടങ്ങി" (*ദൈവം നമ്മോടു കൂടെ* പേജ് 219-220).

കുടിയേറ്റ വിജയത്തിന്റെ അടിസ്ഥാന കാരണം മാനവ സാഹോദര്യവും അതു പകർന്ന കൂട്ടായ യത്നവുമായിരുന്നു. അത്തരമൊരു മുഹൂർത്തം പിതാവ് റിപ്പോർട്ട് ചെയ്യുന്നുണ്ട്: "കുടിയേറ്റക്കാരുടെ ശക്തി വെളിപ്പെട്ട ഒരു സംഭവമായിരുന്നു. പേരാമ്പ്ര-കുറ്റ്യാടി റോഡുകളുടെ നിർമ്മാണം. റോഡ് ഉത്ഘാടനം ചെയ്യാൻ മലബാർ കളക്ടറും കോഴിക്കോട് ബിഷപ്പ് പ്രൊസേർപ്പിയോയും മറ്റു പ്രമുഖരും ഉണ്ടായിരുന്നു. വഴിക്ക് തോണി മറിഞ്ഞ് വസ്ത്രമെല്ലാം നനഞ്ഞതിനാൽ മുണ്ടും ഷർട്ടും ധരിച്ചാണ് മെത്രാൻ വേദിയിൽ വന്നത്. ഉത്ഘാടനവേളയിൽ കുടിയേറ്റക്കാരുടെ കഴിവിനെ അത്ഭുതത്തോടെ എല്ലാവരും പ്രശംസിക്കുകയുണ്ടായി" (*ദൈവം നമ്മോടു കൂടെ* പേജ് 102).

കുടിയേറ്റത്തിന്റെ ആത്മാവായി നിന്നത് അചഞ്ചലമായ ദൈവവിശ്വാസവും കഠിനാദ്ധ്വാനത്തിനുള്ള ഉറച്ച മനസ്സുമായിരുന്നു. രണ്ടിനെയും ഊതിക്കത്തിച്ചത് പള്ളിയും അച്ചൻമാരുമായിരുന്നു: "ചെറുപുഴയിൽ ഏതാനും കത്തോലിക്കർ താമസിച്ചു തുടങ്ങിയിട്ടുണ്ടെന്ന വിവരം പയ്യന്നൂർ പുഞ്ചക്കാടു പള്ളിയിലെ വികാരിയായിരുന്ന ജെയിംസ് മൊന്തനാരിയച്ചൻ അറിഞ്ഞു. ചെറുപുഴയിൽ ആത്മീയതയുടെ നാളം കൊളുത്തിയത് അദ്ദേഹമാണ്. 1951ൽ മൊന്തനാരിയച്ചൻ ചെറുപുഴയിൽ എത്തുകയും പുഞ്ചക്കുന്നേൽ തോമസിന്റെ ഭവനത്തിൽ ആദ്യ ബലിയർപ്പണം നടത്തുകയും ചെയ്തു. തുടർന്ന് മാസത്തിൽ ഒരിക്കൽ ഇവിടെയെത്തി ഏതെങ്കിലും ഭവനത്തിൽ ഇത് തുടർന്നു. പലപ്പോഴും പയ്യന്നൂരിൽ നിന്ന് നടന്നാണ് അദ്ദേഹം എത്തിയിരുന്നത്. കുർബ്ബാനക്കുള്ള എല്ലാ ഉപകരണങ്ങളും നിറച്ച ഭാണ്ഡം ഒരു ചുമലിലും സ്വന്തവസ്ത്രങ്ങളും കഴിക്കാനുള്ള റൊട്ടിക്കഷ്ണങ്ങളും ഉള്ള മറ്റൊരു ഭാണ്ഡം മറ്റേച്ചുമലിലുമായി നരച്ച ഒരു ശീലക്കുടയും തൊപ്പിയും നീട്ടിവളർത്തിയ താടിയും വെളുത്തു ചുവന്ന ശരീരവുമായി ഇടക്കിടയ്ക്ക് പ്രത്യക്ഷപ്പെടുന്ന അച്ചനെ കാണുന്നത് തന്നെ ദൈവിക സാന്നിധ്യം ഉണർത്തിയിരുന്നു. പൊരിവെയിലോ പെരുമഴയോ യാത്രാക്ലേശമോ ഒന്നും വകവെക്കാതെ രാജഗിരിവരെ അദ്ദേഹം തന്റെ മക്കളെ തേടിയെത്തുമായിരുന്നു" (*ദൈവം നമ്മോടു കൂടെ* പേജ് 250).

ഇപ്പോൾ കുടിയിറക്കത്തിന്റെ നാളുകളാണ്. കുടിയിറക്കത്തിന്റെയും കാർഷിക മേഖലയുടെ അപജയത്തിന്റെയും കാരണങ്ങൾ അന്വേഷിക്കാൻ പള്ളിയും അച്ചന്മാരും മുൻകൈ എടുക്കണം. എങ്കിൽ മറ്റൊരു മനുഷ്യവിജയഗാഥയ്ക്ക് തുടക്കം കുറിക്കാൻ സഭയ്ക്കാകും. കാരണം മറ്റൊന്നുമല്ല, "ദൈവം നമ്മോടു കൂടെ".

പത്രാധിപർ

www.malankaralibrary.com

# ഉള്ളടക്കം


12

## മലബാറിന്റെ ജോഷ്വാ

കുടിയേറ്റക്കാലത്ത് മലബാറിന്റെ മോസസായിരുന്ന വള്ളോപ്പിള്ളി പിതാവിനുശേഷം ജോഷ്വായുടെ ദൗത്യമേറ്റെടുത്തിരിക്കുകയാണ് മാർ റമീജിയൂസ് ഇഞ്ചയാനി. കുടിയിറക്കമുണർത്തുന്ന അജപാലന സമസ്യകളെ പ്രായോഗികതയുടെ താക്കോലിട്ട് തുറക്കാനുള്ള ശ്രമത്തിലാണ് ഈ ഇടയൻ . അഭിമുഖം: ഫാ. മാർട്ടിൻ ശങ്കൂരിക്കൽ.

15

## കാർഷിക കുടിയേറ്റങ്ങളുടെ ചരിത്രവഴി.

ബ്രിട്ടീഷുകാരാണ് ഭൂമി കേന്ദ്രീകൃതമായ രീതി വളർത്തിയെടുത്തത്. കാർഷിക വിപ്ലവത്തിന്റെ മുൻനിരക്കാർ അവരായിരുന്നു. ആ പശ്ചാത്തലത്തിലാണ് തദ്ദേശീയ കാർഷിക മുന്നേറ്റങ്ങൾ രൂപപ്പെട്ടത്. കാർഷിക കുടിയേറ്റങ്ങളുടെ ഇന്നുവരെയുള്ള ചരിത്രത്തിന്റെ വിശകലനം നടത്തുകയാണ് CDS ലെ അസി. പ്രൊഫസറായ വി. ജെ. വർഗീസ്.

21

## കുടിയേറ്റം ബൈബിൾ വീക്ഷണത്തിൽ

ബൈബിളിൽ ആവർത്തിക്കുന്ന പ്രതിഭാസങ്ങളാണ് കുടിയേറ്റവും കുടിയിറക്കവും. അബ്രഹാമിന്റെ യാത്രമുതൽ ബാബിലോണിലേക്കുള്ള നാടുകടത്തൽ വരെ നീളുന്നതാണിത്. ഇവയുടെ ആത്മീയദർശനങ്ങളിലേക്ക് ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ വെളിച്ചം വീശുന്നു.






22

25

## മലയോര ഗ്രാമങ്ങളിൽ നിന്നു കുടിയിറക്കമോ?


കുടിയേറ്റം രൂപംകൊടുത്ത രൂപതയാണ് തലശ്ശേരി അതിരൂപത. ഇപ്പോൾ കുടിയിറക്കം ഏറ്റവുമധികം ബാധിച്ചിരിക്കുന്നത് തലശ്ശേരിയെ തന്നെയാണ്. കുടിയിറക്കത്തിന്റെ പിന്നാമ്പുറങ്ങളെക്കുറിച്ച് ഡോ. ജോർജ് കുടിലിൽ എഴുതുന്നു.


29

## കാർഷിക പശ്ചാത്തലം

കുടിയേറ്റത്തിന്റെ പിറകിൽ കാർഷിക കാരണങ്ങളായിരുന്നതുപോലെ തന്നെയാണ് കുടിയിറക്കത്തിന്റെയും പിന്നിലേക്ക് തിരിഞ്ഞുനോക്കിയാലും. കുടിയിറക്കത്തിന്റെ പശ്ചാത്തലങ്ങളെക്കുറിച്ച് ഡോ. അബ്രഹാം പാലത്തിങ്കലിന്റെ ലേഖനം.

www.malankaralibrary.com










03 എഡിറ്റോറിയൽ

08 പ്രതികരണങ്ങൾ

46 അന്ത്യവിധി

35

**യാഗവേദിയിൽ**

കടവന്ത്ര സെന്റ് സെബാസ്റ്റ്യൻ ചർച്ചിന്റെ വികാരിയാണ് ഫാ. വിൻസെന്റ് വാരിയത്ത്. അദ്ദേഹം തന്റെ തനിമയാർന്ന അജപാലന രീതികൾ പങ്കുവെയ്ക്കുകയാണ് ഇവിടെ.

38

**ആത്മീയ തീവ്രവാദങ്ങൾ**

ഞാൻ ശരി നീ തെറ്റ് എന്ന ചിന്താരീതി തീവ്രവാദത്തിന്റെ ആത്മാവാണ്. ആത്മീയ മേഖലയിൽ പ്രത്യക്ഷപ്പെടുന്ന തീവ്രവാദത്തിന്റെ ലക്ഷണങ്ങൾ ഏതൊക്കെയാണ്? ഇതിനുള്ള പ്രതിവിധി എന്താണ്? പ്രതികരിക്കുന്ന വിശ്വാസത്തിൽ ഡോ. മാത്യു ഇല്ലത്തുപറമ്പിൽ എഴുതുന്നു.

32

**പ്രതിവിധികൾ**

കുടിയേറ്റമേഖലയിലെ കാർഷിക പ്രതിസന്ധികൾക്കുള്ള പ്രതിവിധികൾ എന്തൊക്കെയാണ്? സഭാസമൂഹത്തിനും നേതൃത്തിനും ഈ രംഗത്ത് എന്തൊക്കെ ചെയ്യാനാവും? താമരശ്ശേരി പാസ്റ്ററർ കൗൺസിൽ മെമ്പറായ അഗസ്റ്റിൻ മഠത്തിപറമ്പിൽ വിശദീകരിക്കുന്നു.

41

**വിവാഹം ആശീർവ്വദിക്കൽ**

വിവാഹം ഒരു കൂദാശയാണ്. വിവാഹാശീർവ്വാദത്തിന് സഭ വ്യക്തമായ മാർഗ്ഗരേഖകൾ നല്കിയിട്ടുമുണ്ട്. വിവാഹത്തിന്റെ കാനോനികക്രമത്തെക്കുറിച്ച് വിശദീകരണം നല്കുന്നത് ഡോ. ജോസ് ചിറമേൽ, ഇത്തവണത്തെ കാനോനിക്കൽ കൗൺസെലിൽ.

www.malankaralibrary.com

# പ്രതികരണങ്ങൾ

കാരുണികനിലെ വിഭവങ്ങളോട് പ്രതികരിക്കുന്നവർ സമൂഹത്തിന്റെ ഉന്നത ശ്രേണിയിലുള്ളവർ മുതൽ സാധാരണക്കാർ വരെയുണ്ട്. ക്രിയാത്മകമായ ഒരു ചർച്ചയാണ് പ്രതികരണങ്ങളിലൂടെ പുറത്തുവരുന്നത്. വായനക്കാരുടെ ഏതു പ്രതികരണവും ബഹുമാനപൂർവ്വം സ്വീകരിക്കാനും മാന്യമായി അവതരിപ്പിക്കാനുമുള്ള പ്രതിബദ്ധത ഞങ്ങൾ വീണ്ടും ഏറ്റുപറയുന്നു. തുറന്ന ആശയപ്രകടനത്തിലൂടെയും പ്രതിപക്ഷ ബഹുമാനത്തോടെയുമുള്ള സംവാദത്തിലൂടെയും സമൂഹത്തിലെ മൂല്യശ്രേണിക്ക് ക്രിസ്തീയമായ ദിശാബോധം നൽകുന്ന പ്രക്രിയയിൽ നാം പങ്കുചേരുകയാണ്.




## അന്ത്യവിധി

കാരുണികൻ മാസികയുടെ സ്ഥിരം വായനക്കാരിയാണ് ഞാൻ. എന്റെ ഏറ്റവും ഇഷ്ട വിഭവം അവസാനത്തെ പേജിലെ അന്ത്യവിധിയും. സാധാരണ വായനക്കാരെ പോലും ഇരുത്തിചിന്തിപ്പിക്കുന്ന ഈ വിഭവം എപ്പോഴും ആശയസമ്പുഷ്ടമാണ്. ചെറിയ ഒരു പേജിൽ നാട്ടിൽ പ്രധാനമായും നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ വളരെ ചുരുക്കി ലളിതമായ ഭാഷയിൽ അവതരിപ്പിക്കുന്ന ശൈലി വളരെ ആകർഷണീയമാണ്. കേരളത്തിലെ ഭരണനേട്ടങ്ങളെക്കുറിച്ചുള്ള കഴിഞ്ഞമാസത്തെ അന്ത്യവിധി സാധാരണക്കാരന് മനസ്സിലാകുന്ന രീതിയിൽ ലളിതമായിരുന്നു. ചുരുങ്ങിയ വാക്കുകളിൽ രാജ്യത്തെ സാമൂഹികവും രാഷ്ട്രീയവും മതപരവും മാധ്യമപരവുമായ കാര്യങ്ങളെ വിശകലനം ചെയ്തുകൊണ്ടുള്ള മനുഷ്യപുത്രന്റെ വിശകലനം നിത്യവും തുടരട്ടെ. ആശംസകൾ!

**സി. ഷീല കെ.**
ബാംഗ്ലൂർ

## ജീവൻ എന്ന ദാനം

'ജീവൻ' വളരെ കാലികമായ ഒരു വിഷയമായി തോന്നി. എല്ലാ തുറകളിലും ജീവൻ ചവിട്ടിമെതിക്കപ്പെടുന്ന ഒരു അവസ്ഥയാണ് കാണുന്നത്. മനുഷ്യന് പരസ്പരബഹുമാനം നഷ്ടപ്പെട്ടു. അതോടൊപ്പം പ്രകൃതിയോടുള്ള ആദരവും. എന്തൊക്കെയോ വെട്ടിപ്പിടിക്കുവാനുള്ള പാച്ചിലിൽ ചവിട്ടിമെതിക്കപ്പെടുക ബലഹീനമായ ജീവിതങ്ങൾ തന്നെ. ശിശുക്കളോടും പ്രായമായവരോടുമുള്ള ക്രൂരത കൂടിവരുന്നു. സ്വന്തം 'സുഖ'ത്തിന് വിലങ്ങുതടികളായി നില്ക്കുന്നവരായാണ് പലരും ഇവരെ കാണുന്നത്. ജീവന്റെ പരിശുദ്ധിയേയും സംരക്ഷണത്തേയും കുറിച്ച് ബോധവത്ക്കരിക്കുവാൻ സഭാനേതൃത്വത്തിന് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**മോളിക്കുട്ടി ജയിംസ്**
പാമ്പാടി

## ജീവനെതിരായുള്ള ഭീഷണി

ജീവനെതിരായുള്ള ഭീഷണികളെക്കുറിച്ച് ഒരു വൈദികനും ഒരു അത്മായനും ഒപ്പത്തിനൊപ്പം പ്രതിപാദിച്ചത് ഏറെ ഹൃദ്യമായി തോന്നി. ക്രിസ്തുവിന്റെ മൂല്യങ്ങൾ മുറുകെപ്പിടിക്കുന്നവർക്ക് ജീവന്റെ ഭീഷണികളെ തൃണവത്ക്കരിക്കുവാൻ കഴിയുകയില്ല. സ്വന്തം താത്പര്യങ്ങൾ മാത്രം മുന്നിൽ നിർത്തി 'ഉപയോഗിച്ച് എറിഞ്ഞ് കളയുന്ന' ഉപഭോഗസംസ്ക്കാരത്തിന്റെ അടിമകളായി മാറിക്കൊണ്ടിരിക്കുകയാണ് യേശുശിഷ്യരും. ഏറ്റവും സുരക്ഷിതമെന്നു കരുതപ്പെട്ടിരുന്ന ഗർഭപാത്രം പോലും ഇന്നു കൊലക്കളമായി മാറിക്കഴിഞ്ഞിരിക്കുന്നു. സഭയുടെ ശ്രദ്ധ അടിയന്തിരമായി പതിയേണ്ട മേഖലയാണിത്. മനുഷ്യന് ഉപയോഗപ്രദമായ രീതിയിൽ സഭാനിയമങ്ങളെ പഠിപ്പിച്ച് യേശുവിനെപ്പോലെ അവ വിശകലനം ചെയ്ത് ആധുനികലോകത്തിന്റെ 'വെളിച്ച'മാകുവാൻ സഭയ്ക്ക് കഴിഞ്ഞിരുന്നെങ്കിൽ.

**പീറ്റർ സാം**
തിരുവല്ല.

www.malankaralibrary.com

## ജീവിത മാതൃക

"അന്ധകാരത്തെ പഴിക്കുന്നതിലും നന്ന് ഒരു ചെറുതിരി കൊളുത്തുന്നതാണ്" എന്ന് ജീവിതം കൊണ്ട് സമർത്ഥിക്കുന്ന ഏതാനും വ്യക്തികളെ ആഗസ്റ്റ് ലക്കം കാരുണികൻ പരിചയപ്പെടുത്തിത്തന്നതിന് നന്ദി. പ്രത്യാശ നഷ്ടപ്പെട്ട നമ്മുടെ സമൂഹത്തിൽ ഈ വ്യക്തികളും പ്രസ്ഥാനങ്ങളും എല്ലാവർക്കും മാതൃകയാവേണ്ടതാണ്. ഇനിയും ഇതുപോലെ യേശുവിന്റെ വചനം പ്രാവർത്തികമാക്കുന്നവരുടെ 'കഥകൾ' പ്രതീക്ഷിക്കുന്നു.

**റോസ് കുര്യൻ**
കടപ്ലാമറ്റം

## അബോർഷനെന്ന ക്രൂരത

ഞാൻ പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ ബയോളജി അധ്യാപിക അബോർഷനെ സംബന്ധിച്ച ഒരു വീഡിയോ കാണിച്ചുതന്നു. ആ കാഴ്ചയുടെ നടുക്കം ഇന്നും എന്നെ വിട്ടുമാറിയിട്ടില്ല. കത്രിക ഗർഭപാത്രത്തിൽ കടത്തി 'വളരുന്ന ജീവനെ' വെട്ടിനുറുക്കി കളയുക, സക്ഷൻ പമ്പ് ഉപയോഗിച്ച് ജീവനെ വലിച്ചെടുത്തുകളയുക, കെമിക്കൽ ഉപയോഗിച്ച് ശ്വാസം മുട്ടിച്ചുകൊല്ലുക... ഇത്തരം ക്രൂരമായ ഒരു പ്രവൃത്തിയാണ് അബോർഷൻ എന്ന് എല്ലാവരേയും ചെറുപ്രായത്തിൽ ത്തന്നെ കാണിച്ചുകൊടുക്കേണ്ടതാണെന്ന് തോന്നുന്നു. നമ്മുടെ സ്ഥാപനങ്ങൾക്ക് ഇത് സാധിക്കുന്നില്ലെങ്കിൽ പിന്നെ ആർക്കാണ് സാധിക്കുക?

**ഗ്ലോറിയ സൈമൺ**
കോഴിക്കോട്

## വാർദ്ധക്യം

വാർദ്ധക്യം ഇത്ര വേദനാജനകമായ അവസ്ഥയിലൂടെയും കടന്നുപോകുന്നു എന്ന് എനിക്ക് മനസ്സിലാക്കി തന്ന കാരുണികന് ഒരുപാടു നന്ദി. വയസ്സായവരുടെ പിടിവാശികൾക്കും കോപത്തിനും മുമ്പിൽ ഞാൻ അസഹിഷ്ണത കാണിച്ചിട്ടുണ്ട്. അതിന്റെ പിന്നാമ്പുറം ഇത്രയ്ക്കും ആഴമുള്ളതണെന്ന് എനിക്കിപ്പോൾ മനസ്സിലായി. ഒരു ജീവിതം മുഴുവൻ മക്കൾക്കും സ്വന്തപ്പെട്ടവർക്കും വേണ്ടി അധ്വാനിച്ചവരാണ് കേരളത്തിലെ ഭൂരി




പക്ഷം മാതാപിതാക്കളും. വാർദ്ധക്യത്തിൽ 'എനിക്കാരുമില്ല, എന്നെ ആർക്കും വേണ്ട' എന്ന അവസ്ഥ തീർത്തും വേദനാജനകമാണ്. പുതിയ തലമുറയിൽ ഈ അവബോധം ഉണ്ടാക്കിക്കൊടുക്കാൻ വിദ്യാഭ്യാസ മേഖലയിലുള്ള നമ്മുടെ അധ്യാപകർക്ക് (വൈദികരും, സന്യസ്തരുമുൾപ്പെടെ) സാധിക്കണം.

**ഗ്ലോറിയ സൈമൺ**
കോഴിക്കോട്

## കൂടൊഴിയുന്നവർ

കാലികവും പ്രസക്തവുമായ ഒരു പ്രശ്നമാണ് ജൂലൈ ലക്കം കാരുണികനിൽ ഡോ. സിപ്രിയൻ ഇല്ലിക്കമുറി വിശകലനം ചെയ്തത്. സഭയിൽ നിന്ന് കൂടൊഴിയുന്നവരുടെ എണ്ണം കൂടിവരുന്നു എങ്കിലും ഈ പ്രതിഭാസത്തെക്കുറിച്ച് വ്യക്തമായ ധാരണകളോ, അജപാലനശൈലികളോ ഇന്നും രൂപപ്പെട്ടു കാണുന്നില്ല. 'ഇന്നത്തെ സുഖം' തേടുന്ന മനുഷ്യന് യേശുക്രിസ്തുവിന്റെ രക്ഷ എങ്ങനെ വ്യക്തിപരമായും സാമൂഹ്യമായും നേടാം എന്ന് കാണിച്ചുകൊടുക്കത്തക്ക രീതിയിൽ സഭാ നേതൃത്വം ഉണരണം. കഴിഞ്ഞകാലത്തിന്റെ അസ്ഥികൂടങ്ങളിൽ തൂങ്ങിക്കിടന്നുകൊണ്ട് മനുഷ്യന് ഉപകരി

www.malankaralibrary.com

## വാർദ്ധക്യവും വൃദ്ധരുടെ പ്രശ്നങ്ങളും

ആ ഓഗസ്റ്റ് മാസത്തിലെ കാരുണികനിൽ വാർദ്ധക്യത്തെപ്പറ്റിയും വൃദ്ധരുടെ പ്രശ്നങ്ങളെപ്പറ്റിയും എഴുതിയിരിക്കുന്ന ലേഖനം വളരെ വിലപ്പെട്ടതും കാലികവുമായിക്കാണുന്നു. ഒരു വ്യക്തി വൃദ്ധനായി കഴിയുമ്പോൾ ആർക്കും വേണ്ട എന്ന അവസ്ഥയാണ് നമ്മുടെ സമൂഹത്തിലുള്ളത്. ഇടവകതലത്തിൽ പോലും പ്രായമായവരെ പരിഗണിക്കുന്നതായി കാണുന്നില്ല. യൗവ്വനകാലത്ത് പള്ളിയിൽ കൈക്കാരനായും, കമ്മിറ്റി അംഗമായും മറ്റും ആത്മാർത്ഥമായി സേവനം ചെയ്ത പലർക്കും അവർ പ്രായമായപ്പോൾ പള്ളിയിൽ വികാരിയച്ചന്റെയടുക്കൽ പോലും യാതൊരു പരിഗണനയും ഇല്ലാതെ വരുന്നത് വേദനാജനകമാണ്. പണമോ മറ്റ് സാമ്പത്തിക സഹായമോ ആവശ്യപ്പെട്ടില്ലെങ്കിൽ പോലും അവഗണന വേദനിപ്പിക്കുന്നതാണ്. ഇടവകകളിൽ ചെറുപ്പക്കാർക്ക് പരിപാടികൾ ഉണ്ട്, കുട്ടികൾക്കുണ്ട്, സ്ത്രീകൾക്കുണ്ട്. പ്രായമായാൽ പിന്നെ ഒന്നിനുംകൊള്ളുകയില്ലെന്ന രീതിയിലുള്ള സമീപനമാണ്.

ഞാൻ ചില നിർദ്ദേശങ്ങൾ പറയുകയാണ്

1. ഓരോ ഇടവകയിലും 60 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ ഒരു പട്ടിക തയ്യാറാക്കുക; 2. അച്ചന്റെ മുറിയോടു ചേർന്ന് ഒരു മുറി ഉപയോഗിക്കാനായി അവർക്ക് കൊടുക്കുക; 3. മാസത്തിൽ ഒരിക്കലെങ്കിലും അവർക്ക് ഒരു സെമിനാർ നടത്തുക; 4. മനസ്സുള്ളവർക്ക് പള്ളിയുമായി ബന്ധപ്പെട്ട എന്തെങ്കിലും ഉത്തരവാദിത്വം കൊടുക്കുക; 5. യുവജനങ്ങളുടെ സെമിനാറുകളിലും പരിപാടികളിലും അവർക്കും താത്പര്യമുണ്ടെങ്കിൽ പങ്കെടുക്കട്ടെ. അവരുടെ ജീവിതാനുഭവങ്ങൾ വിശദീകരിക്കുവാൻ അവസരം കൊടുക്കണം; 6. ഏതു പരിപാടിയും വികാരിയും ഒന്ന് രണ്ട് കന്യാസ്ത്രീകളും മാത്രം നടത്തുന്ന രീതി ശരിയല്ല എന്നു ധരിക്കുക; 7. അവർക്ക് അനുവദിക്കപ്പെട്ടിരിക്കുന്ന മുറിയിൽ വൈകുന്നേരങ്ങളിൽ വരുന്നതിനും എന്തെങ്കിലും വിനോദങ്ങളിൽ ഏർപ്പെടുന്നതിനും അനുവദിക്കുക; 8. വിശുദ്ധരുടെ പെരുന്നാളുകളിലും മറ്റും വിശുദ്ധരെപ്പറ്റി പഠിച്ച് സംസാരിക്കുവാൻ വേദി ഉണ്ടാക്കുക; 9. ഏകാന്തത, ഭയം എന്നിവ മാറികിട്ടുവാൻ അവരെ ബോധവത്ക്കരിക്കുക; 10. ഒന്നിടവിട്ട ഞായറാഴ്ചകളിലെങ്കിലും ഒരു പ്രാർത്ഥനാ കൂട്ടായ്മ നടത്തുക; 11. പിതാക്കന്മാർ ധാരാളം ഇടയലേഖനങ്ങൾ പുറപ്പെടുവിക്കാറുണ്ട്. മേൽ വിവരിച്ച ആശയങ്ങൾ ഉൾപ്പെടുത്തി ഒരു ഇടയലേഖനം ഇറക്കുവാനോ അത് പ്രാവർത്തികമാക്കുവാനോ ഏതെങ്കിലും പിതാവ് തയ്യാറായിരുന്നെങ്കിൽ

എല്ലാ പരിപാടികളും വികാരിയച്ചന്റെ നിയന്ത്രണത്തിൽ മതി.

ഏകാന്തതമൂലം വിഷമിക്കുന്ന വളരെയധികം വൃദ്ധജനങ്ങൾ ഉണ്ട്. അവരെ അതിൽ നിന്നും മുക്തരാക്കുവാൻ നമുക്കു ശ്രമിക്കാം.

ഇതിലൊന്നും പങ്കെടുക്കാത്തവരും, വിമർശിക്കുന്നവരും കാണും. അതു കണക്കിലെടുക്കുകയേ വേണ്ട. നന്മ കാണുന്നവരും പങ്കെടുക്കുന്നവരുമായിരിക്കും അധികവും. മലയാളിയെ സംബന്ധിച്ച് കുറ്റം കണ്ടുപിടിക്കലാണല്ലോ ഏറ്റവും താത്പര്യമുള്ള കാര്യം.

**ഒ. ഡി. ജോസഫ്**, റിട്ട. ഡപ്യൂട്ടി കളക്ടർ
കരിമണ്ണൂർ

ക്കാത്ത തത്വങ്ങളും ഉപദേശങ്ങളും നല്കിക്കൊണ്ടിരുന്നാൽ സഭ ദുഃഖിക്കേണ്ടിവരും. യേശുവിന്റെ സുവിശേഷം ഇന്നും എന്നും പുതുമയുള്ളതാണ്. ആ പുതുമ സഭാമക്കളുടെ ജീവിതത്തിലേയ്ക്ക് കൊണ്ടുവരുവാനും 'സാബത്ത് മനുഷ്യന് വേണ്ടി' യാക്കുവാനും സഭയിലെ അജപാലകർക്ക് കഴിഞ്ഞിരുന്നെങ്കിൽ എന്ന് ആശിച്ചുപോകുന്നു. ഈ വിഷയം വിദഗ്ദമായി അവതരിപ്പിച്ച സിപ്രിയനച്ചനും കാരുണികനും നന്ദി.

**ക്ലമന്റ് വൈ. എം**, ചങ്ങനാശ്ശേരി

www.malankaralibrary.com

## മരണ സംസ്ക്കാരത്തിന്റെ വീട്ടുവേല

"മരണ സംസ്ക്കാരത്തിന്റെ വീട്ടുവേല"ക്കാരെ കുറിച്ച് ഡോ. കെ. എം ഫ്രാൻസീസ് എഴുതിയ ലേഖനം എന്റെ മനസ്സിലേക്ക് ഒരായിരം ഓർമ്മകൾ തള്ളിക്കൊണ്ടുവന്നു. ഒരു പൊതുസമ്മേളനം. സമൂഹത്തിലെ അഴിമതി എങ്ങനെ നിർമ്മാർജനം ചെയ്യാം, എന്നതാണ് വിഷയം. ആഫീസർമാർ കൈക്കൂലി വാങ്ങുന്നതും വിഷയമായി. അവസാനം സ്ഥലത്തെ ഒരു 'ഫൈവ് സ്റ്റാർ' സ്ക്കൂളിലെ റവ. പ്രിൻസിപ്പൽ കൈക്കൂലിയെക്കുറിച്ച് അടിപൊളി പ്രസംഗം.

ഇനി സദസ്യരുടെ ഊഴമായി. ഹാളിന്റെ മധ്യഭാഗത്തുനിന്ന് ഒരു മധ്യവയസ്കൻ സാവകാശം മൈക്കിനു മുമ്പിലെത്തി. "ഞാൻ കൈമടക്കു മേടിക്കാറുണ്ട്. അതിപ്പോഴാണ്. കഴിഞ്ഞ കൊല്ലംവരെ അതില്ലായിരുന്നു. കഴിഞ്ഞ വർഷം ഞാൻ എന്റെ മകനെ കോളേജിൽ ചേർക്കാൻ ചെന്നു. ബഹു. പ്രിൻസിപ്പലച്ചൻ ചോദിച്ചത് വെറും 40,000 രൂപ. തുക കൊടുക്കാൻ പറ്റാത്ത ഞാൻ ഔട്ടായി. എന്റെ അയൽവക്കത്തുള്ള മറ്റുമതസ്ഥരുടെ കുട്ടികൾ കോളേജിലേക്കു പോയപ്പോൾ എന്റെ മകൻ വീട്ടിൽ. പിന്നീട് ഞാനവനെ ഒരു പാരലൽ കോളേജിലേക്കയച്ചു.

പക്ഷെ, ഇന്ന് കൈക്കൂലി വാങ്ങുന്ന ഞാനാണോ കോളേജിലെ പ്രിൻസിപ്പൽ ആണോ അഴിമതിക്കാരൻ?" ഈ ചോദ്യം സദസ്സിനെ നിശ്ശബ്ദതയിലാക്കി. നമ്മുടെ സഭാസ്ഥാപനങ്ങളിൽ മക്കളെ പഠിപ്പിക്കണം എന്നു പിതാക്കന്മാർ പറയുമ്പോഴും അവിടെ എല്ലാവർക്കും അഡ്മിഷൻ കിട്ടുന്നുണ്ടോ, അതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ?

തന്റെ സ്കൂളിലെ അധ്യാപിക മൂന്നാമതും ഗർഭിണിയാവുമ്പോൾ പ്രിൻസിപ്പലമ്മാർക്കുപോലും രസിക്കാറില്ല. അഞ്ചാമതും ഗർഭിണിയായ ഒരു അദ്ധ്യാപികയുടെ അവസാനത്തെ കുഞ്ഞ് ബധിരനായി ജനിച്ചു. അമ്മയുടെ മാനസികാഘാതം ഏറ്റുവാങ്ങിയ ശിശു. ക്രിസ്തീയ സമൂഹത്തിന് ഒരു ആത്മശോധന ആവശ്യമല്ലേ?

**മാത്യു ജോർജ്,**
കോഴിക്കോട്

## മാനസികാരോഗ്യം

മാനസികാരോഗ്യത്തെക്കുറിച്ചുള്ള ഡോ. ആന്റണി മണ്ണാർക്കുളത്തിന്റെ വിചിന്തനം വളരെ ശ്രദ്ധേയമായി. ആരോഗ്യം എന്ന് വെച്ചാൽ ശരീരത്തിന്റെ സുസ്ഥിതി എന്ന് കരുതുന്നവരാണ് നമ്മളിൽ അധികവും.

ഇന്ന് ആരോഗ്യഭീഷണി ശരീരത്തെ മാത്രമല്ല ബാധിച്ചിരിക്കുന്നത്. സമൂഹത്തിൽ അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കുന്ന പിരിമുറുക്കം മനുഷ്യന്റെ മാനസിക സ്വസ്ഥത നഷ്ടപ്പെടുത്തുന്നു. കേരളത്തിലെ വർദ്ധിച്ചുവരുന്ന ആത്മഹത്യാനിരക്കും ഇതിലേക്ക് തന്നെയാണ് വിരൽചൂണ്ടുന്നത്.

കേരളത്തിൽ 20 മുതൽ 35 ശതമാനം വരെ ആളുകൾ വിവിധ തരത്തിലുള്ള ഞരമ്പുരോഗങ്ങൾക്ക് അടിമകളാണ്. എന്നാൽ മാനസികമായ വിഷമതകൾ അനുഭവിക്കുന്നവരോട് നമ്മുടെ സമൂഹം അവജ്ഞയോടെയാണ് പെരുമാറുന്നത്.

ശാരീരിക വൈകല്യങ്ങളെപ്പോലെ തന്നെ കരുതലോടെ ശ്രദ്ധിക്കപ്പെടേണ്ടവയാണ് മാനസിക വൈകല്യങ്ങളും. പ്രത്യേകിച്ച് നമ്മുടെ കുഞ്ഞുങ്ങൾ സ്നേഹമുള്ള കുടുംബാന്തരീക്ഷത്തിൽ വളരുന്നു എന്ന് നമ്മൾ ഉറപ്പുവരുത്തണം. മാനസികാരോഗ്യത്തിന് അവശ്യമായ ഘടകം സ്നേഹം തന്നെയാണ്.

പണം ഉണ്ടെങ്കിൽ എല്ലാമായി എന്ന് കരുതുന്നവരുടെ എണ്ണം കൂടി വരുന്ന നമ്മുടെ നാട്ടിൽ നല്ല മൂല്യങ്ങളോടുള്ള ആഭിമുഖ്യം വളർത്തിയെടുക്കേണ്ടതും ആവശ്യമാണ്. ഈ മേഖലയിലാണ് സഭയ്ക്ക് ഏറെ ചെയ്യാൻ കഴിയുക.

സഭാ സമൂഹത്തിന്റെ സേവനം ഏറ്റുചൊല്ലി സ്വയം സമർപ്പിച്ച ബഹുമാനപ്പെട്ട വൈദീകരും സിസ്റ്റേഴ്സും ഇക്കാര്യം വളരെ ഗൗരവത്തോടെ മനസ്സിലാക്കുകയും തങ്ങളുടെ പ്രവർത്തനങ്ങളെ ഒരു സ്നേഹസംസ്ക്കാരം കെട്ടിപ്പടുക്കുന്ന രീതിയിൽ ആക്കുകയും വേണം. കുടുംബങ്ങളോടുള്ള അവരുടെ സൗഹൃദം ഇവിടെ വളരെ പ്രധാനപ്പെട്ടതാണ്. സഭ ഈ രംഗത്ത് ചെയ്തുകൊണ്ടിരിക്കുന്ന പ്രശംസനീയമായ സേവനങ്ങളെ അഭിനന്ദിക്കുകയും ചെയ്യുന്നു.

**ഹെലൻ ഐ. വി**
കൊച്ചി

www.malankaralibrary.com



# മലബാറിന്റെ ജോഷ്വാ

മാർ റെമീജിയോസ് ഇഞ്ചനാനി | ഫാ. മാർട്ടിൻ ശങ്കൂരിക്കൽ

ദാർശനികനായ മങ്കുഴിക്കരി പിതാവിനും ചിറ്റിലപ്പിള്ളി പിതാവിനും ശേഷം കുടിയേറ്റജനതയ്ക്ക് മണ്ണിന്റെ മണമുള്ളൊരിടയൻ! കുടിയേറ്റക്കാലത്ത് മലബാറിന്റെ മോസസായിരുന്ന വള്ളോപ്പിള്ളി പിതാവിനുശേഷം ജോഷ്വായുടെ ദൗത്യമേറ്റെടുത്തിരിക്കുകയാണ് മാർ റെമീജിയോസ് ഇഞ്ചനാനി. കുടിയേറ്റ ജനതയുടെ വിയർപ്പിന്റെ വിലയും, നെഞ്ചിന്റെ പിടച്ചിലും, വിശ്വാസത്തിന്റെ ആഴവും തൊട്ടറിഞ്ഞ ഈ ഇടയൻ കുടിയിറക്കമുണർത്തുന്ന അജപാലനസമസ്യകളെ പ്രായോഗികതയുടെ താക്കോലിട്ട് തുറക്കാനുള്ള ശ്രമത്തിലാണ്.

■ പിതാവിന്റെ കുടുംബസാഹചര്യങ്ങളെക്കുറിച്ചുള്ള സ്മരണകൾ?

അപ്പനും അമ്മയും എട്ട് മക്കളുമടങ്ങുന്ന വലിയൊരു കുടുംബമാണ് എന്റേത്. അപ്പനും അമ്മയ്ക്കും എൺപത് വയസ്സ് കഴിഞ്ഞു. അരീക്കോട് സ്കൂളിലായിരുന്നു എന്റെ പ്രാഥമിക വിദ്യാഭ്യാസം. തലശ്ശേരി രൂപതയ്ക്കുവേണ്ടിയാണ് ഞാൻ സെമിനാരിയിൽ ചേർന്നത്. കോട്ടയം വടവാതൂർ സെമിനാരിയിലെ പഠനശേഷം 1977 ജൂൺ 11 ന് പൗരോഹിത്യം സ്വീകരിച്ചു. കാനൻ ലോയിലാണ് ഉപരിപഠനം നടത്തിയത്.

■ കുടിയേറ്റജനതയുടെ ഇടയനായിട്ടാണ് പിതാവ് ഇപ്പോൾ അഭിഷിക്തനായിരിക്കുന്നത്. കുടിയേറ്റത്തെക്കുറിച്ചുള്ള പിതാവിന്റെ ഓർമ്മകൾ എന്തൊക്കെയാണ്?

എന്റെ അപ്പനാണ് മലബാറിലേയ്ക്ക് കുടിയേറിയത്. "കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും ദൈവം നമ്മിൽ നിന്ന് മറഞ്ഞിരിക്കുകയില്ല" എന്ന പ്രവാചകവചനം കുടിയേറ്റക്കാർ നെഞ്ചിലേറ്റിയ ഒന്നാണ്. എട്ടാമത്തെ വയസ്സിലാണ് ഞാനാദ്യമായി ഒരു വാഹനം കാണുന്നത്. ഞങ്ങൾക്കു ദേവാലയമൊന്നുമുണ്ടായിരുന്നില്ല. പുല്ല് മേഞ്ഞ ഒരു ഷെഡിലായിരുന്നു ആദ്യകാലത്ത് കുർബാന നടന്നിരുന്നത്. അതും മാസത്തിലൊരിക്കൽ! കഷ്ടപ്പാടും ദുരിതങ്ങളുമുണ്ടായിരുന്നെങ്കിലും ദൈവാശ്രയബോധം ഏറ്റവും ശക്തമായുണ്ടായിരുന്ന ഒരു കാലഘട്ടമായിരുന്നത്. ഒരു തേങ്ങയും ഇത്തിരി ഉണക്കമീനുമുണ്ടെങ്കിൽ ഒരാഴ്ചത്തെ ഭക്ഷണമായി. എനിക്കാകെ ഉണ്ടായിരുന്നത് രണ്ടുജോടി വസ്ത്രം മാത്രമാണ്. മണ്ണിനോടും മലമ്പനിയോടും മല്ലടിച്ചു ജീവിച്ച ആ കാലഘട്ടം വിശ്വാസത്തിലാഴപ്പെടാൻ കുടിയേറ്റക്കാരെ വളരെ സഹായിച്ചിട്ടുണ്ട്.

■ കുടിയേറ്റക്കാരുടെ ആത്മീയ - ഭൗതിക സുസ്ഥിതിയിലും മലബാറിന്റെ വികസനത്തിലും സഭയുടെ റോൾ എന്തായിരുന്നു?

മലബാറിന്റെ പ്രാദേശിക വികസനത്തിന്റെ ചരിത്രമെഴുതുമ്പോൾ സഭയെ മാറ്റിനിർത്തിയുള്ള ഒരു ചരിത്രമെഴുത്ത് അസാധ്യമാണ്. ഓരോ ഇടവക

www.malankaralibrary.com



യിലെയും വികാരിയച്ചന്മാരാണ് മലബാർ വികസന ത്തിന്റെ അഗ്രഗാമികൾ. എന്റെ വീടിരിക്കുന്ന ഭാഗ ത്തേക്കൊന്നും സ്ഥിരം റോഡുണ്ടായിരുന്നില്ല. വികാ രിയച്ചൻ മുൻകൈയ്യെടുത്താണ് റോഡ് വെട്ടിയതും, വെട്ടിയ റോഡ് ഗതാഗതയോഗ്യമാക്കിയതും. ഇലക്ട്രി സിറ്റിയും പോസ്റ്റ് ഓഫീസും ബാങ്കും സ്കൂളുമൊക്കെ കൊണ്ടുവന്ന് ഓണംകേറാമൂലകളെ ജീവിതയോഗ്യ മാക്കിയതിനു പിന്നിൽ സഭയും വൈദികരുമാണ് ഏറ്റവുമധികം അധ്വാനിച്ചത്. അവർണ്ണനേയും സവർ ണ്ണനേയും സമത്വബോധത്തിന്റെ നെഞ്ചിലിരുത്തി പഠിപ്പിച്ച സഭതന്നെ സമസ്ത ജനപഥങ്ങൾക്കുമായി സാമൂഹ്യവികസനത്തിന്റെ രാജവീഥിയുമൊരുക്കി.

■ "മലബാറിന്റെ മോസസ്" എന്നറിയപ്പെടുന്ന വള്ളോപ്പിള്ളി പിതാവിനെ മാറ്റിനിർത്തി മല ബാറിന്റെ ചരിത്രമെഴുതാനാകില്ല. സഭാചരിത്ര ത്തിലെ ഈ അതികായനെപ്പറ്റിയുള്ള പിതാ വിന്റെ ഓർമ്മകളെന്തൊക്കെയാണ്?

വള്ളോപ്പിള്ളി പിതാവിന്റെ ജീവിതം എനിക്കിന്നു മൊരു അത്ഭുതമാണ്. തികഞ്ഞ ഗാന്ധിയനായിരുന്ന അദ്ദേഹം തീർത്തും ലളിതജീവിതമാണ് നയിച്ചിരു ന്നത്. 1953 ൽ തലശ്ശേരി രൂപത പ്രഖ്യാപിക്കുമ്പോൾ പാലക്കാട് മുതൽ ഷിമോഗവരെയായിരുന്നു അതിന്റെ അതിരുകൾ. കാറ്റത്തുലയുന്ന തിരിനാളം പോലെയാ യിരുന്ന കുടിയേറ്റജനതയെ ആത്മവിശ്വാസത്തി ന്റെയും, ദൈവാശ്രയബോധത്തിന്റെയും നേർരേഖ യിൽ അണിനിരത്തി എന്നതാണ് വള്ളോപ്പിള്ളി പിതാ വിന്റെ മഹത്വം. അമരാവതി കുടിയിറക്ക കാല ത്തൊക്കെ ടെന്റുകെട്ടി ആഴ്ചകളോളം കുടിയേറ്റക്കാ രുടെ കൂടെ താമസിച്ച മഹാനാണദ്ദേഹം. കുടിയിറക്ക ത്തിനെതിരെയുള്ള സമരത്തിൽ എ. കെ. ജിയോ ടൊപ്പം അദ്ദേഹവും മുൻനിരപ്പോരാളിയായി. കുടിയേ റ്റക്കാരെ തകർക്കുന്ന മദ്യവിപത്തിനെതിരെ അദ്ദേഹം സന്ധിയില്ലാസമരം നടത്തി. വാഹനസൗകര്യമില്ലാ തിരുന്ന കാലഘട്ടത്തിൽ മൈലുകൾ താണ്ടി വിശ്വാ സികളുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റാൻ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. ശരിക്കും ഒരത്ഭുത മാണദ്ദേഹം.

■ കുടിയേറ്റത്തിന്റെ കാലം കഴിഞ്ഞു. ഇപ്പോൾ കുടിയിറക്കമാണ്. മലമ്പ്രദേശങ്ങളിൽ നിന്നും സ്ഥലം വിറ്റ് ആളുകൾ ടൗണുകളിലേയ്ക്കിറ ങ്ങുകയാണ്. ഈ കുടിയിറക്കം സൃഷ്ടിക്കുന്ന അജപാലനപരമായ പ്രശ്നങ്ങളെന്തൊക്കെ യാണ്?

കുടിയിറക്കത്തിന്റെ ട്രന്റ് ആരംഭിച്ചിട്ട് ഏകദേശം പത്ത് വർഷത്തോളമായി. അതിന് പലകാരണങ്ങ ളുണ്ട്. മെച്ചപ്പെട്ട വിദ്യാഭ്യാസവും ജീവിതസൗകര്യ ങ്ങളും നഗരത്തിലേക്കിറങ്ങാൻ ജനത്തെ പ്രേരിപ്പിച്ചി ട്ടുണ്ട്. കൃഷി ലാഭകരമല്ലാത്ത ഒരേർപ്പാടായി മാറി യതും, പുതിയ തലമുറ വൈറ്റ്കോളർ ജോലികൾക്കു പുറകെ മാത്രം പോകുന്നതും വിദേശത്തേക്കുള്ള കുടിയേറ്റവും, കുടിയിറക്കത്തിന്റെ കാരണങ്ങൾതന്നെ. വിദേശ പണത്തിന്റെ കുത്തൊഴുക്കും ഭൂമിയാണ് ഏറ്റ വും സുരക്ഷിതമായ നിക്ഷേപമെന്ന തിരിച്ചറിവും സമീപകാലത്ത് കേരളത്തിലുണ്ടായ റിയൽ എസ്റ്റേറ്റ് ബൂമും കുടിയിറക്കത്തിന്റെ കാരണങ്ങളാണ്.

കുടിയിറക്കം അജപാലനപരമായ പല പ്രശ്ന ങ്ങളും സൃഷ്ടിക്കുന്നുണ്ട്. 1950 കളിൽ സ്ഥാപിക്കപ്പെട്ട പല ഇടവകകളും അടച്ചുപൂട്ടൽ ഭീഷണി നേരിടുക യാണ്. ആളില്ലാത്തതിനാൽ ഊരകം പള്ളിയിലുണ്ടാ യിരുന്ന അച്ചനെ രൂപത പിൻവലിച്ചു. അവിടെയി പ്പോൾ ഞായറാഴ്ച കുർബ്ബാന മാത്രമേയുള്ളൂ. അതു

www.malankaralibrary.com

പോലെ കുടുംബങ്ങളിലെ കുട്ടികളുടെ എണ്ണത്തിൽ വന്ന കുറവും ഇടവകക്കൂട്ടായ്മകളുടെ ചലനാത്മകത കുറച്ചിട്ടുണ്ട്.

■ **കുടിയിറക്കിനെ പിതാവെങ്ങനെ കാണുന്നു? പരിഹാരമാർഗ്ഗങ്ങളായി രൂപത എന്തു നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത്?**

കുടിയിറക്കിനെ ഞാൻ പോസിറ്റീവായിട്ടാണ് കാണുന്നത്. ഒരു കാലത്ത് അതിജീവനത്തിനും ഉപജീവനത്തിനുമായി കുടിയേറിയവർ മെച്ചപ്പെട്ടതും മനുഷ്യോചിതവുമായ ജീവിതാവസ്ഥകളിലേയ്ക്ക് തിരിച്ചുപോകുന്ന പ്രക്രിയയാണീ കുടിയിറക്കം. ഇതിനു പരിഹാരമായി ടൗണുകളിൽ കൂടുതൽ ഇടവക പള്ളികൾ സ്ഥാപിച്ചുവരികയാണ്. ആദ്യകാലത്ത് കോഴിക്കോട് പട്ടണത്തിൽ രണ്ടു പള്ളികളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ 9 ഇടവക പള്ളികളായി അതു വർദ്ധിച്ചു. താമരശ്ശേരി രൂപത 1986-ൽ സ്ഥാപിക്കപ്പെടുമ്പോൾ പള്ളികളില്ലാതിരുന്ന മലപ്പുറം, വടകര, പെരിന്തൽമണ്ണ, എന്നീ ചെറുപട്ടണങ്ങളിലെല്ലാം ഇന്ന് പള്ളികൾ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞു. Church Centered People ൽ നിന്നും വത്തിക്കാൻ കൗൺസിൽ People Centered Church ലേക്കുള്ള മാറ്റമായി ഇതിനെ വ്യാഖ്യാനിക്കുന്നവരുമുണ്ട്.

■ **സഭ - രാഷ്ട്രീയ ബന്ധങ്ങളിൽ അതിർത്തിലംഘനങ്ങളെന്നും വിവാദങ്ങളാകാറുണ്ട്. സഭാരാഷ്ട്രീയബന്ധത്തിലെ അതിർത്തിയുടെ പരിധികളെക്കുറിച്ച് പിതാവിന്റെ അഭിപ്രായമെന്താണ്? അതോ ഇതൊരു സാങ്കൽപിക അതിർത്തിയാണോ?**

റഷ്യൻ നോവലിസ്റ്റും നോബൽ സമ്മാനജേതാവുമായ അലക്സാണ്ടർ സോൾഷെനിറ്റ്സിൻ പറയുന്നത് ഈ അതിർത്തിരേഖ കടന്നുപോകുന്നത് രാഷ്ട്രങ്ങൾക്കിടയിലൂടെയോ, പാർട്ടികൾക്കിടയിലൂടെയോ, സമുദായങ്ങൾക്കിടയിലൂടെയോ അല്ല മറിച്ച് മനുഷ്യഹൃദയങ്ങൾക്കിടയിലൂടെ എന്നാണ്. സഭ ഒരു സമുദായശക്തിയോ സമ്മർദ്ദ ഗ്രൂപ്പോ ആണെന്ന ചില സമകാലിക വെളിച്ചപ്പാടന്മാരുടെ കണ്ടെത്തലുകളോട് എനിക്ക് യോജിപ്പില്ല. സഭ ലോകത്തിന്റെ മനഃസാക്ഷിയാണ്; മാനവികതയുടെ ശബ്ദമാണ്. അതിനാൽ ത്തന്നെ പക്ഷംപിടിക്കാതെ ലോകത്തിന് രുചിപകരുന്ന ധാർമ്മികതയുടെ ഉപ്പാകണം സഭ. രാഷ്ട്രീയത്തിലുള്ള അമിതമായ ഇടപെടലുകളും, അതിർത്തിലംഘനങ്ങളും സഭയ്ക്ക് ഭൂഷണമല്ല. ധാർമ്മിക മൂല്യങ്ങളുടെ സംരക്ഷണത്തിനായി ജാഗ്രതയുടെ പ്രതിരോധമാണ് സഭ ഉയർത്തേണ്ടത്. അർത്ഥമില്ലാത്ത വാചകമേളകളും, തരംതാണ തർക്ക-വിതർക്കങ്ങളും സഭയുടെ വിലയിടിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

■ **പൊതുസമൂഹത്തിന്റെ ശോഷണം പ്രതിരോധിക്കപ്പെടേണ്ട ഒരു തിന്മയല്ലേ?**

കേരളത്തിലെ പൊതുസമൂഹത്തിന്റെ ശോഷണത്തിനു പുറകിൽ പ്രധാനമായും രണ്ടുകാരണങ്ങളാണുള്ളത്. ഒന്ന്, രാഷ്ട്രീയക്കാർ മത-സമുദായങ്ങളെ വെറും വോട്ട് ബാങ്കായി മാത്രം കാണാൻ തുടങ്ങി. തത്ഫലമായി ഭിന്നിപ്പിച്ചു ഭരിക്കുക (Divide and Rule) എന്ന വെള്ളക്കാരന്റെ തരംതാണതന്ത്രം കൗശലക്കാരായ രാഷ്ട്രീയനേതാക്കളും ഇവിടെ പയറ്റാൻ തുടങ്ങി.

> കാറ്റത്തുലയുന്ന തിരിനാളം പോലെയായിരുന്ന കുടിയേറ്റജനതയെ ആത്മവിശ്വാസത്തിന്റെയും, ദൈവാശ്രയബോധത്തിന്റെയും നേർരേഖയിൽ അണിനിരത്തി എന്നതാണ് വള്ളോപ്പിള്ളി പിതാവിന്റെ മഹത്വം.

ആത്മീയത, മതമൗലികവാദമായും, പിന്നെ വർഗ്ഗീയതയും, തീവ്രവാദവുമായൊക്കെ മാറാൻ തുടങ്ങിയെന്നതാണ് പൊതുസമൂഹത്തിന്റെ ശോഷണത്തിന്റെ രണ്ടാമത്തെ കാരണം.

■ **താമരശ്ശേരി രൂപതയെ സംബന്ധിച്ചുള്ള പിതാവിന്റെ സ്വപ്നമെന്താണ്?**

സ്നേഹത്തിൽ വേരുപാകി അടിയുറയ്ക്കുക എന്നതാണെന്റെ ആപ്തവാക്യം (motto). "അവരുടെയിടയിൽ ദരിദ്രരുണ്ടായിരുന്നില്ലെന്ന" അപ്പസ്തോല വചനം എന്റെ സ്വപ്നമാവും. അതു യാഥാർത്ഥ്യമാകുമ്പോൾ ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെയെന്ന യേശു വചനവും യാഥാർത്ഥ്യമാകും. ■

www.malankaralibrary.com



# കാർഷിക കുടിയേറ്റങ്ങളുടെ ചരിത്രവഴി

വി.ജെ. വർഗ്ഗീസ്
*Assistant Professor, Centre for development Studies (CDS), Prasanth Nagar, Ulloor, Trivandrum 695 011*

ബ്രിട്ടീഷുകാരാണ് ഭൂമികേന്ദ്രീകൃതമായ വികസന രീതി വളർത്തിയെടുത്തത്. കാടും മലയും കൃഷിഭൂമികളാക്കിയ കാർഷിക വിപ്ലവത്തിന്റെ മുൻനിരക്കാർ അവരായിരുന്നു. ആ പശ്ചാത്തലത്തിലാണ് തദ്ദേശിയ കാർഷിക മുന്നേറ്റങ്ങൾ രൂപപ്പെട്ടത്. കാർഷിക കുടയേറ്റങ്ങളുടെ ഇന്നുവരെയുള്ള ചരിത്രത്തിന്റെ ഒരു വിശകലനം.

മണ്ണുതേടിയുള്ള കാർഷിക കുടിയേറ്റങ്ങൾ ആധുനിക കേരളചരിത്രത്തിന്റെ സുപ്രധാനമായൊരു ഏടാണ്. കേരളം ഉണ്ടാകുന്നതിനുമുമ്പ് ഇരുപതാം നൂറ്റാണ്ടിന്റെതുടക്കത്തിൽ ആരംഭിച്ച പ്രസ്തുത പ്രയാണങ്ങൾ സംസ്ഥാന രൂപീകരണത്തിന് ശേഷവും ഏതാണ്ട് എഴുപതുകളുടെ തുടക്കം വരെ തുടർന്നു. മധ്യവടക്കുകിഴക്കൻ തിരുവിതാംകൂറിലും മലബാറിലും 'ഉപയോഗിക്കപ്പെടാതെ കിടന്ന ലക്ഷക്കണക്കിനേക്കർ സ്ഥലങ്ങൾ മനുഷ്യപ്രയത്നത്തിനും കൃഷിക്കും കീഴിലാവുന്നത് പ്രസ്തുതകുടിയേറ്റങ്ങൾ വഴിയാണ്.

## ചെറുകിട കർഷകർ

കേരളത്തിന്റെ കാർഷിക വ്യവസ്ഥയെ മുതലാളിത്തത്തിലേക്ക് ആനയിക്കുന്ന തിൽ സുപ്രധാനമായൊരു പങ്കുവഹിച്ച ഈ കുടിയേറ്റങ്ങളിൽ പങ്കാളികളായത് ഏറെയും ചെറുകിടക്കാരായ കർഷകരായിരുന്നു. വൻകിടക്കാരും തോട്ടം മുതലാളിമാരും തീരെയില്ലെന്നല്ല. എങ്കിലും, ഇന്ത്യയിലെ കാർഷിക മുതലാളിത്തത്തിന്റെ പൊതുചരിത്രത്തിൽ നിന്ന് ഭിന്നമായി കർഷക പ്രമാണിമാരായ ചെറു കർഷകരാണ് ഈ മാറ്റം ഏറെയും സാധ്യമാക്കിയത്.

'പാഴാ'യും 'ശൂന്യ'മായും കിടന്ന ഇടങ്ങളെ കൃഷിയുടെയും ഉൽപാദനത്തിന്റെയും 'സുഫലസ്ഥല'ങ്ങളായി പരിവർത്തിപ്പിക്കുന്നതിൽ പ്രധാനപങ്കുവഹിച്ചത് സുറിയാനി ക്രിസ്ത്യാനികളായ കർഷകരാണ്. മുമ്പ് വ്യാപാരത്തിലും രാജ്യരക്ഷയിലും ഏർപ്പെട്ടിരുന്ന അവർ 'പുരോഗമന കർഷകർ' എന്നമട്ടിൽ കേരളത്തിന്റെ ആധുനികതയിൽ സ്വീകാര്യത നേടിയതും ഇതുവഴിയാണ്.

www.malankaralibrary.com



## ബ്രിട്ടീഷുകാർ

ഭൂമി കേന്ദ്രീകൃതമായ ഒരു പുതിയ വികസന വ്യവഹാരത്തിന്റെ രൂപീകരണചരിത്രവുമായി ഈ കുടിയേറ്റങ്ങൾ ബന്ധപ്പെട്ടുകിടക്കുന്നു. മുതിലിറക്കുന്നതിനും പുരോഗതി കൈവരിക്കുന്നതിനും ഭൂമിയെ ഉപയോഗപ്പെടുത്താമെന്ന സാമ്പത്തിക തിരിച്ചറിവിന് പാശ്ചാത്ത്യ ലോകത്തുണ്ടായ കാർഷിക വിപ്ലവവുമായും ആധുനികതയുമായും അടുത്ത ബന്ധമുണ്ട്. കൃഷിയും കഠിനാധ്വാനവും ഈ വികസന വ്യവഹാരത്തിന്റെ ചേരുവകകളായി. ബ്രിട്ടീഷുകാരുടെ ഇങ്ങോട്ടേക്കുള്ള വരവിന് ശേഷമാണ് മലയാളി മനസ്സ് അത്തരമൊരു പ്രത്യയശാസ്ത്രപരമായ വീണ്ടു വിചാരത്തിലേക്ക് നീങ്ങുന്നത്. ഭൂമിയുടെ വികസന- സാമ്പത്തിക-മൂല്യത്തെക്കുറിച്ചുള്ള പുതുകാഴ്ചകൾ സാധ്യമാകുന്നത് ബ്രിട്ടീഷ്കാർകൂട്ടിക്കൊണ്ടു വന്ന പുതിയ സാമ്പത്തിക- കാർഷിക വ്യവസ്ഥകളാണ്. കൊളോണിയൽ വികസനത്തിന്റെ രാഷ്ട്രീയ- സാമ്പത്തിക പരിഗണനകൾ കാടുതെളിച്ച് 'പാഴ്ഭൂമി'കൾ മെരുക്കിയെടുത്ത് കാർഷികവ്യാപനം സാധ്യമാക്കേണ്ട ഒരു ഉത്പാദന വ്യവസ്ഥ ഉണ്ടാകേണ്ടതും അനിവാര്യമാക്കി.

ബ്രിട്ടീഷ്കാരുടെ തെക്കനേഷ്യയിലേക്കുള്ള വരവു തന്നെ കാടിനോടുള്ള ഒരുതരം പ്രത്യയശാസ്ത്ര വൈരവുമായാണ്. അവരുടെ കാർഷിക-സൈനിക ചരിത്രങ്ങളിലാണതിന്റെ ഉറവ. കാർഷിക വിപ്ലവത്തിന്റെ പ്രകരണത്തിൽ മരം മുറിച്ചൊഴിവാക്കുന്നതും 'പാഴ്'ഭൂമികളെ വീണ്ടെടുത്ത് കൃഷിയിറക്കുന്നതും മുന്നേറ്റത്തിന്റേയും പുരോഗതിയുടെയും അടയാളമായാണ് അവർ കണ്ടത്. അവരുടെ കാഴ്ചയിൽ മനുഷ്യന്റെ കാൽക്കീഴിലാകാത്ത കാടും മണ്ണും മനുഷ്യാലസതയുടെ സാക്ഷ്യപത്രങ്ങളായിരുന്നു.

ഐറിഷ് കലാപനാളുകളിൽ കലാപകാരികൾ കാടുകൾ ഒളിത്താവളങ്ങളാക്കിയതുമൂലം കാട് നിയമലംഘകരുടെയും കൊള്ളക്കാരുടെയും വാസകേന്ദ്രങ്ങളാണെന്ന ധാരണ ഉറയ്ക്കുകയും ചെയ്തു. അരക്ഷിതവും, വന്യവും, അപരിഷ്കൃതവുമായ ഇടുങ്ങിയ കാടുകൾ തകർന്നുവീണു. ഇന്ത്യൻ ഭൂവിഭാഗത്തിനു മേലുള്ള ബ്രിട്ടീഷ് ഇടപെടലുകളിൽ കാടുകളോടും 'പാഴ്' നിലങ്ങളോടും അവർ പുലർത്തിയിരുന്ന അത്തരമൊരു സാംസ്ക്കാരിക ശത്രുതയുടെ ഭാരമുണ്ട്.

തിരുവിതാംകൂർ പരോക്ഷ കൊളോണിയസത്തിൻ കീഴിൽ വന്നതിനു ശേഷം നടത്തപ്പെട്ട 'ശാസ്ത്രീയ' സർവ്വേയുടെ കാര്യം തന്നെ പരിഗണിക്കുക. നാട്ടുരാജ്യത്തെ സമ്പൂർണമായി അറിയുക എന്ന പദ്ധതി

www.malankaralibrary.com

പ്രകാരമായിരുന്നു പ്രസ്തുത സർവ്വേ. ബ്രിട്ടീഷ് സർവ്വയർമാരായ വാർഡും, കോണറും പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ നടത്തിയ സർവ്വേ തിരുവിതാംകൂറിന്റെ ഭൂപ്രദേശത്തെ കണ്ടത് മുൻസൂചിപ്പിച്ച മട്ടിലായിരുന്നു. 'അറിയാനു'ള്ള ആ 'അന്വേഷണം' ഭൂവിഭാഗങ്ങളെ സംബന്ധിച്ച ബ്രിട്ടീഷ് കാഴ്ചകളുടെ പകർത്തലുകളായി മാറി.

വന്യമായൊരു സ്ഥലരൂപമായാണ് അവർ തിരുവിതാംകൂറിന്റെ ഭൂപ്രദേശത്തെ കണ്ടത്. കാട് നാടിനെ വിഴുങ്ങി മുന്നേറുന്ന ആശാസ്യമല്ലാത്ത സ്ഥിതി! ഉപയോഗപ്പെടുത്താതെ കിടക്കുന്ന കുന്നുകളും മലഞ്ചെരിവുകളും വനങ്ങളും സർവ്വേയർമാരെ ഒരേസമയം അത്ഭുതപ്പെടുത്തുകയും ആനന്ദിപ്പിക്കുകയും ചെയ്തു. വന്യവും നിഗൂഢവുമായ അത്തരം ഭൂവിഭാഗങ്ങൾ കീഴ്പ്പെടുത്തണമെങ്കിൽ 'പ്രാകൃത'മായ കാർഷിക രീതികളോ സാമ്പ്രദായികമായ വിളകളോ 'മടിമൂടിയ' കാർഷികശക്തിയോ മതിയാവില്ല എന്നതും അവർക്കു തീർച്ചയായിരുന്നു. സ്വന്തം ഭക്ഷണത്തിനായി മാത്രം പ്രധാനമായും കൃഷി നടത്തുന്ന നാട്ടിൽ പരദേശീയ വിളകൾ പരീക്ഷിക്കേണ്ടത് ഭൂമിയെ മെരുക്കുന്നതിൽ നിർണായകമാണെന്ന് അവർ കണ്ടു.

കാടുകളായും, മലഞ്ചെരിവുകളായും, പാഴിടങ്ങളായും കിടന്നിരുന്ന അത്തരം 'ശൂന്യ'സ്ഥലങ്ങളിൽ പാശ്ചാത്യരായ സംരംഭകരുടെ തോട്ടങ്ങൾ താമസിയാതെ ഉയർന്നുവന്നു. തിരുവിതാംകൂറിന്റെ രാജാധികാരത്തെ അതിനോടകം തന്നെ ബ്രിട്ടീഷ്കാർ വരുതിയിലാക്കിയിരുന്നു. തിരുവിതാംകൂറിലെ മലകളും മലഞ്ചെരിവുകളും പാശ്ചാത്യതോട്ടമുടമകളുടെ 'സാഹസികത'യ്ക്കും നെഞ്ചുറപ്പിനും 'കഠിനാദ്ധ്വാനത്തിനും' മുൻപിൽ മുട്ടുമടക്കി. കാപ്പിയും, സിങ്കോണയും, തേയിലയുംകൊണ്ട് മനുഷ്യപെരുമാറ്റം ഏൽക്കാതെ കിടന്നിരുന്ന പ്രദേശങ്ങൾ ഫലപുഷ്ടമായി.

രാഷ്ട്രീയാധികാരം ചോർന്നുപോയ നാട്ടുരാജ്യം ഈ മാറ്റങ്ങൾക്ക് പൂർണ പിന്തുണ നൽകാൻ നിർബന്ധിതമായി. ലേലം ചെയ്ത് ആദായവിലയ്ക്ക് ഭൂമി തോട്ടം ഉടമകൾക്ക് നൽകുന്നതിനു പുറമേ സൗജന്യമായും ഭൂമി കൈമാറ്റം ചെയ്യപ്പെട്ടു. കണ്ണൻദേവൻ മലകൾ കൈമാറ്റം ചെയ്യപ്പെട്ടതോർക്കുക. ഇതിനൊക്കെ പുറമേ അനുവാദം ഇല്ലാതെ ഭൂമി കയ്യേറുകയുമുണ്ടായി. അങ്ങനെ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം വരെ ബ്രിട്ടീഷ് സംരംഭകർക്ക് പൂർണ്ണമേൽക്കോയ്മയുള്ള രംഗമായി തുടർന്നു തിരുവിതാംകൂറിലെ തോട്ടം മേഖല. എന്നാൽ അത്തരം വിദേശ സംരംഭങ്ങൾ സ്വന്തം മണ്ണിനേയും പ്രകൃതിയേയും ഒരു പുതിയ രീതിയിൽ കാണാൻ തദ്ദേശിയരെ പഠിപ്പിച്ചു.

## തദ്ദേശീയ മുന്നേറ്റങ്ങൾ

ബ്രിട്ടീഷ് തോട്ടമുടമകളെ പോലെ തങ്ങൾക്കും മെരുങ്ങാതെ കിടക്കുന്ന ഭൂപ്രദേശങ്ങൾ എന്തുകൊണ്ട് കീഴടക്കി ജീവസന്ധാരണം നടത്തുകയോ, സമ്പന്നരാവുകയോ ചെയ്തുകൂടാ എന്നതായി അവരുടെ ചിന്ത. ഇന്നാട്ടുകാരുടെ തോട്ടകൃഷിയിലേക്കുള്ള കടന്നുവരവിനെ സഹായിക്കുന്ന ഇടപെടലുകൾ തിരുവിതാം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായി. നികുതി ഇളവുകളും ചെടിവിതരണവും തോട്ടം പിടിപ്പിക്കുന്നതിനുള്ള പരിശീലനവുമൊക്കെയാണ് തുടക്കത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായത്.

എന്നാൽ 1865-ലെ പാട്ടവിളംബരത്തോടെ കഥയാകെ മാറിമറിഞ്ഞു. തിരുവിതാംകൂർ കർഷകന്റെ 'മാഗ്നാകാർട്ടയായി' വിലയിരുത്തപ്പെടുന്ന പ്രസ്തുത വിളംബരം സർക്കാർ വക സ്ഥലത്തെ കുടിയാൻമാർക്ക് സമ്പൂർണ്ണ ഭൂവുടമസ്ഥാവകാശം നൽകി.

### അബദ്ധം

പുളിങ്കുന്നുകാരൻ ഇട്ടിവക്കീൽ 1925- ലോ '27 - ലോ കോളയാട്ടു സ്ഥലം വാങ്ങി പപ്പായ കൃഷി ആരംഭിച്ചു. പപ്പായയുടെ കറ കയറ്റി അയക്കാനുള്ള പരിശ്രമം പാഴായതിനാൽ, കപ്പ കൃഷി ആരംഭിച്ചു. കൊഴുത്തലാഭം കിട്ടുമെന്ന ദ്ദേഹം കരുതി. കപ്പ നന്നായി വിളഞ്ഞു. പക്ഷേ, വിഷക്കിഴങ്ങുകളായി മലബാറിലുള്ളവർ കരുതിയിരുന്ന ആ സാധനം ആർക്കും വേണ്ട. വാശി മൂത്ത വക്കീൽ ലോറി വാടകയ്ക്കെടുത്തു കപ്പ പറിച്ചു തലശ്ശേരിയിലെത്തിച്ചു. അവിടെയും ആരും വാങ്ങാനുണ്ടായിരുന്നില്ല. ഒടുവിൽ നിരാശപ്പെട്ട് എല്ലാം ഉപേക്ഷിച്ച് മടങ്ങിപ്പോവുകയും ചെയ്തു.
**മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി**, *ദൈവം നമ്മോടു കൂടെ*, പേജ് 107

www.malankaralibrary.com

ഭൂമിയുടെമേൽ സ്വകാര്യ ഉടമാസ്ഥാവകാശം സാധ്യമാക്കിയ ഈ ഇടപെടൽ 'ലഭ്യ'മായ ഭൂമി വെട്ടിത്തെളിച്ച് സ്വന്തം വരുതിയിലാക്കാനുള്ള സ്വകാര്യ താൽപര്യങ്ങളെ പ്രോത്സാഹിപ്പിച്ചു. റബ്ബർ കൃഷിയുടെ വരവോടെ ചെറുകിട കർഷകർക്ക് പോലും തോട്ടങ്ങൾ സ്ഥാപിക്കുകയോ തങ്ങളുടെ വലുതല്ലാത്ത കൈവശ ഭൂമിയിൽ പ്രസ്തുത കൃഷി ചെയ്യുകയോ എളുപ്പമായി.

വൻമുതൽമുടക്ക് ആവശ്യമില്ലെന്നു മാത്രമല്ല, കുടുംബത്തിന്റെ തൊഴിൽ ശക്തികൊണ്ടുതന്നെ കൃഷി മുന്നോട്ടു കൊണ്ടുപോകാമെന്നായി. 1930-ആകുമ്പോഴേയ്ക്കും റബ്ബർകൃഷിയുടെ ആകെ വിസ്തൃതിയിൽ തദ്ദേശിയർ യൂറോപ്യൻ തോട്ടമുടമകളെ മറികടന്നു. മണ്ണുതേടിയുള്ള ഒരു മഹാപ്രസ്ഥാനമായി ക്രമേണ അത് വളർന്നതോടെ കാടുവെട്ടിയും, മലമെരുക്കിയും, കൃഷിചെയ്ത് വളരാനുമുള്ള വെമ്പൽ ശക്തമായി.

1930-കൾ മുതൽ കാടും, മലയും, പാഴ്സ്ഥലങ്ങളും കീഴടക്കാനുള്ള ശ്രമങ്ങൾക്ക് സാമ്പത്തികവും ജീവസന്ധാരണപരവുമായ കൂടുതൽ നിർബന്ധങ്ങളുമുണ്ടായി. വൻതോതിലുള്ള ജനസംഖ്യാവർദ്ധനവും ആഗോള സാമ്പത്തികമാന്ദ്യവും, തൊഴിലില്ലായ്മയും, ഭക്ഷ്യ ക്ഷാമവും,ലോകമഹായുദ്ധങ്ങളുണ്ടാക്കിയ കെടുതികളും, പട്ടിണിയുമൊക്കെ കൂടുതൽ കൂടുതൽ ആളുകളെ പ്രകൃതിയെ കൃഷികൊണ്ട് കീഴടക്കി മുന്നേറാൻ പ്രേരിപ്പിച്ചു.

ഇതിനിടയ്ക്ക് നെൽകൃഷിയെ അവഗണിച്ചത് വലിയ വിനയായി. 1821-ൽ 4,74,240 ഏക്കർ നെൽകൃഷിയുണ്ടായിരുന്നത് 1921 ആകുമ്പോളേയ്ക്കും 6,57,040 ഏക്കർആയി വർദ്ധിച്ചു. എന്നാൽ 1947 ആയപ്പോൾ അത് 6,21,944 ഏക്കർ ആയി ചുരുങ്ങി. എന്നാൽ ജനസംഖ്യയാവട്ടെ 1830-കളിലെ 13ലക്ഷത്തിൽ നിന്ന് 1922-ൽ 39ലക്ഷത്തിലേയ്ക്കും;1951 ആകുമ്പോഴേയ്ക്കും 72ലക്ഷത്തിലേയ്ക്കും കുതിച്ചുയർന്നു. 1970-കൾ വരെ നെല്ലും, അരിയും കയറ്റുമതിചെയ്തിരുന്ന തിരുവതാംകൂർ ജനങ്ങളെ പോറ്റാൻ നെല്ലും, അരിയും വൻതോതിൽ ഇറക്കുമതി ചെയ്യാൻ തുടങ്ങി.

1920-കൾ ആകുമ്പോഴേയ്ക്കും ആകെ ഇറക്കുമതി

## റാണിപുരം ഇടവക



2009- സെപ്റ്റംബറിലാണ് കോട്ടയം ശ്രീപുരം രൂപതയ്ക്ക് കീഴിലുള്ള റാണിപുരം ഇടവകയുടെ വികാരിയാക്കി പിതാവ് എന്നെ നിയമിച്ചത്. അഞ്ചുവർഷം മുമ്പുവരെ 48 വീട്ടുകാരുണ്ടായിരുന്ന ഇടവകയിൽ ഞാൻ ചെല്ലുമ്പോൾ 20 വീട്ടുകാരേ ഉണ്ടായിരുന്നുള്ളൂ. പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലത്തിപ്പോൾ മൂന്നു കുടുംബങ്ങളും ഒരു മഠവുമാണുള്ളത്. 1969-ലാണ് കോട്ടയം രൂപത കാസർഗോഡ് ജില്ലയിലെ റാണിപുരത്ത് 798 ഏക്കർ സ്ഥലം വാങ്ങിയത്. ഇവിടേയ്ക്കാണ് രൂപതയുടെ സഹായത്തോടെ ആളുകളെ കുടിയേറ്റിയത്. എന്നാൽ ഇന്ന് നാല്പതു വർഷങ്ങൾക്കുമുമ്പുള്ള ആ കുടിയേറ്റത്തെ വിശകലനം ചെയ്യുമ്പോൾ അത് തീർത്തും പരാജയമായിരുന്നുവെന്ന് പറയാതെ വയ്യ.

കേരള-കർണ്ണാടക വനാതിർത്തിയിലുള്ള റാണിപുരത്ത് രൂപത വാങ്ങിയ മുഴുവൻ സ്ഥലത്തും ആളുകളെ പാർപ്പിക്കാൻ അന്ന് കഴിഞ്ഞില്ല. അതേ തുടർന്ന് വനഭൂമിയാണെന്ന് സ്ഥാപിച്ച് സർക്കാർ 384 ഏക്കർ ഭൂമി പിടിച്ചെടുത്തു. ഇവിടുത്തെ കാലാവസ്ഥയും കാട്ടുമൃഗശല്യവും ജനജീവിതം ദുസഹമാക്കി. അങ്ങനെ കുടിയേറിയതിൽ 25% ആളുകൾ റാണിപുരം വിട്ടുപോയി.

കാട്ടാനശല്യത്താൽ തീർത്തും ഭീതിയോടെയാണ് റാണിപുരത്ത് അവശേഷിക്കുന്ന കുടുംബങ്ങൾ ജീവിക്കുന്നത്. തികച്ചും അപകടം പിടിച്ച ജീവിതം. മഴക്കാലമായിക്കഴിഞ്ഞാൽ ഒരുതരം പുഴുക്കളുടെ ശല്യവും ഇവിടെ രൂക്ഷമാണ്. അവ കൃഷിയ്ക്കും ഭീഷണിയാണ്.

ടൂറിസത്തിന് വളരെയധികം സാധ്യതകളുള്ള ഈ പ്രദേശത്തേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ തിരിഞ്ഞ് മതിയായ വികസനപദ്ധതികൾ കൊണ്ടുവരാനായാൽ ഇവിടെ അവശേഷിക്കുന്നവരെ നിലനിർത്താനാവും. ഇപ്പോഴത്തെ സ്ഥിതി തുടരുകയാണെങ്കിൽ രണ്ടുവർഷത്തിനുള്ളിൽ റാണിപുരം ഇടവക ഇല്ലാതാവും.

**ഫാ. ഷാജി വടക്കേത്തൊട്ടി**(വികാരി), റാണിപുരം ഇടവക

www.malankaralibrary.com

മൂല്യത്തിന്റെ പകുതിയോളം നെല്ലും, അരിയുമായി. ഭക്ഷ്യധാന്യ കൃഷിയെ അവഗണിച്ച് നാണ്യവിളകൾക്ക് നൽകിയ പ്രോത്സാഹനമാണിതിന് കാരണമെന്ന് വാദിക്കുന്നവരുമുണ്ട്.എന്നാൽ ഈ സ്ഥിതിയെ മറികടക്കാൻ തെളിച്ചെടുക്കുന്ന സ്ഥലങ്ങളിൽ പുതിയ ഭക്ഷ്യവിളകൾ ജനങ്ങൾ പരീക്ഷിച്ചു തുടങ്ങി. ഭക്ഷ്യ ധാന്യക്ഷാമം മറികടക്കാൻ കപ്പയും, കാച്ചിലും, ചേമ്പും, ചേനയുമൊക്കെ വ്യാപകമായി കൃഷിചെയ്ത് തുടങ്ങി.

കപ്പക്കൃഷിയുടെ കാര്യം തന്നെ എടുക്കുക. 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ് പ്രസ്തുത കൃഷി തിരുവതാംകൂറിൽ പരീക്ഷിക്കപ്പെടുന്നത്. 1921 ആകുമ്പോഴേയ്ക്കും 4,11,500 ഏക്കറിലേയ്ക്ക് കപ്പ കൃഷി വ്യാപിച്ചു. അങ്ങനെ കാടും, മലകളും, പാഴ് ഭൂമികളും കീഴടക്കാനുള്ള കുടിയേറ്റങ്ങൾ വ്യാപക മായി. ഭക്ഷ്യ-വാണിജ്യവിളകളുടെ കൃഷി ഒരുമിച്ചു നീങ്ങാൻതുടങ്ങി. രണ്ടാം ലോകമഹായുദ്ധക്കാലത്ത് ബർമ്മയുടെ വീഴ്ചയോടെ അവിടെ നിന്നുള്ള അരി യുടെ വരവ് പൂർണ്ണമായും നിലച്ചു. ഇതുണ്ടാക്കിയ ഭക്ഷ്യക്കമ്മിമൂലം ജനങ്ങൾ പട്ടിണിയിലായി. പൊതു വിതരണ സമ്പ്രദായം താറുമാറായി.

വിശപ്പടക്കാൻ കൂടുതൽ കൂടുതൽപേർ കാടും മലയും കയറി കൃഷിയിറക്കി. ഭക്ഷ്യോത്പാദനം വർദ്ധിക്കാനായി സർക്കാർതന്നെ കാടുപതിച്ച് കൃഷി ക്കാർക്ക് നൽകാൻതുടങ്ങി. കുടിയേറിയവരെ കൃഷി യിലൂടെ വീണ്ടെടുത്ത് വളർത്തുകയെന്നത് ഒരു വികസന - ജീവസന്ധാരണ മന്ത്രമായി രൂപപ്പെട്ടു. ദീപികയും, മലയാള മനോരമയുമൊക്കെ അത്തരം ശ്രമങ്ങളെ പ്രോത്സാഹിപ്പിച്ചു. കുടിയേറി മുന്നേറുന്ന സുറിയാനി ക്രിസ്ത്യാനികളെ അനുകരിക്കുകയാണ് നഷ്ടപ്രതാപം വീണ്ടെടുക്കാനുള്ള വഴിയെന്ന് മന്നത്ത് പത്മനാഭൻ, നായർ സമുദായത്തെ ഉപദേശിക്കുന്നിടം വരെ കാര്യങ്ങളെത്തി.

കാടുകളും, കുന്നുകളും, പാഴ്സ്ഥലങ്ങളും കീഴ ടക്കുന്നത് സംസ്കാരത്തിന്റെ മുന്നോപാധികളായി. കുടിയേറ്റവും, ഭൂമികൈവശപ്പെടുത്തുന്നതും ഭക്ഷ്യ ക്ഷാമത്തിനും, വികസനോത്കണ്ഠയ്ക്കുമുള്ള പ്രതി വിധികളായി. ജനങ്ങൾ പട്ടിണികിടന്നു മരിക്കുമ്പോൾ സംസ്ഥാനത്തെ മൂന്നിലൊന്നു ഭൂമി വെറും റിസേർവ്വ് വനങ്ങളായി കിടക്കുന്നതിന്റെ യുക്തി ഉൾക്കൊള്ളാൻ കഴിയാത്തതായി.

ഒരിഞ്ച് ഭൂമിപോലും വെറുതെ വിടില്ലെന്ന് പ്രതി ജ്ഞ ചെയ്യുക എന്നതായി അംഗീകൃത മുദ്രാവാക്യം. വനങ്ങളും, പാഴ്സ്ഥലങ്ങളും തെളിച്ചൊരുക്കി കൃഷി ഇറക്കുന്നതാണ് പുരോഗതി എന്നു വന്നു. മധ്യപ്രദേ ശിലേയ്ക്കും, ബ്രസീലിലേയ്ക്കുമൊക്കെ കുടിയേറു ന്നതിനെക്കുറിച്ചുള്ള പര്യാലോചനകൾ ഉണ്ടായി. കീഴടക്കപ്പെടേണ്ട ഇടങ്ങളായി കാടുകൾ മാറി.

വനത്തിലെ ഗോത്രവിഭാഗങ്ങൾക്ക് കാടുവിടേണ്ട തായി വന്നു. കാട് കീഴടക്കി നാടാക്കി മുന്നേറുന്ന കുടിയേറ്റ ഭടന്മാർ നമ്മുടെ ദേശീയസ്വത്തായും,

**കേരളത്തിന്റെ കാർഷിക വ്യവസ്ഥയെ മുതലാളി ത്തത്തിലേക്ക് ആനയിക്കുന്ന തിൽ പ്രധാന പങ്കുവഹിച്ച ഈ കുടിയേറ്റങ്ങളിൽ പങ്കാളികളാ യത് ഏറെയും ചെറുകിട കർഷകരായിരുന്നു.**

പുരോഗമന കർഷകരായും സ്വീകാര്യത നേടി. അവരുടെ കഠിനാദ്ധ്വാനത്തെയും, സ്വാശ്രയ ബോധ ത്തെയും, ആത്മബലിയേയും പ്രകീർത്തിക്കുന്ന സാഹിത്യരചനകൾ പിറവിയെടുത്തു.

എന്നാൽ കാടുകളുടെ കഥ മറിച്ചായിരുന്നു. 1892-93 ൽ ബോർദില്ലൻ തിരുവതാംകൂറിൽ വനംസർവ്വേ നട ത്തുമ്പോൾ നാട്ടുരാജ്യത്തിന്റെ അൻപതു ശതമാന ത്തോളം ഭൂമി വനമായിരുന്നു.അത് 1920-കളാകു മ്പോഴേയ്ക്കും മുപ്പത്തഞ്ച് ശതമാനമായും ചുരുങ്ങി. മലംകൃഷി അഥവാ വിരിപ്പ് കൃഷി നടത്തിയിരുന്ന വനഭൂവിഭാഗങ്ങളും, മലവാരങ്ങളും തിരുവതാം കൂറിന്റെ കാർഷിക ഭൂപടത്തിൽ നിന്ന് എന്നന്നേയ്ക്കു മായി അപ്രത്യക്ഷമായി. വാർഡ്ഡും,കോണറും സർവ്വേ നടത്തുമ്പോൾ ഏതാണ്ട് 1000 ചതുരശ്ര മൈൽഭൂമി മാറ്റകൃഷിയ്ക്ക് കീഴിലായിരുന്നുവെന്ന് ഓർക്കണം.

1951 ആകുമ്പോഴേയ്ക്കും ലഭ്യമായ ഭൂമിയുടെ 98% വും തിരുവതാംകൂറിൽ കൃഷിയ്ക്ക് കീഴിൽ കൊണ്ടു വരപ്പെട്ടുവെന്നാണ് കണക്ക്. അതിനു മുമ്പുതന്നെ

www.malankaralibrary.com



കൃഷിഭൂമി തേടി മലബാറിലേയ്ക്കുള്ള പ്രയാണം ആരംഭിച്ചിരുന്നു. കൃഷി ചെയ്യാതെ ആയിരക്കണക്കിന് ഏക്കർ ഭൂമി ജന്മിമാർ കൈവശം വച്ചിരുന്ന മലബാറിൽ വ്യക്തിഗത സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഘടനാപരമായ മാറ്റങ്ങൾ സംഭവിച്ചിരുന്നില്ല. സ്വകാര്യവനങ്ങളും ധാരാളം ഉണ്ടായിരുന്നു. മലബാറിൽ നിന്നും ക്രമേണ തൊട്ടടുത്ത് കിടക്കുന്ന തമിഴ് - കന്നട പ്രദേശങ്ങളിലേക്ക് കുടിയേറ്റം പടർന്നു. കഠിനാദ്ധ്വാനം കൊണ്ട് മണ്ണിനെ മെരുക്കി അവർ കാട് നാടാക്കി. കുന്നിൻ നെറുകയിലും, മനുഷ്യപ്പെരുമാറ്റം ഏൽക്കാത്ത കാടുകളിലും മനുഷ്യന്റെ വിജയക്കൊടി പാറി. കുടിയിറക്ക ഭീഷണികളെ അവർ ഫലപ്രദമായി ചെറുത്തു. വികസനത്തിന്റെ പ്രരൂപങ്ങൾ ഏറിയും കുറഞ്ഞും എല്ലാ കുടിയേറ്റ ഗ്രാമങ്ങളിലും എത്തി.

## മാറുന്ന വികസന സങ്കല്പം

കഠിനാദ്ധ്വാനം കൊണ്ട് മണ്ണ് കീഴ്പ്പെടുത്തിയ പ്രസ്തുത തലമുറ പിന്നീട് മുതലിറക്കിയത് കൃഷിയേക്കാളേറെ പിൻമുറക്കാരുടെ വിദ്യാഭ്യാസത്തിലാണ്. നാഗരികതയുടെ വളർച്ചയും വിദ്യാഭ്യാസത്തിന്റെ വ്യാപനവും കൃഷി ഭൂമിയിലെ മലയാളി മനസ്സിന്റെ വികസന സ്വപ്നങ്ങളെ നിറംമങ്ങിയതാക്കി. വാണിജ്യ ഭൂമിയിലാണ് പുതിയ നാഗരിക വികസനത്തിന്റെ കണ്ണ്.

കടൽ കടന്നെത്തുന്ന പണവും, വിദ്യാഭ്യാസത്തിൽ കൂടി ലഭിക്കുന്ന ചലനാത്മകതയും കൃഷിയെ പിന്നോട്ടടിച്ചു. കൃഷിയുടെ സാമ്പത്തിക പരിമിതികളും ലാഭക്കുറവും തടസ്സങ്ങളായി. പഴയ കുടിയേറ്റക്കാരിൽ മലവിട്ടിറങ്ങി നഗരങ്ങളിലേക്കും, പട്ടണങ്ങളിലേക്കും കുടിപറിഞ്ഞ് പോകുന്നവരുടെ എണ്ണം ഇപ്പോൾ കൂടി വരുന്നു. ചരിത്രത്തിന്റെ സമ്മർദ്ദം ഒരു കാലത്ത് കൃഷിഭൂമി തേടി അവരെ മലമുകളിലേക്ക്, കാടുകളിലേക്ക് നയിച്ചുവെങ്കിൽ വർത്തമാനത്തിന്റെ ചൂണ്ടുപലകകൾ പുതിയ സാദ്ധ്യതകളിലേക്കാണ് വിരൽ ചൂണ്ടുന്നത്.

വികസന പാതയിൽ ഏതൊരു സമൂഹവും കടന്നുപോകേണ്ട അനിവാര്യമായ ഘട്ടങ്ങളാണിവയെന്ന് കരുതുകയുമാവാം. എങ്കിലും, മണ്ണിൽ പണിയെടുത്തവർക്ക് കൃഷിഭൂമി ലഭ്യമാക്കാൻ കഴിഞ്ഞില്ലെന്നുള്ള ചരിത്രപരമായ തെറ്റിന്റെ ഓർമ്മപ്പെടുത്തലുകളാണോ ഈ കുടിപറിയലുകൾ? ■

### ദൈവം നമ്മോടു കൂടെ

ഇന്നുള്ള വയനാടിന്റെ ശില്പികൾ കുടിയേറ്റക്കാരാണ്. 1931 ലാണ് കുടിയേറ്റക്കാർ മാനന്തവാടിയിലെത്തുന്നത്. കോളയാടുനിന്നും ശ്രീ. കെ. പി. മാത്യു കുടക്കച്ചിറയും കുറ്റ്യാടിയിൽ നിന്ന് ശ്രീ. എളപ്പുപാറ ആഗസ്തിയുമാണ് ആദ്യമായി കുടിയേറിയവർ. 'വിഷകന്യക'യിലെ കറുത്ത കോട്ടിട്ട പൊട്ടക്കയം വർക്കിസാർ ശ്രീ. മാത്യുവാണ്. മാർപാപ്പയിൽ നിന്നും "ബെനേ മെരേന്തി" ബഹുമതി ലഭിച്ച മത്തായിച്ചന്റെ കുടുംബം ഇന്ന് മാനന്തവാടിയിലാണുള്ളത്.

**മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി**, *ദൈവം നമ്മോടു കൂടെ*, പേജ് 166

www.malankaralibrary.com



# കുടിയേറ്റം ബൈബിൾ വീക്ഷണത്തിൽ

ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ
*ബൈബിൾ (പഴയനിയമം) പ്രൊഫസർ*

**ബൈബിളിൽ ആവർത്തിക്കുന്ന പ്രതിഭാസങ്ങളാണ് കുടിയേറ്റവും കുടിയിറക്കവും. ഊറിൽ നിന്നുള്ള അബ്രഹാമിന്റെ യാത്രമുതൽ ബാബിലോണിലേക്കുള്ള നാടുകടത്തൽ വരെ നീളുന്നതാണിത്. ഇവയിലൂടെ ബൈബിൾ അവതരിപ്പിക്കുന്ന ആത്മീയ ദർശനങ്ങൾ എന്തൊക്കെയാണ്?**

മനുഷ്യന്റെ ജീവിതത്തെ ബൈബിൾ കാണുന്നത് ഈ ലോകത്തിൽ സ്ഥിരമായ വാസസ്ഥാനമില്ലാത്തതും അതിനാൽത്തന്നെ നിത്യം നിലനില്ക്കുന്ന ഭവനം അന്വേഷിച്ച് യാത്ര ചെയ്യുന്നതുമായ ഒരു യാഥാർത്ഥ്യമായിട്ടാണ് (ഹെബ്രാ 13,14). വേണമെങ്കിൽ, ഒരു കുടിയേറ്റ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്നവരാണ് മനുഷ്യൻ എന്നുപറയാം.

ചരിത്രത്തിൽ ഉടനീളം നടന്നിട്ടുള്ളതും ആധുനികലോകത്തി ന്റെ മാറിയ സാഹചര്യങ്ങളിൽ വ്യത്യസ്തതലങ്ങളിലും നിലകളിലുമായി നടന്നുകൊണ്ടിരിക്കുന്നതുമായ ഒരു പ്രതിഭാസമാണല്ലോ ജനതകളുടെ ചെറുതും വലുതുമായ കുടിയേറ്റങ്ങൾ. മാറിയലോകത്തിന്റെ പുത്തൻ സാമ്പത്തികക്രമം ഇനിയുള്ള കാലങ്ങളിൽ ഈ പ്രതിഭാസത്തിന് ആക്കം കൂട്ടാനാണ് സാധ്യത കാണുന്നത്.

കുടിയേറ്റത്തെ ഒരു സാമൂഹ്യപ്രതിഭാസമെന്ന നിലയിൽ ബൈബിൾ കാണുകയോ അതനുസരിച്ചുള്ള വിലയിരുത്തലുകൾ നടത്തുകയോ ചെയ്തിട്ടില്ല. എങ്കിലും വ്യക്തികളുടെയും സമൂഹങ്ങളുടെയും ചലനാത്മകത (mobility) വഴിയായി സംജാതമാകുന്ന പുതിയ സാഹചര്യങ്ങളെ എങ്ങനെയാണ് സമീപിക്കേണ്ടത് എന്നതിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ സൂചനകൾ അവിടെ കാണാൻ കഴിയും. ദൈവവചനത്തിൽ കാണുന്ന ഈ സൂചനകളുടെ വളരെ ഹ്രസ്വമായ ഒരവലോകനം മാത്രമാണിവിടെ ലക്ഷ്യമാക്കുന്നത്.

## ചലനാത്മകമായ ജീവിതം

"സന്താനപുഷ്ടിയുള്ളവരായിത്തീർന്ന് ഭൂമിയിൽ നിറഞ്ഞ്, അതിനെ കീഴടക്കുവിൻ (ഉല്പ 1,28)" എന്ന കല്പനയാണ് ദൈവം മനുഷ്യന് ആദ്യമേ നല്കുന്ന ദൗത്യം. പറുദീസായ്ക്ക് പുറത്തേയ്ക്ക് വ്യാപിക്കേണ്ടവനാണ് അവൻ. ഭൂമിയിൽ നിറയേണ്ടവൻ. ബാബേൽ ഗോപുരത്തിന്റെ തിന്മയുടെ പ്രധാനപ്പെട്ട ഒരു വശം "ഭൂമുഖത്താകെ ചിന്നിച്ചിതറിപ്പോകാതിരിക്കാൻ" വേണ്ടി അവർ ഒരേ ഒരു സ്ഥലത്ത് പട്ടണം പണിതു താമസം ഉറപ്പിക്കാൻ ശ്രമിച്ചു എന്നതാണ് (ഉല്പ 11,4). ദൈവത്തിന്റെ ഇഷ്ടം മനുഷ്യർ ഭൂമുഖം മുഴുവൻ സ്വന്തമാക്കണമെന്നതായിരുന്നു.

## കുടിയേറ്റക്കാരനായ അബ്രഹാം

അബ്രഹത്തിന്റെ വിളി (ഉല്പ 12,1-4) കുടിയേറ്റ

www.malankaralibrary.com




ത്തിനുള്ള ആഹ്വാനമായിരുന്നു. നാടും വീടും ബന്ധുക്കളും അന്യമായി, പുതിയൊരു ചുറ്റുപാടിലുള്ള ജീവിതമാണ് അബ്രാഹത്തെ അനുഗ്രഹത്തിന് അവകാശിയാക്കുന്നത്. അതേ സമയം എവിടെയായിരുന്നാലും "ദൈവത്തിന്റെ മുന്നിൽ നടന്ന്" പൂർണ്ണത നേടാനുള്ള ഉത്തരവാദിത്വവും (ഉല്പ 17,1) അബ്രഹാം ഏറ്റെടുക്കുന്നു.

പുതിയ ജീവിതസാഹചര്യങ്ങളിലും തന്നെ വിളിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്ന ദൈവത്തോടു വിശ്വസ്തത പുലർത്തുന്ന ജീവിതശൈലിയായിരിക്കണം അബ്രാഹത്തിന്റേത്. ദൈവത്തിൽ വേരുറപ്പിക്കപ്പെട്ട ചലനാത്മകതയായിരിക്കണം അത്. തന്നെ വിളിച്ച ദൈവത്തിന് അബ്രഹാം ബലിപീഠം പണിത് അവിടുത്തെ നാമം വിളിച്ചപേക്ഷിക്കുന്നതും (ഉല്പ 12,8;13,8), ഏറ്റം പ്രധാനമായി ദൈവം ആവശ്യപ്പെടുന്ന പരമമായ ത്യാഗപ്രവർത്തിക്ക് സന്നദ്ധനാകുന്നതും (ഉല്പ 22,1-19) ഇതിന് ഉദാഹരണങ്ങളാണ്. അതുപോലെ തന്നെ പ്രതീകാത്മകത ഉൾക്കൊള്ളുന്നതാണ്, തന്റെ ഭാര്യയായ സാറായെ സംസ്ക്കരിക്കാൻ ഹിത്യരുടെ പക്കൽ നിന്ന് ഭൂമി സൗജന്യമായി ലഭിക്കാൻ സാധ്യതയുണ്ടായിരുന്നിട്ടും അങ്ങനെചെയ്യാതെ ഭൂമി പണം കൊടുത്തു വാങ്ങാൻ അബ്രഹാം സന്നദ്ധനാകുന്നത്. എത്തിപ്പെടുന്ന സ്ഥലത്തെ ജനങ്ങളെ ചൂഷണം ചെയ്യാതെ വ്യവഹാരങ്ങളിൽ മാന്യതയും നീതിബോധവും പാലിക്കണമെന്ന പാഠമാണ് ഇതിലൂടെ കൈമാറുന്നത് (ഉല്പ 23,10-16).

## യാക്കോബിന്റെയും മക്കളുടെയും കുടിയേറ്റം

കാനാൻ ദേശത്തെ ക്ഷാമം യാക്കോബിന്റെ മക്കളെ ഈജിപ്റ്റിൽ കുടിയേറ്റക്കാരാക്കുന്നു (ഉല്പ 46,31). കാലാന്തരത്തിൽ യാക്കോബുതന്നെയും ഫറവോയുടെ അതിഥിയായി ഈജിപ്തു ദേശത്തു എത്തിപ്പെടുകയാണ് (ഉല്പ 47, 27).

അനുകൂലമായ സാഹചര്യമാണ് അവിടെയുള്ളതെങ്കിലും തന്റെ അസ്ഥികൾ കാനാൻ ദേശത്തേയ്ക്ക്

www.malankaralibrary.com

തിരിച്ചുകൊണ്ടുപോകണം എന്ന അനുശാസനം മക്കൾക്കു നല്കിക്കൊണ്ടാണ് യാക്കോബ് കാലയവനികയ്ക്കുള്ളിൽ പ്രവേശിക്കുന്നത് (ഉല്പ 47,29).

ഇതുപോലെതന്നെയാണ് യൗസേപ്പിന്റെ അസ്ഥികൾ അവർ കാനാനിലേയ്ക്ക് സംവഹിച്ചതും (പുറ 13, 19). എന്തെല്ലാം അനുകൂല സാഹചര്യങ്ങൾ പുതിയ ഭൂപ്രദേശത്തു ലഭ്യമാണെങ്കിലും വേരു മറക്കരുത് എന്ന സന്ദേശം പൂർവ്വപിതാക്കന്മാർ നല്കുകയാണ്.

## കാനാനിലേയ്ക്കുള്ള പ്രവേശനം

ഒരർത്ഥത്തിൽ ഇസ്രായേൽ ജനത്തിന്റെ കാനാൻ പ്രവേശനം ഏറ്റവും വലിയ കുടിയേറ്റ ചരിത്രമാണ്. ഒരു ജനത മുഴുവനുമാണ് ഇവിടെ പുതിയൊരു ദേശത്തേയ്ക്ക് നീങ്ങുന്നത്. തേനും പാലുമൊഴുകുന്ന ഈ പ്രദേശം (പുറ 3, 8-17) സമ്പൽസമൃദ്ധമാണ്. എന്നാൽ കാനാൻകാരോട് ചേർന്ന് അശുദ്ധരാകരുതെന്ന കല്പന വീണ്ടും വീണ്ടും നമ്മൾ കാണുന്നുണ്ട് (നിയമാ. 4,15-21; 5,32; 7,1-5; 8,19-20).

വിഗ്രഹാരാധനയും ലൈംഗികമായ അരാജകത്വവും നരബലിയും (ജറ 3,6-8; 5,7-8; 7,6-7) നിലവിലിരുന്ന ഒരു സാംസ്ക്കാരിക ചുറ്റുപാടുകളിലാണ് ജനം എത്തിച്ചേർന്നത്. ഇസ്രയേൽ ജനത്തിന്റെ യഹോവായിലുള്ള വിശ്വാസത്തിനും സാമൂഹ്യ സുസ്ഥിതിക്കും കുടുംബഭദ്രതയ്ക്കും ഏറ്റം വലിയ ഭീഷണിയായിരുന്നു അത്.

അതുകൊണ്ടുതന്നെയാണ് വിജാതീയരുടെ ആചാരങ്ങൾ സ്വീകരിച്ച് അവരോട് ഇഴുകിച്ചേർന്ന ഇസ്രായേല്യർക്കെതിരെ പ്രവാചകന്മാർ ശക്തമായി സംസാരിച്ചത് (ജറ 7, 10-20). രാജവാഴ്ച നിലവിൽ വന്നതോടുകൂടി ഇസ്രായേൽക്കാർ ഇതരവിഭാഗങ്ങളുമായി ഉൾച്ചേർന്ന് പോകുന്ന സ്ഥിതി വിശേഷമാണ് ഇസ്രായേലിൽ സംജാതമായത്.

ഭരണസംവിധാനത്തെ സംബന്ധിച്ചിടത്തോളം ഏറെ സഹായകരമായിരുന്നു ഇതെങ്കിലും വിശ്വാസജീവിതത്തിന്റെ കാര്യത്തിൽ വലിയ അപകടമാണ് ഇത് വരുത്തിവച്ചത്. "ഇസ്രായേൽ ജനതകളോടുചേർന്ന് പാപം ചെയ്ത് ദൈവത്തെ പ്രകോപിപ്പിച്ചു" എന്ന് നിയമാവർത്തനപാരമ്പര്യങ്ങളിൽ പലപ്പോഴും നമ്മൾ കാണുന്നത് ഇതുകൊണ്ടാണ്.

## ഔസേപ്പ് കപ്യാർ

പാലാ പുത്തൻപള്ളിയിലെ കപ്യാരായിരുന്ന അയ്മനംകാരൻ ഔസേപ്പ് മലപ്പുറംകാരൻ കാസ്സിം കാക്കയിൽനിന്നും ഫലഭൂയിഷ്ഠമായ കുറ്റ്യാടിയെപ്പറ്റി കേട്ടു. ഭാര്യ അന്നമ്മയോടും മക്കളോടുമൊപ്പം 1926 മെയ്മാസത്തിൽ മൂന്നാം കയ്യിൽ സ്ഥലം വാങ്ങി താമസമാരംഭിച്ചു. കിടക്കുവാൻ രണ്ടുനിലയുള്ള ഒരു കുടിലും ഒരു ഏറുമാടവും അവരുണ്ടാക്കി. കാടുവെട്ടിത്തെളിച്ച് നെല്ലും വാഴയും ചേമ്പും പയറുമെല്ലാം നട്ടു. പടക്കംവച്ച് കാട്ടുപന്നിയേയും നെയ്തുണ്ടാക്കിയ വലയുപയോഗിച്ചു മീനും പിടിച്ചു. അവർക്കു സന്തോഷമായി. എന്നും നല്ല ഭക്ഷണം. ഇറച്ചിയും മീനും പച്ചക്കറികളും എല്ലാമുണ്ട്.

അഞ്ചുമാസം കഴിഞ്ഞു. ഒരു പ്രഭാതത്തിൽ കണ്ടത് തങ്ങളുടെ കൃഷിയെല്ലാം ആന നശിപ്പിച്ചതാണ്. മൂത്തമകൻ കുഞ്ഞുവർക്കിയുടെ രണ്ടുമക്കളെ മലമ്പനി ബാധിച്ചു. ഒരാഴ്ചയ്ക്കുള്ളിൽ തലേന്നും പിറ്റേന്നുമായി രണ്ടുപേരും മരിച്ചു. അപ്പനുമമ്മയും തന്നെ തങ്ങളുടെ പിഞ്ചുമക്കളെ കുഴിവെട്ടി സംസ്ക്കരിച്ചു. അന്ത്യകൂദാശ നല്കുവാൻ വൈദികനില്ല. സങ്കടം പങ്കുവയ്ക്കാൻ ആരുമില്ല. രണ്ടാഴ്ച കഴിഞ്ഞ് കുഞ്ഞുങ്ങളുടെ അമ്മയും മരിച്ചു. നിസ്സഹായരായ ആ മനുഷ്യർ ഒരു രാവും പകലും മുഴുവൻ കരഞ്ഞു.

ഒരു ദിവസം പെൺമക്കൾ മോളിയും ടെസ്സിയും മീൻ പിടിക്കുകയായിരുന്നു. ധാരാളം മീൻ കിട്ടുന്നുണ്ടായിരുന്നു. എവിടെയോ ഉരുൾപൊട്ടി വന്ന മലവെള്ളപ്പാച്ചിലിൽ അവർ അകപ്പെട്ടു. കല്ലുകളുടെ കൂട്ടത്തിൽ ചതഞ്ഞരഞ്ഞ് ആ യുവതികളുടെ അസ്ഥിയും മാംസവും മലബാറിലെ നദികളിലേയ്ക്ക്, അങ്ങനെ അറബികടലിലേയ്ക്ക് ഒഴുകി. ആർത്തൊഴുകുന്ന തോടും അവർ ഉണക്കി വച്ചിരുന്ന മീനും നട്ടുവളർത്തിയ പച്ചക്കറികളുമൊക്കെ തന്നെ നോക്കി പരിഹസിക്കുന്നതായി ഔസേപ്പിനു തോന്നി.

**മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി**, *ദൈവം നമ്മോടു കൂടെ*, പേജ് 98


www.malankaralibrary.com

## അസ്സീറിയൻ-ബാബിലോണിയൻ അടിമത്വങ്ങൾ

ബി. സി. 722-ൽ അസ്സീറിയയിലേയ്ക്കും 587-ൽ ബാബിലോണിലേയ്ക്കും യഹൂദജനത ബന്ധികളായി ആനയിക്കപ്പെട്ടു. കൃത്യമായ അർത്ഥത്തിൽ ഒരു കുടിയേറ്റമായിരുന്നില്ല അവ രണ്ടും. എന്നാൽ കാലാന്തരത്തിൽ കുടിയേറ്റത്തിന്റെ ഫലമാണ് അതുളവാക്കിയത്. ശക്തമായ യവന-സിറിയൻ പാരമ്പര്യങ്ങൾ ഇസ്രായേൽക്കാരെ സ്വാധീനിച്ചതും, പഴയനിയമം ഗ്രീക്കിലേക്കു പരിഭാഷപ്പെട്ടതുമെല്ലാം സാംസ്കാരികാനുരൂപണം കൊണ്ടായിരുന്നു എന്നുപറയാം. പ്രബോധക ഗ്രന്ഥങ്ങളിലെ ഗ്രീക്കുസ്വാധീനം ഇതിനു മകുടോദാഹരണമാണ്.

വിപ്രവാസകാലത്തോടെയാണ് അവർ ആയിരിക്കുന്നിടത്തുള്ള ജനങ്ങൾക്ക് പ്രകാശമായിത്തീരാനുള്ള ദൗത്യം തങ്ങൾക്കുണ്ടെന്ന ബോധ്യത്തിലേയ്ക്ക് ഇസ്രായേൽ കടന്നുവരുന്നത്. 'യാക്കോബേ, ഞാൻ നിന്നെ ജനതകൾക്ക് പ്രകാശമായി നല്കിയിരിക്കുന്നു' (ഏശ 42,6) എന്ന പ്രവാചകവചനം അതാണു സൂചിപ്പിക്കുന്നത്. ഇതിൽ നിന്നുമുള്ള അടുത്ത പടിയായിട്ടാണ് തങ്ങളായിരിക്കുന്ന ചുറ്റുപാടുകളിൽ 'പ്രേഷിതരാകാനുള്ള' കടമയെ മാറ്റി ദൈവത്തിന്റെ ജനത്തിന് അവബോധമുണ്ടാകുന്നത് (ഏശ 2,5; 49,6).

## കുടിയേറ്റത്തിന്റെ പ്രേഷിതസ്വഭാവം

ലോകത്തിന്റെ ഉപ്പും വെളിച്ചവുമായിത്തീരാനുള്ള ക്രിസ്തുശിഷ്യന്റെ കടമ (മത്താ 5,14). അവൻ എവിടെയായിരുന്നാലും സത്യത്തിന്റെ ജീവിതം നയിക്കേണ്ടവനാണ് എന്ന സത്യം അവനെ ഓർമ്മപ്പെടുത്തുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സംഭവിക്കേണ്ടതാണ് ലോകത്തിന്റെ അതിർത്തികൾ വരെ നടക്കേണ്ട ഈ സാക്ഷ്യം നൽകൽ (അപ്പ 1,8). എല്ലാവർക്കും എല്ലാമായിത്തീരാൻ യത്നിച്ച പൗലോസിന്റെ ജീവിതശൈലി യഹൂദരുടെ ഇടയിൽ യഹൂദനെപ്പോലെയും, വിജാതീയരുടെയിടയിൽ വിജാതീയനെപ്പോലെയും ആയിരിക്കാൻ പൗലോസിന് പ്രേരണ നല്കി (1 കൊറി 9,20). എന്നാൽ ഇവിടെയെല്ലാം അദ്ദേഹത്തിന് അടിസ്ഥാനമായി നിലനിന്നിരുന്നത് ക്രിസ്തുവിന്റെ നിയമമായിരുന്നു (1 കൊറി 9,21).

പുതിയ സാഹചര്യങ്ങളിൽ ജീവിക്കേണ്ടിവരുന്നത് പല കാരണങ്ങളാലാകാം. എവിടെയായിരുന്നാലും തങ്ങൾക്കു ലഭിച്ചിരിക്കുന്ന വിശ്വാസപൈതൃകം കാത്തുസൂക്ഷിക്കാനുള്ള ഉത്തരവാദിത്വം മനുഷ്യർക്കുണ്ട്. വിവിധ സംസ്ക്കാരങ്ങളുമായുള്ള അടുപ്പവും അനുരൂപണവും വിശ്വാസത്തിന്റെ കാര്യത്തിലുള്ള സ്വത്വം കാത്തുസൂക്ഷിച്ചുകൊണ്ടാവണം എന്ന് ദൈവത്തിന്റെ വചനം നമ്മെ അനുസ്മരിപ്പിക്കുന്നു. ■

www.malankaralibrary.com



# മലബാറിൽ നിന്ന് കുടിയിറക്കമോ?

ഫാ. ജോർജ്ജ് കുടിലിൽ
*തലശ്ശേരി അതിരൂപതയുടെ പി.ആർ.ഒ*

കുടിയേറ്റം രൂപം കൊടുത്ത രൂപതയാണ് തലശ്ശേരി അതിരൂപത. ഇപ്പോൾ കുടിയിറക്കം ഏറ്റവുമധികം ബാധിച്ചിരിക്കുന്നതും തലശ്ശേരിയെ തന്നെയാണ്. കുടിയിറക്കത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക്...

മലബാർ കുടിയേറ്റം ഐതിഹാസിക മാനങ്ങളുള്ള ഒരു മനുഷ്യമഹാപ്രവാഹമായിരുന്നു. ഏതാണ്ട് നൂറുവർഷങ്ങൾക്കു മുമ്പാരംഭിച്ച ആ കുടിമാറ്റം ആയിരക്കണക്കിനു കുടുംബങ്ങളുടെ പങ്കാളിത്തംകൊണ്ടും അവർ നേടിയ വിജയംകൊണ്ടും ശ്രദ്ധേയമാണ്. ആദ്യമാദ്യം എത്തിച്ചേർന്ന കുടിയേറ്റ പിതാക്കൾക്ക് കുന്നും മലയും ഏറെയില്ലാത്ത കൃഷിഭൂമികൾതന്നെ വാങ്ങാൻ സാധിച്ചു. അവരുടെ ഗ്രാമക്കൂട്ടായ്മകൾ കൊച്ചുപട്ടണങ്ങളും വിദ്യാഭ്യാസകേന്ദ്രങ്ങളുമായി മാറി. എന്നാൽ താമസിച്ചെത്തിയവരും മലബാറിൽത്തന്നെ സ്ഥലം മാറിയവരും സമതലങ്ങൾ വിട്ട് താഴ്‌വരകളിലേയ്ക്കും കുന്നുകളിലേയ്ക്കും പോകേണ്ടിവന്നു. ഈ കുന്നിൻ തലപ്പുകളും ക്രമേണ ജനവാസകേന്ദ്രങ്ങളായി. നാനാജാതി കൃഷികൾ ചെയ്തു; വിഷകന്യക അമൃതകന്യകയായി.

## കാർഷിക പ്രതിസന്ധി

എൺപതുകളിൽ കുടിയേറ്റ ഗ്രാമങ്ങളിൽ അനുഭവപ്പെട്ടു തുടങ്ങിയ കൃഷിപ്പിഴയും കൃഷിനാശവും കർഷകരെ കൃഷി ഉപേക്ഷിച്ചു പുതിയ സാധ്യതകൾ തേടാൻ പ്രേരിപ്പിച്ചു. കമുകിന്റെ മഞ്ഞളിപ്പ്, മഹാളി, തെങ്ങിന്റെ കൂമ്പുചീയൽ എന്നീ രോഗങ്ങൾ, തെങ്ങും കമുകും കൃഷിചെയ്തിരുന്ന അനേകം കർഷകരുടെ ജീവിതമാർഗ്ഗമാണ് ഇല്ലാതാക്കിയത്; പ്രത്യേകിച്ചും കണ്ണൂർ ജില്ലയുടെ കിഴക്കൻ മലയോര ഗ്രാമങ്ങളിൽ. ഉദാഹരണമാണ് നടുവിൽ പഞ്ചായത്തിലെ മാവുഞ്ചാൽ. അമ്പതുകളുടെ അവസാനത്തിൽ കുടിയേറ്റ കർഷകർ എത്തിച്ചേർന്ന മാവുഞ്ചാൽ 2500 ലേറെ അടി ഉയരമുള്ള മലയോരഗ്രാമമാണ്. ഇപ്പോഴും ബസ് എത്തിച്ചേരാത്ത ഈ മലമുകളിലെ ഗ്രാമത്തിൽ നൂറിലേറെ കുടുംബങ്ങളാണുള്ളത്. അവരിൽ പത്തുകുടുംബങ്ങൾ സ്ഥലം വിറ്റുപോയിക്കഴിഞ്ഞു. അടയ്ക്ക സമൃദ്ധമായി വിളഞ്ഞിരുന്ന മാവുഞ്ചാലിൽ ഇപ്പോൾ കമുക് പേരിനു മാത്രം.

## കരിങ്കൽ ക്വാറികൾ

ആലക്കോട് ഫൊറോനായിൽപ്പെട്ട പരപ്പ ഇടവകയിൽനിന്ന് 23 കുടുംബങ്ങളാണ് ഇക്കഴിഞ്ഞ

www.malankaralibrary.com




വർഷങ്ങളിലായി സ്ഥലം വിറ്റുപോയത്. രണ്ടു വർഷത്തിനകം സ്ഥലം വിട്ടുകൊടുത്തുകൊള്ളാമെന്ന കരാറിൽ 10 കുടുംബങ്ങൾ അഡ്വാൻസ് തുക കൈപ്പറ്റുകയും ചെയ്തിരിക്കുന്നു. ആടുകൃഷി ഫാം ആരംഭിക്കുന്നതിനുവേണ്ടി എന്ന വ്യാജേനയാണ് പരപ്പയിൽ (അദൃശ്യനായ) മുതലാളി സ്ഥലം വാങ്ങിത്തുടങ്ങിയത്. ഏക്കറിന് 15 മുതൽ 35 ലക്ഷം രൂപവരെ വില കൊടുത്ത് ചേർന്നുകിടക്കുന്ന കൃഷിഭൂമികൾ വാങ്ങിച്ചെടുത്തു. അങ്ങനെ 150 ഏക്കർ സ്ഥലം 'ആടുകൃഷി'ക്കുവേണ്ടി വാങ്ങിയതിനു ശേഷമാണ് വൻതോതിലുള്ള കരിങ്കൽ ഖനനം ആരംഭിച്ചത്. ആലക്കോട്, ഉദയഗിരി പഞ്ചായത്തുകളുടെ അതിർത്തിയിലുള്ള ഈ ക്വാറിയ്ക്ക് ആര് അനുമതി നൽകി എന്ന കാര്യം ദുരൂഹമായി തുടരുന്നു.

കണ്ണൂർ ജില്ലയിലെ വാഴക്കാല, വാണിയപ്പാറ, പേരട്ട, കാപ്പിമൂല, ജോസ്ഗിരി, താബോർ, മാവുംചാൽ, ജയഗിരി, ചൂരപ്പടവ്, എന്നിങ്ങനെ നിരവധി ഗ്രാമങ്ങൾ കരിങ്കൽഖനനത്തിന്റെ തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ചെറുപുഴ പഞ്ചായത്തിലെ കൊട്ടത്തലച്ചി മലയിൽ തുടങ്ങാനിരിക്കുന്ന ക്വാറി ആളുകളുടെ ഉറക്കം നഷ്ടപ്പെടുത്തി തുടങ്ങിയിരിക്കുകയാണിപ്പോൾ. ചെറുപുഴ ഫൊറോനായിലെ ചൂരപ്പടവ്, താബോർ, ജോസ്ഗിരി, ഇടവകകളെ നേരിട്ടു ബാധിക്കുന്ന പ്രശ്നം കൂടിയാണിത്. 126 കുടുംബങ്ങൾ ഉണ്ടായിരുന്ന ചൂരപ്പടവിൽ നിന്ന് 11 കുടുംബങ്ങൾ ഇതിനകം ക്വാറിക്കായി സ്ഥലംവിറ്റ് നാടുവിട്ടുകഴിഞ്ഞു. അഞ്ചുകുടുംബങ്ങൾകൂടി താമസിയാതെ കുടിയിറങ്ങും.

താബോർ ഇടവകയിൽ നിന്ന് 30 ലേറെ കുടുംബങ്ങളാണ് പിരിഞ്ഞുപോയത്. അനേകം കുടുംബങ്ങൾ പോകാൻ തയ്യാറെടുക്കുന്നു. താബോർ, ജോസ്ഗിരി എന്നിവ 2700 അടിവരെ ഉയരമുള്ള കുന്നിൻ തലപ്പുകളാണ്. കയറ്റം കയറി എത്തിച്ചേർന്നാൽ അതിമനോഹരമായ പ്രകൃതിദൃശ്യങ്ങൾ സമ്മാനിക്കുന്ന ഗ്രാമങ്ങൾ. പക്ഷെ അവിടെ സ്ഥിരതാമസം അത്ര എളുപ്പമല്ലെന്ന് കൃഷിക്കാർ പറയും. കമുകും തെങ്ങും മിക്കവാറും നശിച്ചുകഴിഞ്ഞു. കോടമഞ്ഞും അതിവൃഷ്ടിയും കാറ്റുംമൂലം റബ്ബറോ, മറ്റു നാണ്യവിളകളോ വളരുകയില്ല. ഈ ദുരവസ്ഥ മുതലെടുത്തു കൊണ്ടാണ് ഭൂമാഫിയ ഇവിടങ്ങളിലെ കർഷകരുടെ ഭൂമി വാങ്ങിക്കൂട്ടുന്നത്.

## ചൂരപ്പടവിന്റെ മാതൃക

നമുക്കു ചൂരപ്പടവിലേയ്ക്കു തിരിച്ചുവരാം. നാട്ടുനടപ്പിലും കൂടിയ വില വാഗ്ദാനം ചെയ്താണ് ക്വാറി മാഫിയ കർഷകരുടെ ഭൂമി വാങ്ങിക്കൂട്ടിയത്. 2006ൽ പത്തേക്കർ ഭൂമി വാങ്ങിച്ചുകൊണ്ട് തുടങ്ങിയത് ഇപ്പോൾ 70 ഏക്കറിൽ എത്തിനില്ക്കുന്നു. 250 ഏക്കർ എങ്കിലും വാങ്ങാനാണത്രെ ലക്ഷ്യമിടുന്നത്. കൊട്ടത്തലച്ചി മലയിൽ സ്റ്റോൺ ക്രഷറിനുള്ള അനുമതിയാണ് നൽകിയതെങ്കിലും കരിങ്കൽ ഖനനം ആരംഭിച്ചിരിക്കുകയാണിപ്പോൾ. വൈദ്യുതിയും ഡിറ്റോണേറ്ററും ഉപയോഗിച്ചുള്ള വൻസ്ഫോടനങ്ങളുടെ ഫലമായി മലയുടെ വിദൂരമായ ഒരു ചെരിവിൽ ഉണ്ടായിരുന്ന ഒരു വീ

www.malankaralibrary.com

## കൊലയ്ക്ക് വിധിക്കപ്പെട്ട ആടുകൾ



**സഖറിയാസ് നിവ്യായോട് കർത്താവ് അരുൾ ചെയ്തു: "കൊലയ്ക്ക് വിധിക്കപ്പെട്ട ആടുകളുടെ ഇടയനാകുക" (സഖ 11, 4).**

സ്വന്തം മണ്ണിൽ അന്യരും പരദേശികളുമായി ജീവിക്കാൻ ഭരണകൂടത്താൽ വിധിക്കപ്പെട്ടവരാണ് വാഴമലക്കാർ. കഴിഞ്ഞ രണ്ടര വർഷമായി ഈ മനുഷ്യരുടെ അജപാലനശുശ്രൂഷ ഈയുള്ളവൻ നിർവ്വഹിച്ചു പോരുന്നു. നൂറോളം കുടുംബങ്ങൾ ഉണ്ടായിരുന്ന വാഴമല സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ ഇന്ന് 42 കുടുംബങ്ങൾ മാത്രം. അസൗകര്യങ്ങളും ദുരിതങ്ങളും കൊണ്ട് മലയിറങ്ങിപ്പോയവരാണ് ബാക്കിയുള്ളവർ. 1995 മുതൽ സർക്കാർ ഇവരുടെ ഭൂമിയെ വനഭൂമിയെന്നു വിളിച്ച് നികുതിപ്പണം വാങ്ങുന്നില്ല. കേരളത്തിലെ ഏറ്റവും മോശം റോഡാണ് ഇവിടെയുള്ളത് എന്ന് പറഞ്ഞാൽ അതിശയോക്തിയില്ല. വാഹനസൗകര്യങ്ങളില്ല, ഏക വരുമാനമാർഗ്ഗമായിരുന്ന തെങ്ങിന് രോഗം വന്ന് മുഴുവൻ നശിച്ചുപോയി. പത്തുരൂപാപോലും സർക്കാരിൽ നിന്നോ കൃഷിവകുപ്പിൽ നിന്നോ നഷ്ടപരിഹാരമായോ ദുരിതാശ്വാസമായോ ലഭിച്ചിട്ടില്ല.

ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും പ്രധാനപ്പെട്ട മറ്റവസരങ്ങളിലുമേ വാഴമല പള്ളിയിൽ വി. കുർബാനയുള്ളൂ. വൈദികരുടെ അസാന്നിധ്യത്തിലും ഈ ഇടവകക്കാർ ദേവാലയത്തിലുമൊരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ജപമാലയർപ്പിക്കുകയും കുരിശിന്റെ വഴി നടത്തുകയും ചെയ്യാറുണ്ട്. ദുരിതമനുഭവിക്കുന്ന ഈ മനുഷ്യരുടെ ബലിയർപ്പണങ്ങൾ യഥാർത്ഥ ഗാഗുൽത്തായുടെ അന്തരീക്ഷത്തിലാണ്. വാഴമലയിലെ കുട്ടികൾക്ക് മാതാപിതാക്കളുടെ കൂടെ ജീവിക്കാനും വളരാനും ഭാഗ്യമില്ല. അടുത്തൊന്നും വിദ്യാലയങ്ങളില്ലാത്തതിനാൽ വളരെ ദൂരെയുള്ള ബോർഡിങ്ങുകളിലോ, ഹോസ്റ്റലുകളിലോ, ബാലഭവനുകളിലോ, ബന്ധുവീടുകളിലോ താമസിച്ചാണ് അവരുടെ പഠനം. സഭയുടെയും സമൂഹത്തിന്റെയും സജീവശ്രദ്ധ വാഴമല ഇടവകയിലേയ്ക്കു തിരിയാൻ ഇതൊരു നിമിത്തമാകണമേയെന്ന് മനസാ പ്രാർത്ഥിക്കുന്നു.

**ഫാ. ഫിലിപ്പ് കാരക്കാട്ട്** (വാഴമല വികാരി), നിർമ്മലഗിരി കോളേജ്, കൂത്തുപറമ്പ്

ടിന് ഇളക്കം തട്ടിയിട്ടുണ്ട്. കിണറുകളിലെ വെള്ളം കലങ്ങാനും വറ്റാനും കാരണം ക്വാറിയാണെന്നു നാട്ടുകാർ കരുതുന്നു. പരിസ്ഥിതി ദുർബലപ്രദേശമായ ഈ മലയൊന്നാകെ വൻവിനാശത്തിന്റെ ഭീഷണിയിലാണ്. ചെറുപുഴ പഞ്ചായത്തിലെ നാലു വാർഡുകളിലെ ജീവനും കുടിവെള്ളത്തിനുമൊക്കെ ഭീഷണിയായ ഈ ക്വാറിക്കെതിരെ ജനരോഷം ഉയരുകയാണ്.

ഓഗസ്റ്റ് 28ന് KCYM ഫൊറോന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചൂരപ്പടവിൽ ഒരു റാലി നടത്തുകയുണ്ടായി. ഇനി ഒപ്പുശേഖരണം നടത്തി അധികാര കേന്ദ്രങ്ങളിൽ സമർപ്പിക്കുന്നതാണ്. കൊട്ടത്തലച്ചിക്ക് ചുറ്റുമായി വരും ദിവസങ്ങളിൽ ഒരു മനുഷ്യച്ചങ്ങല സംഘടിപ്പിക്കാനും KCYM പ്രവർത്തകർ ഒരുക്കങ്ങൾ തുടങ്ങിയിരിക്കുന്നു.

### തലശ്ശേരി അതിരൂപത

കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മലയോര ഗ്രാമങ്ങളിൽ നിന്ന് കുടിയേറ്റ കർഷകർ കുടിയിറങ്ങുന്നുണ്ട് എന്നതൊരു വസ്തുതയാണ്. കണ്ണൂർ ജില്ലയിലെ വാഴമല മുതൽ കാസർഗോഡ് ജില്ലയിലെ മേലമ്പാടി വരെയുള്ള മലയോര ഇടവകകളിൽ നടക്കുന്ന ഈ ഒഴിഞ്ഞുപോക്ക് തലശ്ശേരി അതിരൂപതയെ ഏറെ ഉത്കണ്ഠാകുലയാക്കുന്നുണ്ട്. രൂപതയിലെ തന്നെ മറ്റിടവകകളിലേയ്ക്കാണ് അവർ പോകുന്നതെങ്കിലും അവരാഗ്രഹിക്കുന്ന സാമ്പത്തിക സാമൂഹ്യ പുരോഗതി അവർക്കു ലഭിക്കുന്നില്ല എന്നതാണ് ഉത്കണ്ഠപ്പെടുത്തുന്ന കാര്യം. കുടിയിറങ്ങുന്നവരിൽ ഭൂരിഭാഗം പേരും വീണ്ടും ദാരിദ്ര്യത്തിൽ കഴിയേണ്ടി വരുന്നു എന്നാണ് (പൂർണ്ണമല്ലാത്ത) ഒരു സർവ്വേയിൽ നിന്ന് മനസ്സിലാകുന്നത്.

### പ്രത്യാശയുടെ പുതുനാമ്പുകൾ

മലബാറിൽ പുതിയ കൃഷിരീതികളും വിളകളും പരീക്ഷിക്കാൻ കർഷകരെ പ്രചോദിപ്പിച്ചതും,

www.malankaralibrary.com

നേതൃത്വം നല്കിയതും വൈദികരാണ്. പള്ളിപ്പറമ്പുകൾ തന്നെ ഉത്തമകൃഷിയിടങ്ങളുമായിരുന്നു. സമഗ്രവികസനത്തിന്റെ ആ നേതൃത്വശൈലി ഇനിയും സഭയ്ക്ക് അന്യമായിട്ടില്ല എന്നത് ഇന്നത്തെ പ്രതിസന്ധിഘട്ടത്തിൽ പ്രത്യാശ പകരുന്നു. കാരിത്താസ് ഇന്ത്യയുടെയും, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ മാവുംചാലിൽ “ജൈവസാഹോദര്യ ഹരിത ഗ്രാമം” എന്നൊരു പദ്ധതി ആരംഭിച്ചിരിക്കുകയാണ്. മൂന്നു വർഷം നീണ്ടു നില്ക്കുന്ന ഈ പദ്ധതിയിലൂടെ കർഷകന് ഭൂമിയിൽതന്നെ ഉറച്ച് നില്ക്കാനുള്ള നങ്കൂരം ഉണ്ടാകണം എന്നാണ് സംഘാടകർ ആഗ്രഹിക്കുന്നത്.

2008 മുതൽ അഞ്ചുവർഷക്കാലം “സുസ്ഥിരകൃഷിയിലൂടെയും, സുസ്ഥിരവികസനത്തിലൂടെയും കർഷകരുടെ അതിജീവനം” എന്ന ലക്ഷ്യംവച്ചാണ് ടി. എസ്. എസ്. എസ്. പ്രവർത്തിക്കുന്നത്. പഞ്ചായത്തുകളുടെ സഹകരണത്തോടെ ജൈവകൃഷി, പുതിയ വിളകളും വിത്തുകളും, വിപണന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താൻ പരിശ്രമിക്കുന്നു. 2010 ജനുവരിയിൽ നടത്തിയ മലബാർ ഫാം ഫെസ്റ്റ് (പൊലിക) ഒരുജ്ജ്വല വിജയമായിരുന്നു. കർഷകർക്കുവേണ്ടിയുള്ള ഇൻഫാമിന്റെ ഇടപെടലുകളും എണ്ണപ്പെടണം.

## കള്ളപ്പണത്തിന്റെ സ്രോതസ്സുകൾ

റോഡുകളും റിസോർട്ടുകളും ഉണ്ടാക്കാനെന്ന വ്യാജേന മലമടക്കുകളിൽ ഭൂമി വാങ്ങിക്കൂട്ടി ക്വാറികൾ തുറന്ന് പ്രകൃതിയെ കൊല്ലാക്കൊല ചെയ്യുന്ന ഭൂപ്രഭുക്കന്മാരുടെ ദുഷ്ചെയ്തികൾക്ക് സർക്കാർ വകുപ്പുകൾ കൂട്ടുനില്ക്കുന്ന കാഴ്ചയാണ് കാണുന്നത്. ബിനാമി ഇടപാടുകളുടെ ആധിക്യം മൂലം ആരാണ് ഒരു പ്ലോട്ടു വാങ്ങിയതെന്നോ ഖനനം നടത്തുന്നതെന്നോ അറിയാനാവില്ല. സുതാര്യമല്ലാത്ത പണമിടപാടുകൾ, അതും ഭീമമായ തുകകൾ, കള്ളപ്പണത്തിന്റെ സാന്നിധ്യമാണ് ചൂണ്ടിക്കാണിക്കുന്നത്. ഈ പണത്തിന്റെ സ്രോതസ്സ് ഏതാണ്? ഒരു പ്രത്യേക സമുദായത്തിൽ പെട്ടവരാണ് സ്ഥലമെല്ലാം വാങ്ങിക്കൂട്ടുന്നതെന്ന കാര്യവും ശ്രദ്ധിക്കേണ്ടതാണ്. കൃഷി ഭൂമികൾ വാങ്ങി തരിശിടുന്നതുമൂലം വനപ്രദേശത്തോടു ചേർന്നുകിടക്കുന്ന ഈ ഗ്രാമങ്ങളിൽ വന്യമൃഗശല്യം രൂക്ഷമാകുന്നതും കർഷകർക്കു ഭീഷണിയാണ്. വിളവും വിലയും നഷ്ടപ്പെട്ട പീഡിതകർഷകർക്കു വേണ്ടി സർക്കാർ എന്തെങ്കിലും ചെയ്യുന്നുണ്ടോ? സർക്കാരിനെ കാത്തുനില്ക്കാതെ മലമേടുകളിൽ സംസ്ക്കാരത്തിന്റെ പതാകകൾ പാറിച്ച കർഷകർ കറിവേപ്പിലകൾ മാത്രം!

## പരസ്ഥിതിവാദികൾ എവിടെ?

കുടിയേറ്റ കർഷകർ കൈയ്യേറ്റക്കാരാണെന്നും അവരുടെ വരവിനുശേഷമാണ് പ്രകൃതി തകർന്നതെന്നും നിലവിളിച്ചുകൊണ്ടിരുന്ന പരിസ്ഥിതിവാദികളും പ്രകൃതിസ്നേഹികളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കൊടും കൊള്ളകൾക്കെതിരെ ‘കമ’ എന്ന ഒരക്ഷരം മിണ്ടിക്കേട്ടിട്ടില്ല. കർഷകർ മണ്ണിനേയും ചെടിയേയും സ്നേഹിക്കുന്നവരാണ്. “ഇനിയും മരിക്കാത്ത ഭൂമിയുടെ” നെഞ്ചകത്തിൽത്തന്നെ ബോംബുവയ്ക്കുന്ന ഈ കാപാലികരോ? ■

### വിഷകന്യക

പകൽസമയം എപ്പോഴായാലും കുളിയൻപാറക്കുന്നിലേയ്ക്ക് നോക്കിയാൽ പുല്ലു ചെത്തിക്കൊണ്ടിരിക്കുന്ന മറിയത്തിന്റെ അവ്യക്തരൂപം ദൂരെനിന്ന് കാണാം.

അവൾ പ്രകാശത്തിനു മുമ്പ്, കഞ്ഞിവെച്ചൊരുക്കി കലത്തിൽ പകർന്നു മൂടിവെച്ച്, കുഞ്ഞിനു മുലകൊടുത്ത് അപ്പന്റെ അരികെ കിടത്തി മുറ്റത്തിറങ്ങി മൺവെട്ടിയെടുത്തു ചുമലിൽവച്ച്, കവാത്തിനിറങ്ങുന്ന പട്ടാളക്കാരനെപ്പോലെ പുറപ്പെടും. കൊത്തുക, കിളയ്ക്കുക, പുല്ലു പറിക്കുക, മരങ്ങളുടെ മുരടു പറിക്കുക, അങ്ങനെ ഉച്ചവെയിലത്ത് വിയർത്തൊലിച്ചുകൊണ്ട് അവൾ കൈയ്യും മെയ്യും ചായ്ക്കാതെ ചത്തു പണിയെടുക്കും. പത്തുമണിയാകുമ്പോൾ മാത്തനും മെല്ലെ അരിച്ചെത്തും. മധ്യാഹ്നമായാൽ അവർ പണിനിർത്തി തിരിയെ പുരയിലേയ്ക്ക് പോകും. കഞ്ഞിയും കഴിച്ച് അര മണിക്കൂർ നേരം ഒന്നു മയങ്ങും. വീണ്ടും പുറപ്പെടും. ഇരുട്ടുമയങ്ങി, വഴി കാണാൻ വയ്യ എന്നാകുന്നതുവരെ മറിയം പണി തുടർന്നുകൊണ്ടേയിരിക്കും. അങ്ങനെ കുന്നു മുഴുവനും തെളിയാറായി...

**എസ്. കെ. പൊറ്റക്കാട്**, *വിഷകന്യക*, പേജ് 39

www.malankaralibrary.com



# കാർഷിക പശ്ചാത്തലം

ഡോ. അബ്രഹാം പാലത്തിങ്കൽ
*വികാരി, ഹോളി സ്പിരിറ്റ് പള്ളി, മണ്ണാർക്കാട്*

കുടിയേറ്റത്തിന്റെ പിറകിൽ കാർഷിക കാരണങ്ങളായിരുന്നപോലെ തന്നെയാണ് കുടിയിറക്കത്തിന്റെയും പിന്നിലേക്ക് തിരിഞ്ഞുനോക്കിയാലും. തകർന്നുകൊണ്ടിരിക്കുന്ന കാർഷിക മേഖലയെ പുനരുദ്ധരീകരിക്കാനുള്ള ദീർഘകാല പദ്ധതികൾക്കാണ് സർക്കാരും സമൂഹവും രൂപം കൊടുക്കേണ്ടത്

നാടും വീടും ഉറ്റവരെയും ഉടയവരെയും വിട്ട് മെച്ചപ്പെട്ട മേച്ചിൽസ്ഥലങ്ങൾ തേടി പുറപ്പാടനുഭവത്തിലൂടെ കാനാൻദേശം തേടിയിറങ്ങിയവരാണ് വടക്കൻ കേരളത്തിലെയും പടിഞ്ഞാറൻ സഹ്യചരിവുകളിലെയും ഭൂരിഭാഗം ക്രൈസ്തവ കുടുംബങ്ങളും.

## കാർഷിവൃത്തി

പാലക്കാടിനെ സംബന്ധിച്ചിടത്തോളം അട്ടപ്പാടിയും, മണ്ണാർക്കാടും, കാഞ്ഞിരപുഴയും, മംഗലംഡാമും, ഒലിപ്പാറയും, രാജഗിരിയും, പാലക്കുഴിയും, വടക്കുഞ്ചേരിയുമൊക്കെ കുടിയേറ്റ കേന്ദ്രങ്ങളാണ്. അദ്ധ്വാനശീലരായിരുന്ന തിരുവിതാംകൂറിലെ, പ്രത്യേകിച്ച് തെക്കൻ തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ ചുരുങ്ങിയ വിലയ്ക്ക് സ്ഥലങ്ങൾ വാങ്ങിച്ച് കാടും മേടും വെട്ടിയൊരുക്കി റബ്ബറും, തെങ്ങും, കവുങ്ങും, ഏലവും കാപ്പിയും, കപ്പയും, ഇഞ്ചിയും, മഞ്ഞളും, കുരുമുളകും, വാഴയും മറ്റും നട്ടുപിടിപ്പിച്ചു.

വൻകിട കർഷകർ നാണ്യവിളകളിൽ ഊന്നൽ നല്കിയപ്പോൾ ചെറുകിട കർഷകർ അന്നന്നുവേണ്ട അപ്പത്തിന് വേണ്ടിയുള്ള പോരാട്ടത്തിൽ ഭക്ഷ്യവിളകൾക്കും പച്ചക്കറികൾക്കും പ്രാധാന്യം നല്കിവന്നു. സ്വയം പര്യാപ്തതയുടെ, സാമ്പത്തികസുരക്ഷിതാബോധത്തിന്റെ, വൈവിധ്യമാർന്ന കൃഷികളുടെ കലവറകളായിരുന്നു ഓരോ ചെറുകിട കർഷകന്റെയും കൃഷിസ്ഥലങ്ങൾ. ഒന്നോ രണ്ടോ ഹെക്ടർ കൃഷിഭൂമിയുള്ള ഒരു കർഷകകുടുംബം അന്തസ്സോടും അഭിമാനത്തോടും സമൃദ്ധിയോടും കൂടെ ജീവിച്ചുവന്നു. ഒരു സാധാരണ സിവിൽ സർവ്വീസ് ജീവനക്കാരന് (ഉദാ-അധ്യാപകൻ, പോലീസ്, പോസ്റ്റുമാൻ) ലഭിച്ചിരുന്ന വരുമാനത്തിന്റെ അഞ്ചിരട്ടിയെങ്കിലും വരുമാനം ഒരു ചെറുകിടകർഷകന് ലഭിച്ചിരുന്നു. ജോലിക്കാർ 300 മുതൽ 600 രൂപവരെ ശമ്പളം സമ്പാദിച്ചിരുന്നപ്പോൾ അദ്ധ്വാനശീലരായ കർഷകർ ആയിരങ്ങൾ സമ്പാദിച്ചിരുന്നു.

കർഷകന്റെ അത്യദ്ധ്വാനവും, സ്വതന്ത്രഭാരതത്തിന്റെ ആദ്യത്തെ ഭരണകർത്താക്കളുടെ ദിശാബോധവും, ഭാരതത്തിന്റെ പട്ടിണിയും, കാർഷികമേഖലയ്ക്ക് പ്രാധാന്യം നല്കുന്ന ഒരു സാമ്പത്തിക സംവിധാനത്തിന് രൂപംകൊടുക്കാൻ കാരണമായി.

www.malankaralibrary.com



## പാത്തൻപാറ

1967–ൽ വളരെയധികം പ്രതീക്ഷകളോടെയാണ് പാത്തൻപാറയിലേയ്ക്ക് ഞാനും കുടുംബവും പോയത്. പക്ഷെ നീണ്ട നാല്പതുവർഷത്തെ ജീവിതത്തിനൊടുവിൽ എനിക്കവിടം വിട്ട് പോരേണ്ടി വന്നു. ഇപ്പോൾ ആലക്കോടിനടുത്ത് ഒറ്റതൈ എന്ന സ്ഥലത്താണ് താമസം.

1960–ൽ പാലായിലെ എലിക്കുളത്തുനിന്നുമാണ് എന്റെ ചാച്ചനും അമ്മയും കണ്ണൂർ ജില്ലയിലെ പുലിക്കുരുമ്പയിലേയ്ക്ക് കുടിയേറിയത്. അവിടെ നിന്നുമാണ് ഞങ്ങൾ പാത്തൻ പാറയിലേയ്ക്ക് പോയത്. അവിടെ ഞാൻ 14 ഏക്കർ സ്ഥലത്ത് നെല്ല്, കപ്പ, കമുങ്ങ്, കശുമാവ്, കുരുമുളക് എന്നിവ കൃഷിചെയ്തു. 10 വർഷം മുമ്പുവരെ അവിടുത്തെ മണ്ണ് എന്നെ ചതിച്ചിട്ടില്ല. സമൃദ്ധമായ വിളവ് ആ മണ്ണിൽ നിന്നും ലഭിച്ചിരുന്നതിനാൽ കനത്ത കോടമഞ്ഞും, കാട്ടുമൃഗശല്യവും ഞങ്ങളാരും വകവച്ചില്ല. പിന്നീട് നിവൃത്തികേടുകൊണ്ട് എനിക്ക് പാത്തൻപാറയിലെ 14 ഏക്കറും നിസാരവിലയ്ക്ക് വില്ക്കേണ്ടിവന്നു; വെറും രണ്ടുലക്ഷം രൂപയ്ക്ക്.

പാത്തൻപാറവിട്ട് പോരേണ്ടിവന്നതിനു പ്രധാന കാരണം കാലാവസ്ഥ മാറ്റത്തെ തുടർന്നുണ്ടായ കൃഷിനാശമാണ്. മഞ്ഞളിപ്പുരോഗത്തെ തുടർന്ന് കമുങ്ങും, മണ്ടചീയലിനാൽ തെങ്ങും നശിച്ചു. കിട്ടുന്ന വിളകൾക്കാണെങ്കിൽ വിലയും ഇല്ല. കുടുംബത്തിൽ ദാരിദ്ര്യമായി; കടം കയറി.

മക്കൾക്ക് സ്കൂളിൽ പോകണമെങ്കിൽ 12 കിലോമീറ്റർ അകലെയുള്ള ആലക്കോട് സ്കൂളിലേയ്ക്ക് നടന്നുപോകണമായിരുന്നു. മാത്രവുമല്ല പ്രായമായപ്പോൾ രോഗങ്ങളും കൂടി. ആശുപത്രി സൗകര്യത്തിനായും വളരെയധികം ബുദ്ധിമുട്ടി. പാത്തൻപാറയിലെ മാന്തട്ട അൽഫോൻസാ കുരിശുപള്ളിയ്ക്കു കീഴിൽ 40 വീട്ടുകാരുണ്ടായിരുന്നു. ഇപ്പോൾ വെറും 12 വീട്ടുകാരേയുള്ളൂ. പാത്തൻപാറയിലെ ഒരു മലയിലെ 300 ഏക്കർ സ്ഥലം ഇപ്പോൾ ഒരു സ്വകാര്യവ്യക്തിയുടെ കൈവശമാണ്. കാര്യമായ വിളയൊന്നും കിട്ടാതെ ഏക്കറുകളുണ്ടായിട്ടും കഷ്ടതയിൽ കഴിയുന്ന നിരവധിപേർ അവിടെയുണ്ട്. ചെട്ടിമറ്റം ബിന്ദു, പൊന്തപ്ലാക്കൽ സണ്ണി, വടക്കേടത്ത് പാപ്പച്ചൻ എന്നിവരെല്ലാം ഇപ്പോഴും അവിടെ തന്നെയാണ്.

നാല്പതുവർഷത്തെ വാസത്തിനുശേഷം 2007 ൽ ഞാൻ പാത്തൻപാറ വിടുമ്പോൾ തകർന്നത് കുടിയേറ്റകാലത്ത് എനിക്കുണ്ടായിരുന്ന പ്രതീക്ഷകളായിരുന്നു.

**ഉറുമ്പടയിൽ അപ്പച്ചൻ**, പാത്തൻപാറ

## കൃഷിയുടെ തകർച്ച

ഹരിതവിപ്ലവം കൊളുത്തിവിട്ട തീപന്തത്തിന്റെ ആന്ദോളനത്തിൽ കത്തിയെരിഞ്ഞുപോയ മണ്ണിന്റെ ജൈവവൈവിധ്യവും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയും ഇന്ന് കുടിയിറക്കത്തിന്റെ കാരണമായി ഭവിച്ചിട്ടുണ്ട് എന്ന കാര്യം വിസ്മരിക്കാനാവതല്ല. വിളവിന് ആക്കം കൂട്ടാൻ ഉപയോഗിച്ച കീടനാശിനികളും രാസവളങ്ങളും മണ്ണിനെയും മനുഷ്യനെയും ഒരുപോലെ അവശരാക്കി. അസ്ഥിരമായ വിലനിലവാരങ്ങളും, ശക്തമായ കീടാക്രമണങ്ങളും, രോഗങ്ങളും കർഷകന്റെ മനം മടുപ്പിച്ചു. കർഷക ജനത ഇന്ന് വംശനാശത്തിന്റെ വക്കിലെത്തിനില്ക്കുന്നു. കാർഷികവൃത്തി അഭികാമ്യമല്ലാത്ത, ആദായകരമല്ലാത്ത അത്യദ്ധ്വാനത്തിന്റെ വെറുക്കപ്പെട്ട മേഖലയായി പരിണമിച്ചുകൊണ്ടിരിക്കുന്നു. കടത്തിൽ നിന്നും കടത്തിലേയ്ക്കും കൂപ്പുകുത്തി തളർന്നുവീഴുന്ന കർഷകരുടെ എണ്ണം കുറവല്ല. കക്ഷിരാഷ്ട്രീയത്തിന്റെ സംരക്ഷണയിൽ സംഘം ചേർന്ന് സമരം ചെയ്തു നികുതിപ്പണം ശമ്പളമായി പോക്കറ്റിലാക്കി അവകാശങ്ങളും ആനുകൂല്യങ്ങളും പിടിച്ചുവാങ്ങുന്ന ഉദ്യോഗസ്ഥഗണം അഞ്ചക്കശമ്പളത്തിലെത്തി തഴച്ചു വളരുമ്പോൾ കർഷകർ അധഃപതനത്തിന്റെ വേലിയിറക്കത്തിലാണ്. വരും തലമുറയിൽ ഒരാൾപോലും കാർഷികമേഖലയിലേയ്ക്കിറങ്ങാൻ തയ്യാറല്ല എന്ന സത്യം സമൂഹവും, ഭരണകർത്താക്കളും അറിയുന്നില്ല. കർഷകജനത വംശനാശഭീഷണിയിലാണ്.

www.malankaralibrary.com



മാന്തട്ട് കുരിശുപള്ളി, പാത്തൻപാറ

കുടിയേറ്റം പ്രതീക്ഷയുടേതായിരുന്നെങ്കിൽ കുടിയിറക്കം നിരാശയുടെ ലക്ഷണമാണ്. ഈ നിരാശ കർഷകജനതയ്ക്ക് അനുഭവിക്കേണ്ടി വരുന്നതിന് പിന്നിൽ കേരളത്തിന്റെ രാഷ്ട്രീയ സാമ്പത്തിക പശ്ചാത്തലമുണ്ട്. മണ്ണിനെ സ്നേഹിച്ചു പണിയെടുക്കാൻ മാത്രം പഠിച്ച കർഷകന് സമരം ചെയ്യാനും അവകാശങ്ങൾ നേടിയെടുക്കാനും സമയമുണ്ടായില്ല എന്നതാണ് ഒരു വസ്തുത.

## കാർഷികസർവ്വകലാശാലകൾ

കർഷകനെ രക്ഷിക്കാൻ സ്ഥാപിതമായ യൂണിവേഴ്സിറ്റികളും, ഡിപ്പാർട്ട്മെന്റുകളും, പ്രോജക്ടുകൾ ചെയ്ത് കോടികൾ അടിച്ചുപൊളിക്കുന്ന സ്ഥാപനങ്ങളായി ഉദ്യോഗസ്ഥവൃന്ദത്തെ പോറ്റിവളർത്തിക്കൊണ്ടിരിക്കുന്നു. ഇവയിൽ നിന്ന് സാധാരണ കർഷകന് ലഭിക്കുന്ന ഉപകാരമെന്ത്? കർഷകന്റെ രക്ഷയ്ക്കായി കാർഷിക പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന ഒരു പുത്തൻ അക്കാദമിക് സംസ്ക്കാരം രൂപപ്പെടുമെന്ന പ്രതീക്ഷയ്ക്കു പോലും ഇനി വകയില്ല.

കുടിയേറ്റത്തെ പ്രോത്സാഹിപ്പിച്ച സഭ കുടിയിറക്കത്തിൽ അന്തർലീനമായിക്കിടക്കുന്ന നിരാശയുടെ വേരുകൾ കണ്ടെത്തി കാർഷികസംസ്ക്കാരം പുനഃസ്ഥാപിക്കാൻ പ്രതിജ്ഞാബദ്ധയാകേണ്ടതാണ്. ■

## ബെസ്പുർക്കാന

കുട്ടികൾക്ക് പഠിക്കാൻ പള്ളിക്കൂടങ്ങളില്ല, പ്രാർത്ഥിക്കാനും ഒത്തുകൂടാനും പള്ളിയില്ല, പോസ്റ്റാഫീസ് ഇല്ല. കൃഷിക്കാർ ഇങ്ങനെ പലേ ആവശ്യങ്ങളും പറഞ്ഞു.

ഇതെല്ലാം കേട്ട് ഫാദർ സമരിയാൻ പറഞ്ഞു. "ഈ പറഞ്ഞതെല്ലാം പാവപ്പെട്ട കൃഷിക്കാരായ നമ്മുടെ ആവശ്യങ്ങളാണ്. ഇതിനെ പല തരങ്ങളായി തിരിക്കേണ്ടി വരും. എന്നിട്ട് കർഷകരുടേതായ ഒരു നേതൃത്വം... ഇത്തരം കാര്യങ്ങളിൽ പലതിലും ഇടപെടേണ്ടതായി വരും. എനിക്കിതേപോലെ ഒരുപാട് കുന്നുകൾ കേറിയിറങ്ങാനുണ്ട്. അതുകൊണ്ട് ഇവിടത്തെ ഒരു നേതൃത്വത്തെ ഇപ്പത്തന്നെ തിരഞ്ഞെടുക്കുക.

"ഇത് സംഘടിപ്പിച്ചവർ തന്നെ തത്ക്കാലം നയിക്കട്ടെ. ഇത്രേം ബുദ്ധിമുട്ടി കുന്നും മലേം കേറി ഞങ്ങളെ ഇവിടെ കൂട്ട്യത് അവര് മൂന്നാളാണല്ലോ..."

**കെ.ജെ. ബേബി**, *ബെസ്പുർക്കാന*, പേജ് 128

www.malankaralibrary.com



# പ്രതിവിധികൾ

അഗസ്റ്റിൻ മഠത്തിപ്പറമ്പിൽ
*പാസ്റ്ററൽ കൗൺസിൽ മെമ്പർ, താമരശ്ശേരി രൂപത*

കുടിയേറ്റ മേഖലയിലെ കാർഷിക പ്രതിസന്ധിക്കുള്ള പ്രതിവിധികൾ എന്തൊക്കെയാണ്? സഭാസമൂഹത്തിനും നേതൃത്വത്തിനും ഈ രംഗത്ത് എന്തൊക്കെ ചെയ്യാനാവും. ചില നിർദ്ദേശങ്ങൾ.

1940 കളിൽ ആരംഭിച്ച മലബാർ കുടിയേറ്റം ഒരു ജനതയുടെ കഠിനാധ്വാനത്തിന്റേയും ദീർഘവീക്ഷണത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും വിജയഗാഥയാണ് സൃഷ്ടിച്ചത്. മരങ്ങൾ വെട്ടിനീക്കപ്പെട്ട മുളംകാടുകൾ ജന്മിമാരിൽ നിന്ന് വിലയ്ക്ക് വാങ്ങി കന്നിമണ്ണിൽ കഠിനാധ്വാനത്തിന്റെ വിത്ത്പാകി കനകം വിളയിച്ച പൂർവ്വപിതാക്കൾ. വന്യമൃഗങ്ങളും മലമ്പനിയും പ്രതികൂലമായപ്പോൾ ദൈവപരിപാലനയുടെ ഋതുഭേദങ്ങളെ അതിജീവിക്കുന്ന പാറയുടെ കരുത്തുള്ള ദൈവവിശ്വാസവും അതിജീവനത്തിന്റെ പുതുവഴികൾ തേടാൻ പ്രചോദനമാകുന്ന വൈദികരും അവർക്ക് കരുത്തായി.

ഇസ്രായേൽ സമൂഹത്തിന് സമാഗമകൂടാരം പോലെ ദൈവസാന്നിധ്യത്തിന്റെ ദേവാലയങ്ങൾ അവർക്കു പ്രാർത്ഥിക്കാനും ഒത്തുകൂടാനും ആവലാതികളും നേട്ടങ്ങളും പങ്ക്വെയ്ക്കാനുമുള്ള ആശ്രയ കേന്ദ്രങ്ങളായി. ദേവാലയവും പള്ളിക്കൂടവും പാലവുമെല്ലാം വൈദികനേതൃത്വത്തിന് പിന്നിൽ അണിനിരന്ന കുടിയേറ്റജനതയുടെ ആർജ്ജവത്തിന്റെ ശേഷിപ്പുകളാണ്.

## കുടിയിറക്കത്തിന്റെ കാരണങ്ങൾ

കുടിയേറ്റത്തിന്റെ 70 വർഷങ്ങൾ പിന്നിടുമ്പോൾ കുടിയിറക്കത്തിന്റെ കേളികൊട്ട് ഉയരുന്നതുപോലെ. കാലത്തിന്റെ കനലെരിയും വഴികളിൽ കാൽപൊള്ളിക്കാൻ ഇഷ്ടപ്പെടാത്ത പുതുതലമുറയുടെ കുടിയിറക്കം ആരംഭിച്ചിരിക്കുന്നു. വ്യവസായ വിപ്ലവം നൂറ്റാണ്ടുകൾക്ക് മുമ്പ് സൃഷ്ടിച്ച നഗരവത്ക്കരണം അതിഭീകരമായി കുടിയേറ്റ ഗ്രാമങ്ങളിലെ കാർഷിക കുടുംബങ്ങളിലേയ്ക്ക് എത്തിനോക്കുന്നു.

കഴിഞ്ഞ പത്തുവർഷംകൊണ്ട് 280 കുടുംബങ്ങൾ 180 ആയി ചുരുങ്ങിയ മുത്തപ്പൻപുഴ ഇടവക, 750 കുടുംബങ്ങളിൽ നിന്ന് 550 ലേയ്ക്ക് ചുരുങ്ങിയ കക്കാടംപോയിൽ, 300 കുടുംബങ്ങളിൽ നിന്ന് 200 ലേയ്ക്ക് എത്തി നില്ക്കുന്ന മഞ്ഞക്കടവ്. അവസാനിക്കാത്ത പട്ടികയിലെ ഏതാനും ചുരുക്കെഴുത്തുകൾ മാത്രമാണിവ. ഭൂമിവിറ്റ് സമീപത്തെ ചെറുതും വലുതുമായ പട്ടണങ്ങളിലെ പത്ത് സെന്റിലും ഫ്ളാറ്റിലും വാടകവീട്ടിലും ഒതുങ്ങുന്നവർ, വീടും കൃഷിസ്ഥലവും നിലനിർത്തിക്കൊണ്ട് തന്നെ നഗരത്തിലേയ്ക്ക് പറിച്ച് നടപ്പെടുന്നവർ, മക്കൾക്ക്

www.malankaralibrary.com




പിന്നാലെ നാടും രാജ്യവും വിട്ട് പോകേണ്ടിവരുന്നവർ. കാരണം എന്തുമാകട്ടെ അധ്വാനത്തിന്റെ അത്ഭുതങ്ങൾ രചിക്കപ്പെട്ട പല കുടിയേറ്റഗ്രാമങ്ങളും ഇന്ന് ആ ജനതയ്ക്ക് അന്യമാകുന്നു.

വിലത്തകർച്ചയും കൃഷിത്തകർച്ചയും സൃഷ്ടിക്കുന്ന അനിശ്ചിതത്വം, കാർഷിക മേഖലയിലേയ്ക്ക് കടന്നുവരാൻ മടിക്കുന്ന പുതുതലമുറ, ഗതാഗത സൗകര്യങ്ങളുടെ കുറവ്, ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തത, കൃഷിപ്പണികൾക്ക് ജോലിക്കാർ ഇല്ലാത്ത അവസ്ഥ, ഉല്പാദിപ്പിക്കുന്ന വിളകൾക്ക് കൃത്യമായ മാർക്കറ്റിംഗ് ഇല്ലാത്ത അവസ്ഥ ഇവയൊക്കെയാണ് കർഷകർ നേരിടുന്ന പ്രതിസന്ധികൾ.

## പോംവഴികൾ

പാരമ്പര്യ കൃഷിരീതികളുടെയും വിളകളുടെയും വെറും പിൻതുടർച്ചക്കാരെന്നതിൽ നിന്ന് ശാസ്ത്രീയ കൃഷി രീതികളിലേയ്ക്ക്, മാർക്കറ്റിന്റെ സാധ്യതകൾക്കനുസരിച്ചുള്ള ഉല്പാദനത്തിലേയ്ക്ക് കർഷകരെ

### പരപ്പ



1950 കളിലാണ് പരപ്പയിലേയ്ക്ക് കുടിയേറ്റം നടന്നത്. മലകളോടും രോഗങ്ങളോടും കാട്ടുമൃഗങ്ങളോടും പടവെട്ടിയാണ് പരപ്പ ഇന്ന് കാണുന്ന രീതിയിലേയ്ക്ക് വികസിച്ചത്. കൃഷിയ്ക്ക് അനുയോജ്യമായ കാലാവസ്ഥ ഇവിടുത്തെ ജനങ്ങളെ സാമ്പത്തികമായി ഉയർത്തി. പക്ഷെ ഭൂമാഫിയയുടെ കടന്നുകയറ്റം പരപ്പയ്ക്ക് ഇന്ന് ഭീഷണിയായി ത്തീർന്നിരിക്കുന്നു. ഇടവകയിലെ ഒരു വാർഡായ മുതുശ്ശേരി എ. ബി വാർഡുകളിലായി 38 വീട്ടുകാരുണ്ടായിരുന്നതിൽ 22 കുടുംബങ്ങളും സ്ഥലം വിറ്റുപോയി. താമസിക്കുന്ന മറ്റു കുടുംബങ്ങളും ഏതാനും മാസങ്ങൾക്കുള്ളിൽ ഇവിടം വിടുമെന്നാണ് അറിയുന്നത്. മലമുകളിലെ സ്ഥലത്തിന് ലഭിക്കാവുന്നതിന് അധികമെന്ന് തോന്നുന്ന പണം നൽകുമ്പോൾ ആളുകൾ മറ്റൊന്നും നോക്കാതെ ഇവിടെനിന്നും പോകുന്നു.

ഞാൻ പരപ്പ പള്ളി വികാരിയായിട്ട് രണ്ടുവർഷം കഴിഞ്ഞു. ഈ രണ്ടുവർഷത്തിനിടയ്ക്ക് ഇടവകാംഗങ്ങളുടെ എണ്ണത്തിൽ ആശങ്കാജനകമായ കുറവാണ് സംഭവിച്ചിരിക്കുന്നത്. ആടുഫാം ഉണ്ടാക്കുവാനായിട്ടാണ് മുതുശ്ശേരി മലയിലെ നല്ലൊരുഭാഗം ഒരു പ്രത്യേക സമുദായത്തിലെ സ്വകാര്യവ്യക്തി വാങ്ങിയത്. എന്നാൽ പറഞ്ഞതിന് വിരുദ്ധമായി സാവകാശം അത് കരിങ്കൽ ക്വാറിയ്ക്കു വഴിമാറി. ജനങ്ങൾക്ക് ഭീഷണിയുയർത്തിക്കൊണ്ട് പ്രവർത്തിക്കുന്ന ക്വാറികൾ എന്റെ ഇടവകയ്ക്ക് മാത്രമല്ല സമീപപ്രദേശങ്ങളായ ആലക്കോട്, ഉദയഗിരി, അലുമ്പ് എന്നിവിടങ്ങളിലെ ജനങ്ങൾക്കും ഭീഷണിയാണ്.

ഒരു സ്ഫോടനത്തിൽ 100 വെടികൾ പൊട്ടത്തക്കവിധത്തിലുള്ള സംവിധാനങ്ങളാണ് ക്വാറിയുടമയുടെ പക്കലുള്ളത്. ഇത്തരം സ്ഫോടനങ്ങൾ കുന്നിൻ ചരുവിൽ താമസിക്കുന്നവരുടെ വീടുകൾക്ക് വിള്ളൽ വീഴ്ത്തിയിരിക്കുന്നു. സഭയുടെ പൂർണ്ണ പിന്തുണയില്ലാതെ ഞങ്ങൾക്ക് ഒന്നും ചെയ്യാനാവില്ല. ഇപ്പോൾതന്നെ എനിക്കെതിരെ പല ഭീഷണികളും ഉയർന്നുവരുന്നുമുണ്ട്.

**ഫാ. ജോയി മടത്തിമാലിൽ**, സെന്റ് ജോസഫ് ചർച്ച്, പരപ്പ

www.malankaralibrary.com



സെന്റ് ജോസഫ് പള്ളി, പരപ്പ

വഴി തിരിച്ചു വിടാൻ കഴിയണം. പ്രതിബന്ധങ്ങളിലും ചതിക്കുഴികളിലും ദൈവപരിപാലന ദർശിച്ച പൂർവ്വികരുടെ പിൻതലമുറക്കാരാകാനുള്ള പരിശീലനവും അത്യാവശ്യമായിരിക്കുന്നു.

കൃഷിയും, യന്ത്രഉപയോഗസാധ്യതകളും, കാലത്തിനും മാർക്കറ്റിനും അവശ്യമായ ഉല്പാദനവുമെല്ലാം തീവ്രബോധവത്ക്കരണത്തിന്റെ ഭാഗമാക്കണം. കൂടരഞ്ഞി റവ. ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരാക്കാട്ടുകുന്നേൽ പ്രയോഗത്തിൽ കൊണ്ടു വന്നതു പോലുള്ള 'ഉണർവ്' കാർഷികോല്പന്ന ആഴ്ച ചന്തകളും കൃഷി ജോലികൾക്കായുള്ള 'കർമ്മസേന' യും വ്യാപിപ്പിക്കേണ്ടതുണ്ട്.

കാർഷിക ഉല്പന്നങ്ങൾക്ക് പട്ടണങ്ങൾ കേന്ദ്രീകരിച്ച് വിപണന കേന്ദ്രങ്ങൾ സ്ഥിരമായി ആരംഭിക്കാൻ കഴിയണം. കേന്ദ്രസംസ്ഥാന സർക്കാരുകൾ, നബാർഡ് എന്നിവയിൽ നിന്നുള്ള സഹായങ്ങൾ യഥാസമയം കർഷകരിൽ എത്തിക്കാൻ സ്ഥിരം സംവിധാനം ആവശ്യമാണ്.

നമ്മുടെ ഇടവകകൾ കാർഷിക സൗഹൃദ ഇടവകകളായി പ്രതിസംസ്ക്കാരം രൂപപ്പെടുത്തണം. ഭക്ഷ്യവിളകളുടെ സ്വയം പര്യാപ്തത ഓരോ ഇടവക കളും ലക്ഷ്യമായി ഏറ്റെടുക്കണം. പാരമ്പര്യേ തര കാർഷിക വിളകൾ കാലാവസ്ഥയും സാ ഹചര്യവും അനുസരിച്ച് പരീക്ഷിക്കാനും പി ന്തുണ നല്കാനും ഗവേഷണ പ്രവർത്തനങ്ങ ൾ നടക്കേണ്ടതുണ്ട്. വിളകളുടെ സംഭരണ വും, സംസ്ക്കരണവും, സൂക്ഷിക്കലും, വില്പ നയും നടത്താൻ വ്യവസ്ഥാപിതമായ സംവി ധാനങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

പരിസ്ഥിതിയും കാലാവസ്ഥയും സംരക്ഷി ക്കുന്ന കാർഷികസംസ്ക്കാരം ഇവിടെ നില നില്ക്കണം. കാർഷിക സാധ്യതകളുടെ വെല്ലു വിളി ഏറ്റെടുക്കാൻ തയ്യാറാകുന്ന വൈദികരെ പ്രോത്സാഹിപ്പിക്കാൻ അധികാരികളും അവ രോടൊപ്പം നില്ക്കാൻ ഇടവകകളും തയ്യാറാവ ണം. സഹകരണമാണ് വിജയം എന്ന സാമൂ ഹ്യചിന്തയാണ് പഴമയുടെ കപ്പവാട്ടലും പുര കൊയ്ത്തും വിതയും നമ്മെ പഠിപ്പിക്കുന്ന പാഠം. ആ സമുദായബോധവും ഒരുമയും സഹകരണവും നമ്മുടെ ഒന്നാമത്തെ ലക്ഷ്യ മാക്കി ജീവനും പരിസ്ഥിതിക്കും വേണ്ടി നില കൊള്ളുന്ന ഒരു സമൂഹം സൃഷ്ടിക്കാനാണ് നാം സത്വരമായി ശ്രമിക്കേണ്ടത്. ■

### ഒറോത

അടുത്ത കൊല്ലം മണ്ണൊലിപ്പുണ്ടായില്ല. പക്ഷെ, കേഴ എന്ന കാട്ടാടിൻപറ്റം ഇറങ്ങിവന്ന് വിളവുമുഴുവൻ നശിപ്പിച്ചു. കുടിയേറ്റക്കാർ പഷ്ണിക്കാരായി. അതിനടുത്ത കൊല്ലം അവരെ നശിപ്പിക്കാൻ വന്നത് വരൾച്ചയാണ്. പിന്നെ കാട്ടുപന്നികളുടെ ശല്യം. കാട്ടുപന്നികളേയും കാട്ടാടുകളേയും തേടി താഴേക്കിറങ്ങിവന്ന കടുവകളുടെ ശല്യം. ഓരോ രീതിയിലും എരിതീയിൽ എണ്ണ എന്നമാതിരി ഏതോ ശാപംപോലെ ഓരോരോ കെടുതികൾ കുടിയേറ്റക്കാരുടെമേൽ വന്നുപതിച്ചുകൊണ്ടിരുന്നു. കടുവയുടെ ശല്യകാലത്താണ് പിണ്ണാക്ക നാട്ടുകാരൻ തേക്കിൻ കാട്ടിൽ മത്തായിയച്ചൻ കടുവാപ്പാതി എന്ന ബഹുമതിയ്ക്കർഹനായത് ...

**കാക്കനാടൻ**, *ഒറോത*, പേജ് 74

www.malankaralibrary.com



# ഒരു പുഴപോലെ...

അജപാലകർ തങ്ങളുടെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുന്ന പംക്തിയാണിത്. ജീവിതം അവരെ പഠിപ്പിച്ചത് പിൻതലമുറയ്ക്ക് സമ്പത്തായിരിക്കും. ഇത്തവണ **ഫാ. വിൻസെന്റ് വാരിയത്ത്.** വരാപ്പുഴ രൂപത. ജനനം 7.7.1970-ൽ. 1996 ഏപ്രിൽ 15ന് വൈദികപട്ടം സ്വീക രിച്ചു. മനഃശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം. ഇപ്പോൾ കടവന്ത്ര സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് വികാരിയായി സേവനം ചെയ്യുന്നു.

● ഒരു വൈദികനെന്ന നിലയിൽ അങ്ങേയ്ക്ക് ഏറ്റവും സംതൃപ്തി നല്കുന്നതെന്താണ്?

പ്രത്യേകിച്ച് പ്രതീക്ഷയൊന്നുമില്ലാതെ തിരിച്ച് എന്തെങ്കിലും കിട്ടുമെന്ന പ്രതീക്ഷയില്ലാതെ മറ്റുള്ള വർക്ക് നല്കി ജീവിക്കുന്നതിന്റെ ഒരു സുഖം; ഒരു പുഴപോലെ, വെയിൽ പരക്കുന്നപോലെ.

● കേരളത്തിൽ വൈദികർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി എന്താണ്?

എനിക്ക് തോന്നുന്നു ഒരു ഐഡന്റിറ്റി ക്രൈസിസ് വൈദികർക്കുണ്ട്. ശരിയായ സ്വത്വബോധം നേടി യിട്ടില്ല, ദിശാബോധം നഷ്ടപ്പെടുന്നുണ്ട്. പതിനൊന്നു വർഷക്കാലത്തെ പരിശീലനത്തിനിടയിൽ അവർ എന്തായിരിക്കണം, എന്താണ് എന്ന് വ്യക്തമായിട്ട് മനസ്സിലാക്കാത്തതുപോലെ തോന്നുന്നുണ്ട്. ആൾക്കൂട്ടത്തിൽ തനിയെ നിൽക്കാനുള്ള ആപത്ക്കരമായ ധൈര്യം ഒരു വൈദികന് വേണം. ആൾക്കൂട്ടത്തിൽ ഒന്നായിചേരാതെ നന്മയുടെ തനതായ ശൈലി വളർത്തിയെടുക്കണം.

● നല്ലൊരു വൈദികനാകാനുള്ള വഴിയിൽ ഏറ്റവും ദുർഘടമായി അനുഭവപ്പെട്ടത് എന്താണ്?

ഞാൻ എന്ന അവസ്ഥയിൽ നിന്ന് ഉയരുമ്പോഴാണ് എനിക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കുന്നത്. എല്ലായ്പ്പോഴും ദൈവത്തെ കണ്ടെത്തുവാനായിട്ട് വിഘാതമായിട്ടുള്ളത് എന്റെ ഈ അഹംഭാവമാണ്. അത് തന്നെയാണ് ഏറ്റവും വലിയ പ്രശ്നം. ഞാൻ എന്ന ഭാവത്തിൽ നിന്ന് ഒരല്പംപോലും മാറാൻ പറ്റാത്ത അവസ്ഥകൾ ചിലപ്പോൾ ഉണ്ടാകാറുണ്ട്. എത്രയെത്ര പഠനം നടത്തിയാലും ഒരു പക്ഷെ ഞാൻ ചുമന്നു നടക്കുന്നത് എന്നെത്തന്നെയായിരിക്കും. കുഞ്ഞുണ്ണി മാഷ് പറയുന്നതുപോലെ എനിക്ക് എന്റെ കാലുകളിൽകൂടി നടക്കാൻ മാത്രമേ അറിയാൻ പാടുള്ളൂ. ഞാൻ എന്റെ കാലുകളിൽ നടക്കേണ്ട ആളല്ല, ക്രിസ്തുവിന്റെ കാലുകളിൽ നടക്കേണ്ട ആളാണ്.

● പിന്തിരിഞ്ഞു നോക്കുമ്പോൾ വൈദിക ജീവിതത്തിലെ സന്തോഷകരമായ ഓർമ്മകൾ എന്തൊക്കെയാണ്?

ഞാൻ അച്ചനായിട്ട് 14 വർഷമായി. പതിനാലു വർഷത്തെ അനുഭവം വെച്ചുനോക്കുമ്പോൾ എനിക്ക് ഒരിക്കൽപോലും അച്ചനായതിൽ ദുഃഖം തോന്നിയിട്ടില്ല. കാരണം, സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ഇത്രയ്ക്ക് സമർപ്പിക്കാവുന്ന മറ്റൊരു മേഖലയില്ല. അതുകൊണ്ടു തന്നെ പിന്തിരിഞ്ഞ് നോക്കുമ്പോൾ ഏറ്റവും സംതൃപ്തി നല്കുന്നത് നമുക്ക് ഒരുപാട് മനുഷ്യരുടെ ജീവിതത്തെ വളരെ ഭാവാത്മകമായി സ്വാധീനിക്കാൻ പറ്റുമെന്നതാണ്. ആ സ്വാധീനം ഒരുപക്ഷെ

www.malankaralibrary.com




വാക്കുകൾകൊണ്ടാകാം, നമ്മുടെ തന്നെ ജീവിതം കൊണ്ടാകാം. അല്ലെങ്കിൽ അവരെ കൈപിടിച്ച് ഉയർത്തുന്നതുവഴിയാകാം. പുരോഹിതൻ പുരോഹിതന്റെ വഴിയോട് വിശ്വസ്തതയോടെ ജീവിക്കുമ്പോൾ അയാളൊരു അത്ഭുതമാണ്. അയാളുടെ സാന്നിധ്യം സമൂഹത്തിന് വലിയൊരു നേട്ടമാണ്.

● **ഇന്നത്തെ യുവതലമുറയിൽ ദൈവവിളി കുറയുന്നുണ്ടെന്നു തോന്നുന്നുണ്ടോ?**

ദൈവവിളി കുറയുന്നുണ്ടെന്ന് എനിക്ക് ഇതുവരെ തോന്നിയിട്ടില്ല. വൈദികരാകാൻ ആഗ്രഹിക്കുന്ന യുവാക്കളുടെ എണ്ണം കുറയുന്നില്ല. കുറയുന്നത്, എന്തിനുവേണ്ടി വൈദികരാകണം എന്ന ബോധ്യം ഉള്ളവരുടെ എണ്ണമാണ്. വൈദികനാകുമ്പോൾ ഒരുപാട് യുവാക്കൾ മനസ്സിൽ കാണുന്നത്, വളരെ സുരക്ഷിതമായിട്ടുള്ള ജീവിതശൈലിയാണ്. സമൂഹത്തിൽ ഒരു മാന്യമായ സ്ഥാനം പ്രത്യേകിച്ച് ബുദ്ധിമുട്ടുകളും പ്രാരാബ്ദങ്ങളും ഇല്ലാത്ത ഒരവസ്ഥ. ഒരർത്ഥത്തിൽ ഒരു അടിപൊളി ജീവിതശൈലി കണ്ടിട്ട് സെമിനാരിയിൽ ചേരുന്നവരുടെ എണ്ണം കൂടിയിട്ടുണ്ട് എന്നുള്ള ഒരു നിരീക്ഷണമാണ് എനിക്കുള്ളത്.

● **ഭാവിയെക്കുറിച്ചുള്ള സ്വപ്നത്തിൽ ഇനിയും പൂർത്തീകരിക്കാൻ കഴിയാതെ പോയവ?**

ഞാൻ യുവജനങ്ങളെ പഠനത്തിലൂടെ വളർത്തിയെടുക്കാൻ ആഗ്രഹിക്കുന്ന ഒരാളാണ്. ധാരാളം പേരെ പഠിപ്പിച്ചുയർത്താൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ, ഇപ്പോൾ എന്റെ മനസ്സിലുള്ള ഒരു പദ്ധതി തീർത്തും അനാഥരായ കുട്ടികളെ കണ്ടെത്തി, അവർക്കെത്താവുന്ന ഏറ്റവും ഉയർന്ന അവസ്ഥയിൽ എത്തിക്കാനാണ്. അതിന് എന്റെ ഇടവക ജീവിതത്തിൽ എനിക്ക് ചില ബുദ്ധിമുട്ടുകളും പരിമിതികളുമുണ്ട്. അതാണൊരു സ്വപ്നമായി അവശേഷിക്കുന്നത്.

● **വൈദികർ നിർബന്ധമായും നടപ്പിലാക്കേണ്ട എന്തെങ്കിലും കാര്യം അവഗണിക്കപ്പെടുന്നുണ്ടോ?**

ഒരാൾ അച്ചനാകുന്നത് ക്രിസ്തുവിനെപ്പോലെ എല്ലാവർക്കും എല്ലാമായി മാറാനാണ്. ഞങ്ങൾ അച്ചന്മാർ ഇടയ്ക്ക്വെച്ച് ആ ലക്ഷ്യം മറക്കുന്നുണ്ട്. എന്റെ ഒരു ഭയം ഞങ്ങളൊക്കെ ഒരു ശ്രേഷ്ഠവിഭാഗമായി ഒതുങ്ങുന്നുണ്ടോ എന്നാണ്. അതായത് ഒരു ഉയർന്ന തട്ടിൽ ഞങ്ങൾ അറിയാതെ വന്നുചേരുന്നു

www.malankaralibrary.com

ണ്ടോ എന്നും താഴേയ്ക്ക് ഇറങ്ങുവാൻ പറ്റാത്തവിധത്തിലുള്ള അഗാധമായ ഒരു വിടവ് ഉണ്ടാകുകയും ചെയ്യുന്ന അവസ്ഥ ഉണ്ടെന്ന് എനിക്ക് തോന്നിപ്പോകുന്നു. അപ്പോൾ നിർബന്ധമായിട്ടും വൈദികർ ലാളിത്യം വ്രതമാക്കിയെടുക്കണമെന്ന ചിന്തയാണ് എനിക്കുള്ളത്.

● നവാഗതരായ വൈദികർക്ക് എന്ത് സന്ദേശമാണ് നല്കാനുള്ളത്?

ഗാന്ധിജിയുടെ ഒരു വാചകം ഉണ്ട്. "Be The Change that you want to see in the Community'. സമൂഹത്തിൽ ഉണ്ടാകണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്ന മാറ്റമായിട്ട് നിങ്ങൾ മാറുക. ഗാന്ധിജി, അദ്ദേഹം ആഗ്രഹിച്ച മാറ്റമായി മാറി. ലോകത്തിന്റെ മുഴുവൻ മാറ്റത്തിന്റെ പ്രവാചകനായി. മദർ തെരേസ ലോകത്തിന്റെ മുഴുവൻ മാറ്റത്തിലേയ്ക്കു നയിക്കുന്ന ഒരു മൃദു - ദൃഢ സ്വരമായി.

● കേരളത്തിലെ ക്രൈസ്തവസഭ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ?

ഒന്ന്, ഒരു സ്വയം വിശകലനത്തിന്റെ ആവശ്യമുണ്ട്. ആയിരിക്കേണ്ട അവസ്ഥയും ആയിരിക്കുന്ന അവസ്ഥയും തമ്മിൽ വലിയ അന്തരമുണ്ട്. ക്രിസ്തു വിഭാവന ചെയ്ത സമൂഹവും ഞങ്ങൾ എത്തിച്ചേർന്ന് നില്ക്കുന്ന അവസ്ഥയും തമ്മിൽ വ്യത്യാസമുണ്ട്. എപ്പോഴും ആ ചോദ്യം ചോദിക്കണം. ക്രിസ്തു ആഗ്രഹിക്കുന്നത് ഇതാണോ? നമ്മൾ ക്രിസ്തുവിനെ മാറ്റി നിർത്തി ഇടയ്ക്ക് ചിന്തിക്കുന്നുണ്ടെന്ന് എനിക്ക് തോന്നുന്നു.

രണ്ട്, അടിയന്തിരമായി ഒരു മടക്കയാത്ര വേണം, ആദിമ ക്രൈസ്തവസഭയെ നയിച്ചിരുന്ന ആത്മീയതയിലേയ്ക്ക്. നമ്മൾ അറിയാതെ ഉയർന്ന കാര്യപ്രാപ്തിയുള്ള പ്രൊഫഷണൽസ് ആയി മാറിക്കൊണ്ടിരിക്കുകയാണെന്നു തോന്നുന്നു. കാര്യപ്രാപ്തി ഉണ്ട് ഔദ്യോഗികതയുമുണ്ട്; പക്ഷെ ആത്മീയത എന്നു പറയുന്ന കാമ്പില്ല. കാമ്പില്ലാതെ വരുമ്പോൾ പുറത്ത് ഒരുപാട് വർണ്ണപ്പകിട്ടുകൾ വേണ്ടിവരും. ആ വർണ്ണപ്പകിട്ടുകളാണ് ഇപ്പോൾ കൂട്ടിക്കൊണ്ടിരിക്കുന്നത്. ആളുകൾക്കിപ്പോഴും നീർച്ചാലിനരികിൽ വരുമ്പോഴുണ്ടാകുന്ന സംതൃപ്തി കിട്ടുന്നില്ല. അവർ പൊട്ടക്കിണറുകൾ തേടി പൊയ്ക്കൊണ്ടിരിക്കുകയാണ്. നീർച്ചാൽ ക്രിസ്തുവാണ്. അതിനരികിൽ കൊണ്ടുപോകേണ്ട വ്യക്തിയായി മാറണം അച്ചൻ.

● ഈ ഇടവകയിൽ വിജയിച്ചുകണ്ട പുതിയ സംരംഭങ്ങൾ എന്തൊക്കെയാണ്?

ഞാൻ കുട്ടികളുടെ കാര്യത്തിൽ വളരെയധികം ശ്രദ്ധിക്കുന്നയാളാണ്. എന്റെ ധാരണ നമ്മൾ രൂപവത്ക്കരണം ആരംഭിക്കേണ്ടത് കുട്ടികളിൽ നിന്നാണ്. ഞാൻ 37 അൾത്താര ബാലകന്മാരേയും പിന്നെ 30 അൾത്താര ബാലികമാരേയും എല്ലാ ആഴ്ചയിലും വിളിച്ചു കൂട്ടും. അവർക്ക് പ്രസംഗപരിശീലനം, നാടക പരിശീലനം, ബൈബിൾ പഠനം, നേതൃത്വ പരിശീലനം തുടങ്ങിയവയ്ക്ക് വേദി ഒരുക്കും. ഇതോടൊപ്പം തന്നെ മണ്ണുമായിട്ട് കുട്ടികൾക്ക് ഒരു ബന്ധം ഉണ്ടാകുവാൻ ഒരു പച്ചക്കറിതോട്ടം തുടങ്ങി. അവിടെ കുട്ടികൾ സംഘങ്ങളായി തിരിഞ്ഞ് ജോലി ചെയ്യുന്നു. അതിൽ നിന്നു കിട്ടുന്ന തുക മുഴുവൻ അവരുടെ വിദ്യാഭ്യാസ ഫണ്ടിലേയ്ക്ക് നീക്കിവയ്ക്കുന്നു. ഓരോരുത്തർക്കും സ്വന്തമായി നിക്ഷേപം ഉണ്ട്. എ. ടി. എം. കാർഡും ഉണ്ട്. കിട്ടുന്ന തുക എത്രയോ അതും പിന്നെ അവർക്ക് മത്സരങ്ങളിൽ കിട്ടുന്ന സമ്മാനങ്ങളും സ്വയമേവ അവരുടെ സമ്പാദ്യപദ്ധതിയിലേയ്ക്ക് പോകും. ഒപ്പം തന്നെ കുട്ടികൾക്ക് ഓരോ കുടുക്ക ഉണ്ട്. കിട്ടുന്ന പൈസ അതിലിടും, എന്നിട്ട് അവരുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യും. രണ്ടുതരത്തിലുണ്ട് സമ്പാദ്യപദ്ധതി. ഒന്ന്, സ്വന്തം ഭാവി നിർമ്മിച്ചെടുക്കുക, സ്വന്തം ഭാവിയുടെ ശില്പിയാകുക. രണ്ട്, പ്രകൃതിയുമായിട്ട് ഒത്തുചേർന്നു നില്ക്കുന്ന ഒരു വ്യക്തിയായി മാറുക. കാതലായ ആത്മീയത വളർത്തുന്നതിനായി ശാന്തമായി പ്രാർത്ഥിക്കുന്നതിനുള്ള അവസരം ദേവാലയത്തിൽ ഒരുക്കാറുണ്ട്. എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുക്കുന്നതിൽ ഈ കുട്ടികൾ ഇപ്പോൾ താത്പര്യം കാണിക്കുന്നുണ്ട്. അനാഥ/ആതുരാലയങ്ങൾ സന്ദർശിക്കുന്നതിനും അവരെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

● ഇതുവരെയുള്ള ജീവിതം അച്ചനെ പഠിപ്പിച്ചത് എന്തൊക്കെയാണ്?

ആനന്ദിക്കുക എന്നുള്ളത് മനുഷ്യന്റെ യഥാർത്ഥ ലക്ഷ്യമാക്കി മാറ്റണം. ദൈവം ആനന്ദമാണ്. ജീവിതത്തിന്റെ ആനന്ദം കണ്ടെത്താൻ അവനവൻ ഓരോ വഴികൾ കണ്ടെത്തിയിരിക്കണം. ആ സന്തോഷം ഒരാൾ കണ്ടെത്തുന്നത് സ്വന്തം ജീവിതത്തിന്റെ അർത്ഥം കണ്ടെത്തുമ്പോഴാണ്. അവർക്ക് സമൂഹത്തെ മുഴുവൻ സന്തോഷിപ്പിക്കുവാൻ പറ്റും. ■

www.malankaralibrary.com



# ആത്മീയ തീവ്രവാദങ്ങൾ

ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
*മോറൽ തിയോളജി പ്രൊഫസർ, മംഗലപ്പുഴ*

ഞാൻ ശരി നീ തെറ്റ് എന്ന ചിന്താരീതി തീവ്രവാദത്തിന്റെ ആത്മാവാണ്. ആത്മീയ മേഖലയിൽ പ്രത്യക്ഷപ്പെടുന്ന തീവ്രവാദത്തിന്റെ ലക്ഷണങ്ങൾ ഏതൊക്കെയാണ്? ഇതിനുള്ള പ്രതിവിധി എന്താണ്?

മറ്റുള്ളവരെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്ന ഭീകരവാദികളാണ് സമകാലിക ലോകസമൂഹത്തിന്റെ ഒന്നാം നമ്പർ ശത്രുക്കൾ. മതം, രാഷ്ട്രീയം, വിഘടനവാദം, നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ തുടങ്ങിയവയാണ് ഭീകരവാദികളെ പൊതിഞ്ഞു പിടിക്കുന്നത്. കേരളത്തിലെ സ്ഥിതിയും ഇതിന് ഒരപവാദമല്ല. ഞാനും എന്നെപ്പോലെ ചിന്തിക്കുന്നവരും മാത്രം മതിയിവിടെ എന്ന് കരുതുന്നതാണ് തീവ്രവാദത്തിന്റെ മാനസികമായ ഒളിത്താവളം.

ഏതു രംഗത്തായാലും ഭിന്നാഭിപ്രായങ്ങളോട് കടുത്ത അസഹിഷ്ണുത കാണിക്കുന്ന എല്ലാവരും തീവ്രവാദിക്കുഞ്ഞുങ്ങളാണ്. രാഷ്ട്രീയ അസഹിഷ്ണുതയും മതസ്പർദ്ധയും സമൂഹത്തിലേക്ക് തീവ്രവാദനിലപാടുകൾ വളർത്തിവിടുന്നതിനെക്കുറിച്ച് നമുക്ക് ആശങ്കകളുണ്ട്. എന്നാൽ ക്രിസ്തീയജീവിതത്തിന്റെ പല മേഖലകളിലേക്കും പൊതുനന്മയുടേയും സത്യത്തിന്റേയും ഭക്തിയുടേയുംപേരിൽ ചില ഉഗ്രവാദങ്ങൾ നുഴഞ്ഞുകയറ്റം നടത്തിക്കൊണ്ടിരിക്കുന്നു. ജാഗ്രതാപൂർവ്വം നാമവയെ പ്രതിരോധിക്കേണ്ടതുണ്ട്.

## ആത്മീയ ഭീകരവാദികൾ

ആത്മീയ രംഗങ്ങളിൽ ഉഗ്രനിലപാടുകൾ എടുക്കുന്നവർ മിക്കപ്പോഴും നല്ല വ്യക്തികളാണ്; അവരുടെ നിലപാടുകൾക്ക് ഉദ്ദേശ്യശുദ്ധിയുമുണ്ടായിരിക്കും. അവരുടെ അതിതീക്ഷ്ണത തീവ്രവാദരൂപമെടുക്കുന്നു എന്ന് മാത്രമേയുള്ളൂ. ദൈവശാസ്ത്രമൊന്നും ആവശ്യമില്ല; ബൈബിൾ ശരിക്കും അറിഞ്ഞാൽ മതി എന്നു കരുതുന്നത് പഴയകാല പ്രൊട്ടസ്റ്റന്റ് രീതിയിലുള്ള ഉഗ്രവാദമാണ്. ബൈബിളിൾതന്നെയും വ്യാഖ്യാനിച്ചാണ് മനസ്സിലാക്കേണ്ടത് എന്ന അടിസ്ഥാന കാര്യമാണിവിടെ അട്ടിമറിക്കപ്പെടുന്നത്.

യോഗ ചെയ്യുന്നതും നിലവിളക്ക് തെളിക്കുന്നതും പൊട്ടുകുത്തുന്നതും ചുരിദാറിടുന്നതും ക്രൈസ്തവർക്ക് ചേർന്നതല്ല എന്ന് പ്രചരിപ്പിക്കുന്നവർ ആത്മീയ ഭീകരന്മാരാണ്. അത്ഭുതം നടക്കുന്നിടങ്ങളിലേ ദൈവം സന്നിഹിതനാകുന്നുള്ളൂ എന്നു പറയുന്നവരും ഈ ഗണത്തിൽപെടുന്നു.

പള്ളിയിൽ താമസിച്ച് ഇടവക ജനത്തിന് ശുശ്രൂഷ ചെയ്യുന്നതൊന്നും വലിയ കാര്യമല്ല; ചേരിപ്രദേശത്ത് അലഞ്ഞ് അക്രൈസ്തവരുടെ ഇടയിൽ പ്രവർത്തിക്കുന്നതേ വൈദികർക്ക് വീരോചിതമാകൂ എന്ന് പറയുന്നവരുമുണ്ട്. ഇത്തരത്തിൽ ഒരു ശുശ്രൂഷയുടെ പേരിൽ മറ്റു ശുശ്രൂഷകളെ അവമതിക്കുന്നവർ തീവ്രവാദികളാകുന്നു. ഓരോ പ്രാവശ്യം കുമ്പസാരിക്കുമ്പോഴും മുൻകൂർ കൊടുത്തിട്ടുള്ള പുസ്തകത്തിൽ കണക്കു വയ്

www.malankaralibrary.com



ക്കണം എന്ന് വികാരിയച്ചൻ നിബന്ധനവച്ചാൽ അത് ആത്മീയമായ അടിയന്തരാവസ്ഥക്ക് തുല്യമാണ്. കാരണം മറ്റുള്ളവരുടെ മനസാക്ഷിയെ നിയന്ത്രിക്കാൻ ആർക്കും അധികാരമില്ല; വിഷയം എന്തുതന്നെയായാലും.

## ദൈവശാസ്ത്ര ഉഗ്രവാദികൾ

ദൈവശാസ്ത്രപരവും സഭാസംബന്ധവുമായ വിഷയങ്ങളിൽ തങ്ങളുടേതിൽനിന്നും വ്യത്യസ്തമായ അഭിപ്രായങ്ങൾ പുലർത്തുന്നവർ സഭാവിരോധികളാണെന്ന് വിധിക്കാൻ ദൈവശാസ്ത്രത്തിലെ ഉഗ്രവാദികൾക്കേ കഴിയൂ.

പഠിപ്പിക്കുന്ന സഭ പഠിക്കേണ്ട സഭയാണ് എന്ന് മറന്നുപോകുന്നതാണ് ഉഗ്രവാദത്തിന്റെ മറ്റൊരു രൂപം. പഠിപ്പിക്കുന്ന സഭ എല്ലാവരിൽ നിന്നും പഠിക്കണം. കാരണം ദൈവത്തിന്റെ അരൂപി വിശ്വാസസമൂഹം മുഴുവനിലും, അത്മായരിലും പ്രവർത്തിക്കുന്നുണ്ട് (LG 12). ദൈവശാസ്ത്ര തർക്കങ്ങളുടേയും ആരാധന ക്രമ സംബന്ധമായ ഭിന്നതകളുടേയും പേരിൽ സത്യം, സ്നേഹം, ദൈവഭയം തുടങ്ങിയ അടിസ്ഥാന മൂല്യങ്ങൾ പണയം വയ്ക്കുന്നവർ സഭക്കായി നേടുന്നത് താൽക്കാലിക നന്മകൾ മാത്രമാണ്.

## സഭാത്മകമായ തീവ്രവാദങ്ങൾ

ക്രിസ്തുവിനെപ്പറ്റിയും ദൈവരാജ്യത്തെപ്പറ്റിയും ഒന്നും മിണ്ടാതെ സഭയെപ്പറ്റി നിരന്തരം പറയുന്നത് സഭാത്മകമായ ഒരു അതിവാദമാണ്. സ്വന്തം ശക്തികളിൽ അഭിമാനിക്കുന്ന സഭാസമൂഹം ഭീകരവാദിയുടെ സ്വരത്തിൽ സംസാരിക്കാനിടയുണ്ട്. വി. പൗലോസ് പഠിപ്പിച്ചു: അഭിമാനിക്കുന്നവൻ കർത്താവിൽ അഭിമാനിക്കട്ടെ (1 കൊറി. 1: 31 ). എല്ലാ വിശ്വാസ സമൂഹങ്ങൾക്കും ബാധകമാണിത്.

സഭ അതിന്റെ അംഗസംഖ്യയിലോ സാമൂഹിക സ്വാധീനങ്ങളിലോ വോട്ടുബലത്തിലോ സ്ഥാപന മികവിലോ അഭിമാനിക്കാൻ തുടങ്ങിയാൽ സഭയുടെ സ്വരം അസഹിഷ്ണുതകൊണ്ട് കനക്കാൻ തുടങ്ങും. നിങ്ങളെ പാഠം പഠിപ്പിക്കും തുടങ്ങിയ ഭീഷണസ്വരം എതിരാളികൾക്ക് നേരെ മുഴങ്ങും. അതോടെ ആരോടും സംഭാഷണമില്ല, പറയുന്നതുകേട്ടാൽ മതി എന്ന നിലപാടുകൾ വിശ്വാസസമൂഹത്തിൽനിന്ന് ഉയരാൻ തുടങ്ങും. പക്ഷേ നിരീശ്വരപ്രസ്ഥാനങ്ങളോടു പോലും സംഭാഷണത്തിൽ ഏർപ്പെടണം എന്നാണ് വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം (GS 21, AA 14). വിജയഭേരി മുഴക്കുന്ന (triumphalistic) സഭയല്ല, ദാസിയാകുന്ന സഭയാണ് ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമാകുന്നത്.

ബഹുവിധ വിഷയങ്ങളിൽ ആത്മശോധന നടത്താൻ മടിക്കുന്ന സഭ അകത്തും പുറത്തും ശത്രുക്കളെമാത്രം കാണാൻ തുടങ്ങും. മാധ്യമങ്ങളും രാഷ്ട്രീയക്കാരും എപ്പോഴും പ്രതിപ്പട്ടികയിൽ വരികയും ചെയ്യും. ജനാധിപത്യ പൊതുസമൂഹത്തിൽ സഭക്ക് എല്ലാവരിൽനിന്നും എപ്പോഴും അനുഭാവവും പിന്തുണയും പ്രതീക്ഷിക്കാനാവില്ല. സഭാവിരുദ്ധത ഒളിലക്ഷ്യമായി കൊണ്ടുനടക്കുന്നവരും ഉണ്ടാകാം. പക്ഷേ കേരളസഭ പൊതുസമൂഹത്തിൽ വല്ലാതെ ഞെരുക്കപ്പെടുന്നു എന്നു പറയുന്നത് ഇക്കാലത്ത് ഒരു അതിവാ

www.malankaralibrary.com

ദമായേ കുറേപ്പേർക്കെങ്കിലും തോന്നുകയുള്ളൂ.

## ഈശോയുടെ സുവിശേഷവാദങ്ങൾ

സ്നാപകയോഹന്നാനും ഈശോയ്ക്കും ഒരേ പ്രാഥമിക സന്ദേശമായിരുന്നു കൈമാറാനുണ്ടായിരുന്നത്: ദൈവരാജ്യം സമീപസ്ഥം; അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ (മർക്കോ. 1: 15). പക്ഷേ ശൈലിയിൽ എന്തൊരു വ്യത്യാസമാണ് അവർക്കുതമ്മിൽ! ഒരു താപസന്റെ സകല കാർക്കശ്യവും സ്നാപകൻ തന്റെ പ്രസംഗത്തിൽ കലർത്തി; ഈശോയാകട്ടെ സുഖപ്പെടുത്തുന്ന വാക്കുകൾ തിരഞ്ഞെടുത്തുപയോഗിച്ചു. അവൻ ഒരിക്കലും പാപികളോട് കലഹിച്ചില്ല; അവന്റെ മുഖമിരുണ്ടത് കാപട്യക്കാരെ നോക്കിയപ്പോൾ മാത്രമാണ്.

സ്വയമൊരു തീവ്രവാദിയായില്ല എന്നു മാത്രമല്ല, തന്റെ കൂടെയുണ്ടായിരുന്ന തീവ്രവാദികളെ ഈശോ തടയുകയും ചെയ്തു. മാനസാന്തരപ്പെടാത്തവരെ ആകാശത്തുനിന്ന് അഗ്നിയിറക്കി ചാമ്പലാക്കട്ടെ എന്നു ചോദിച്ച അതിതീക്ഷ്ണമതികളെയും, വാളു വീശിയും തങ്ങൾ ഗുരുവിനെ രക്ഷിക്കും എന്ന് കരുതിയ ശിഷ്യരെയും ഈശോ അടക്കി നിറുത്തി.

ആദിമ സഭയിലെ പ്രമുഖ വേദപണ്ഡിതനായിരുന്ന തെർതുല്യൻ വിശ്വാസത്യാഗം, വ്യഭിചാരം, കൊലപാതകം എന്നീ കൊടിയ പാപങ്ങൾ സഭക്ക് ക്ഷമിക്കാനാവില്ല എന്ന് പഠിപ്പിച്ചു. മറിച്ച് വാദിച്ച് തെർതുല്യനെ തിരുത്താൻ വി. സിപ്രിയൻ അന്നുണ്ടായിരുന്നു.

ബ്രഹ്മചര്യത്തെ ഉയർത്തിക്കാട്ടുന്നതിന്റെ ഭാഗമായി വിവാഹജീവിതത്തെ ചവുട്ടിത്താഴ്ത്തിയവരുടെ മുൻനിരയിൽ വി. ജോൺ ക്രിസസ്തോം ഉണ്ടായിരുന്നു. പക്ഷേ ആ തീവ്രവാദത്തെ സഭ താമസിയാതെ വെട്ടിത്തിരുത്തി.

വിശ്വാസം ത്യജിക്കാനൊരുങ്ങുന്ന ക്രൈസ്തവരെ കൊന്നിട്ടായാലും അവരുടെ ആത്മരക്ഷ ഉറപ്പാക്കണം എന്ന് കരുതിയവരിൽ പ്രധാനി വി. ആഗസ്തീനോസായിരുന്നു. സഭയിൽ അഗ്രഗണ്യനായിരുന്ന അദ്ദേഹത്തേയും പിൽക്കാല സഭാപാരമ്പര്യം തിരുത്തി.

> **വിജയഭേരി മുഴക്കുന്ന സഭയല്ല, ദാസിയാകുന്ന സഭയാണ് ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമാകുന്നത്.**

അതിവാദങ്ങളെ സഭ മെരുക്കിയെടുക്കാറുണ്ട്.

തീവ്രവാദത്തിനുള്ള മറുമരുന്ന് സുവിശേഷാനുസൃതമുള്ള ജീവിതവ്യാഖ്യാനമാണ്. ദൈവത്തിന്റെ പ്രവർത്തനത്തിന് ഉശിരു പോരാ; അതുകൊണ്ട് ദൈവദാസന്മാർ കളത്തിൽ ഇറങ്ങിക്കളിക്കാതെ തരമില്ല എന്ന് കരുതുന്ന തീക്ഷ്ണമതികൾ അപകടകാരികളാണ്.

അഗ്നിനാവുകൾകൊണ്ട് സംസാരിക്കാനറിയാമായിരുന്ന വി. പൗലോസ് തന്റെ ദർശനങ്ങളിൽ മിതവാദിയായി നിലകൊണ്ടു. വിഗ്രഹങ്ങൾക്കർപ്പിച്ച ഭക്ഷണം കഴിക്കാമോ എന്ന കൊറീന്തുകാരുടെ ചോദ്യത്തിന് 'തൊട്ടുപോകരുത്' എന്നായിരുന്നില്ല പൗലോസിന്റെ ഉത്തരം (1 കൊറീ. 8). ബഹുവിധ സാഹചര്യങ്ങൾ പരിഗണിച്ച് അത്തരമൊരു അടച്ചുറപ്പുള്ള ഉത്തരം കൊടുത്താലും ആരും അതിശയിക്കുമായിരുന്നില്ല. വിഗ്രഹങ്ങളിൽ വിശ്വസിക്കാത്തവന് അത് വെറും ഭക്ഷ്യവസ്തുമാത്രമാണെന്നും എന്നാൽ സ്വന്തം സഹോദരന്റെ വിശ്വാസം ചഞ്ചലപ്പെടുത്താതെ നോക്കണം എന്നുമായിരുന്നു അദ്ദേഹത്തിന്റെ ഉപദേശം. ഉറച്ച വിശ്വാസിയുടെയും ഇടറാനിടയുള്ള അവന്റെ സഹോദരന്റെയും മനസാക്ഷിയെ വേർതിരിച്ച് പരിഗണിച്ചാണ് വി. പൗലോസ് ഏകശാസനാരൂപത്തിലുള്ള മറുപടി ഒഴിവാക്കിയത്.

സഭയിൽ അംഗീകൃതമായ ഏക 'തീവ്രവാദ'ത്തിന്റെ പേരാണ് താപസജീവിതം. അതായത്, നിനക്ക് നിന്നോടുതന്നെ ബലം പിടിക്കാം. അതിലപ്പുറം ദൈവത്തിന്റെ പേരിൽ കഠിനവാദങ്ങൾ വേണ്ട എന്നർഥം. ■



**ഡോ. മാത്യു ഇല്ലത്തുപറമ്പിൽ**

അറിയപ്പെടുന്ന മോറൽ തിയോളജിയൻ. ആലുവ മംഗലപ്പുഴ സെമിനാരിയിലെ പ്രൊഫസർ. വിവിധ സെമിനാരികളിലും പഠിപ്പിക്കുന്നു.

www.malankaralibrary.com



# വിവാഹം ആശീർവ്വദിക്കൽ

ഡോ. ജോസ് ചിറമേൽ

*കാനൻ നിയമ വിദഗ്ധൻ, സീറോ-മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രൈബ്യൂണലിന്റെ വൈസ് പ്രസിഡന്റ്*

സഭാനിയമങ്ങളെ (കാനൻനിയമം) സംബന്ധിച്ചുള്ള സംശയനിവാരണത്തിനായിട്ടുള്ള പംക്തിയാണിത്. ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്നത് കാനൻ നിയമപണ്ഡിതനായ ഡോ. ജോസ് ചിറമേൽ ആണ്. നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും കാരുണികന്റെ വിലാസത്തിൽ അയയ്ക്കുക.

**● വിവാഹത്തിന്റെ കാനോനികക്രമം എന്നു പറഞ്ഞാൽ മനസ്സിലാക്കേണ്ടത് എന്താണ്? ഈ ക്രമം പാലിക്കാതെ വിവാഹങ്ങൾ നടത്താമോ? കോൽക്കത്തയിൽ താമസിക്കുന്ന സീറോമലബാർ സഭാംഗമായ ഞാൻ ലത്തീൻ ദേവാലയത്തിലാണ് പതിവായി പോകുന്നത്. ഇവിടെ പല വിവാഹങ്ങളും നടത്തുന്നത് ഡീക്കന്മാരാണ്. എന്റെ വിവാഹവും ലത്തീൻ സഭയിലെ എന്റെ സുഹൃത്തായ ഒരു ഡീക്കന് നടത്താമോ?**

ടോമി ജോർജ്ജ്, കൽക്കട്ട

## കാലക്രമേണ കൈവന്ന അധികാരം

വിവാഹത്തെ സംബന്ധിച്ചുള്ള കാനൻനിയമത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ സഭയ്ക്ക് കത്തോലിക്കാവിശ്വാസികളുടെ വിവാഹങ്ങൾ നിയന്ത്രിക്കാനുള്ള അധികാരം (competence) കൈവന്നത് കാലക്രമേണയാണെന്ന് കാണാം. കത്തോലിക്കാ വിവാഹങ്ങളുടെമേലുള്ള സഭയുടെ നിയന്ത്രണാധികാരത്തിന് ദൈവശാസ്ത്രപരവും, ആദ്ധ്യാത്മികവും, ചരിത്രപരവും, രാഷ്ട്രീയവും, നിയമപരവുമായിട്ടുള്ള കാരണങ്ങളുണ്ട്. സഭ കത്തോലിക്കാവിശ്വാസികളുടെ സംഘടിതമായൊരു സമൂഹമാണ്. അതുകൊണ്ടുതന്നെ വിശ്വാസികളുടെ വിവാഹങ്ങളുടെമേൽ സഭയ്ക്ക് നിയന്ത്രണാധികാരമുണ്ട്. വിവിധ രാജ്യങ്ങളുടെ സിവിൽ നിയമങ്ങൾ വിവാഹം സംബന്ധിച്ചുള്ള സഭാനിയമങ്ങളെ സിവിൽ നിയമം ബാധകമാകുന്ന കാര്യങ്ങളൊഴിച്ച് (civil effects) വ്യക്തിഗത നിയമമായി (personal laws) അംഗീകരിച്ചിട്ടുണ്ട്. ഇന്ത്യൻ സിവിൽ നിയമവും ഇന്ത്യയിലെ കാനോനിക വിവാഹത്തെ അംഗീകരിക്കുന്നുണ്ടല്ലോ.

## കാനോനികക്രമം

വിവാഹം സഭയിൽ എപ്രകാരം നടത്തണം എന്നതു സംബന്ധിച്ച് വിവാഹത്തിന്റെ സാധുതയ്ക്ക് അവശ്യം പാലിക്കേണ്ട വ്യവസ്ഥാപിത നിയമങ്ങളുണ്ട്. കാനൻ നിയമം നിർദ്ദേശിക്കുന്ന പ്രസ്തുത രീതിയെയാണ് കാനോനികക്രമം എന്നുപറയുന്നത്. വിവാഹത്തിന്റെ കാനോനികക്രമം ലത്തീൻ സഭയിലും പൗരസ്ത്യസഭകളിലും വ്യത്യസ്തമായ രീതിയിലാണ് രൂപപ്പെട്ടിട്ടുള്ളത്. വിവാഹത്തിന് കാനോനിക ക്രമം (Canonical form) വേണമെന്ന് ആദ്യമായി ആവശ്യപ്പെട്ടത് തെന്ത്രോസ് സൂനഹദോസാണ് (1545–1563). "Tametsi" (താംഎത്സി) എന്ന ഡിക്രി വഴിയാണ് ഈ സൂനഹദോസ് മേല്പറഞ്ഞ നിയമം 1563 – ൽ പ്രസിദ്ധീകരിച്ചത്. ഇതനുസരിച്ച് വിവാഹം സാധുവായിരിക്കുന്നതിന് വിവാഹത്തിലേർപ്പെടുന്ന ദമ്പതിമാരിൽ ആരു

www.malankaralibrary.com



ടെയെങ്കിലും മെത്രാന്റെയോ ഇടവക വികാരിയുടെയോ, അവരിൽ ആരെങ്കിലും അധികാരപ്പെടുത്തുന്ന വൈദികന്റെയോ സാന്നിധ്യത്തിൽ വിവാഹം നടന്നിരിക്കണം. ഈ നിയമം എല്ലായിടത്തും പ്രാബല്യത്തിൽ വരുത്തുക എളുപ്പമായിരുന്നില്ല. ചില പ്രദേശങ്ങളിൽ മാത്രമേ ഔദ്യോഗിക പ്രഖ്യാപനം (Promulgation) വഴി ഇത് നടപ്പിലാക്കിയുള്ളൂ. ത്രെന്തോസ് സൂനഹദോസിന്റെ ഈ ഡിക്രി സഭ മുഴുവനുമായി ഉദ്ദേശിക്കപ്പെട്ടിരുന്നുമില്ല. തന്മൂലം, 1907-ൽ സഭ മുഴുവനും ബാധകമാക്കത്തക്കവിധത്തിൽ "ne temere" (നേ തെമേരേ) എന്ന പേരിൽ പുതിയൊരു ഡിക്രി പത്താം പീയൂസ് മാർപാപ്പ പുറത്തിറക്കി. ഇതനുസരിച്ച് മിശ്രവിവാഹത്തിൽ ഏർപ്പെടുന്നവരുൾപ്പെടെ എല്ലാ കത്തോലിക്കരുടേയും വിവാഹം സാധുവായിരിക്കണമെങ്കിൽ സഭയുടെ കാനോനികക്രമം പാലിക്കണമെന്ന് വ്യവസ്ഥ ചെയ്തു. 1917-ൽ ലത്തീൻ സഭയ്ക്കുവേണ്ടി പുറത്തിറക്കിയ കാനൻ നിയമ സംഹിതയിലും "ne temere" അനുസരിച്ചുള്ള കാനോനികക്രമം അതേപടി സ്വീകരിക്കുകയാണുണ്ടായത്.

## രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം (1962-65) പരിഷ്ക്കരിച്ച് പുറത്തിറക്കിയ ലത്തീൻ നിയമസംഹിതയും (CIC-1983) 1990- ൽ പുറത്തിറക്കിയ പൗരസ്ത്യനിയമസംഹിതയും (CCEO-1990) വിവാഹത്തിന്റെ പുത്തൻ ദൈവശാസ്ത്രമാനങ്ങൾ ആവിഷ്ക്കരിക്കുകയും വിവാഹനിയമങ്ങളുടെ അജപാലനമാനം ഊന്നിപ്പറയുകയും ചെയ്തുവെങ്കിലും, വിവാഹത്തിന്റെ കാനോനികക്രമം പഴയപടി നിലനിർത്തുകയാണുണ്ടായത്. അതനുസരിച്ച് കത്തോലിക്കരുടെ വിവാഹം സാധുവാകണമെങ്കിൽ സഭാ നിയമം നിഷ്ക്കർഷിക്കുന്ന കാനോനിക ക്രമം പാലിച്ചേ മതിയാകൂ. മറ്റൊരുവാക്കിൽ പറഞ്ഞാൽ മാമ്മോദീസ സ്വീകരിച്ച കത്തോലിക്കർ കാനോനികക്രമം പാലിക്കാതെ വിവാഹം കഴിച്ചാൽ അവരുടെ വിവാഹം കൂദാശയായിരിക്കുകയില്ല.

## സഭയുടെ കാനോനികക്രമം

സഭയുടെ കാനോനികക്രമത്തെ രണ്ടായി തരം തിരിക്കാം: 1. സാധാരണക്രമം (Ordinary Canonical form); 2. അസാധാരണ ക്രമം (Extra ordinary Canonical form)

### 1. സാധാരണക്രമം

ലത്തീൻ നിയമസംഹിതയിലെ 1108-ാം കാനോനയും പൗരസ്ത്യനിയമസംഹിതയിലെ 828-ാം കാനോനയും നിഷ്ക്കർഷിക്കുന്നതനുസരിച്ച്, മെത്രാന്റേയും അല്ലെങ്കിൽ വിവാഹം ആശീർവ്വദിക്കാൻ അധികാരമുള്ള വൈദികന്റേയും രണ്ട് സാക്ഷികളുടേയും സാന്നിധ്യത്തിൽ വേണം വിവാഹ കർമ്മം നടക്കാൻ. ലത്തീൻ നിയമമനുസരിച്ച് വൈദികനു പകരം ഡീക്കനുമാകാം.

## വിവാഹം ആശീർവ്വദിക്കാൻ അധികാരം

വിവാഹം ആശീർവ്വദിക്കുന്നതിന് സ്ഥലത്തെ മെത്രാനും വികാരിക്കും ഔദ്യോഗികമായി അധികാരമുണ്ട്. അർപ്പിതാധികാരം (Delegated) ഉണ്ടെങ്കിൽ മറ്റൊരു വൈദികനും വിവാഹം ആശീർവ്വദിക്കാം. വിവാഹാശീർവ്വാദകർമ്മത്തിൽ ദമ്പതിമാരുടെ ഉഭയ സമ്മതം പ്രകടമാക്കിയശേഷം നിശ്ചയിക്കപ്പെട്ട പ്രാർത്ഥനയോ

www.malankaralibrary.com

ടുകൂടിയോ അല്ലെങ്കിൽ കുരിശടയാളം മാത്രമുള്ള ആശീർവ്വാദമോ മാത്രമേ വിവാഹത്തിന്റെ സാധുതയ്ക്ക് ആവശ്യമുള്ളൂ.

## രണ്ട് സാക്ഷികൾ ഉണ്ടായിരിക്കണം

വിവാഹ ഉടമ്പടിക്ക് രണ്ടുപേർ സാക്ഷികളായി സന്നിഹിതരായിരിക്കണം. വിവാഹത്തിൽ സംബന്ധിക്കുകയും അവിടെ നടക്കുന്ന കാര്യങ്ങൾ കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യാൻ കഴിവുള്ളവരായിരിക്കണം സാക്ഷികൾ. സാക്ഷികൾക്ക് പ്രത്യേക യോഗ്യതകളൊന്നും കാനൻനിയമത്തിൽ നിഷ്ക്കർഷിച്ചിട്ടില്ല. പുരുഷനോ, സ്ത്രീയോ, ക്രൈസ്തവനോ, അക്രൈസ്തവനോ വിവാഹത്തിന് സാക്ഷിയാകാവുന്നതാണ്. ഇപ്പോൾ പാലിച്ചുപോരുന്ന ക്രമമനുസരിച്ച് വരന്റെ ഭാഗത്തുനിന്നും, വധുവിന്റെ ഭാഗത്തുനിന്നും പ്രായപൂർത്തിയായ ഓരോ പുരുഷനെയാണ് സാക്ഷിയായി നിറുത്തുക.

## ദമ്പതിമാരുടെ ഉഭയസമ്മതം

ദമ്പതിമാർ ഒരുമിച്ച് സന്നിഹിതരായി തങ്ങളുടെ ഉഭയസമ്മതം പ്രകടിപ്പിക്കേണ്ടത് വിവാഹ ഉടമ്പടിയുടെ സുപ്രധാന ഘടകമാണ്. മനസമ്മതത്തിൽ വരുന്ന പോരായ്മകൾ യാതൊരു സഭാധികാരിക്കും നികത്താൻ പറ്റുന്നവയല്ല. ദമ്പതികൾ സംസാരശേഷിയുള്ളവരാണെങ്കിൽ ഉഭയസമ്മതം വാക്കുകളിൽ പ്രകടിപ്പിക്കുകയും വേണം. സംസാരശേഷിയില്ലാത്തവർക്ക് ആംഗ്യങ്ങൾ വഴിയും ഉഭയസമ്മതം പ്രകടമാക്കാൻ നിയമം അനുവദിക്കുന്നുണ്ട് (CIC.c.1104). ലത്തീൻ നിയമത്തിൽ പകരക്കാരൻ (Proxy) വഴിയുള്ള വിവാഹം അനുവദനീയമാണ് (CIC.c.1105). എന്നാൽ പൗരസ്ത്യനിയമമനുസരിച്ച് ദമ്പതിമാർ സന്നിഹിതരായി പരസ്പര സമ്മതം നടത്തണമെന്നാണ് നിഷ്കർഷിക്കുന്നത്. തന്മൂലം കത്തുകൾ, ഫോൺ, ടെലഗ്രാം, മറ്റ് ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി സാധുവായി വിവാഹം നടത്താൻ പൗരസ്ത്യനിയമം അനുവദിക്കുന്നില്ല.

## 2. അസാധാരണക്രമം

ലത്തീൻ നിയമത്തിലെ 116-ാം കാനോനയും പൗരസ്ത്യനിയമത്തിലെ 832-ാം കാനോനയുമാണ് അസാധാരണക്രമത്തെപ്പറ്റി പ്രതിപാദിക്കുന്നത്. ഇതനുസരിച്ച് വിവാഹം ആശീർവ്വദിക്കുന്നതിന് അധികാരമുള്ള വൈദികന്റെ സാന്നിധ്യമോ ആശീർവ്വാദമോ ആവശ്യമില്ല. രണ്ട് സാക്ഷികൾ മാത്രം മതി. ഇപ്രകാരം വിവാഹം നടത്തുന്നതിന് താഴെ പ്പറയുന്ന വ്യവസ്ഥകൾ ഉണ്ട്:

1. ദമ്പതികൾ രണ്ടുപേരോ, ആരെങ്കിലും ഒരാളോ മരണാവസ്ഥയിലായിരിക്കണം. 2. വിവാഹം ആശീർവ്വദിക്കാൻ അധികാരമുള്ള വൈദികന് സന്നിഹിതനാകാൻ സാധിക്കാത്ത സാഹചര്യമുണ്ടായിരിക്കണം. 3. രണ്ടു സാക്ഷികളെങ്കിലും സന്നിഹിതരായിരിക്കണം. ദമ്പതിമാർ പ്രകടിപ്പിക്കുന്ന ഉഭയസമ്മതത്തിന് സാക്ഷ്യം വഹിക്കുക മാത്രമാണ് ഇവരുടെ ജോലി. ഇപ്രകാരം വിവാഹം നടത്തുന്ന ദമ്പതിമാർ ഇത്തരത്തിൽ നടത്തുന്നതിനുണ്ടായ ഗുരുതരാവസ്ഥ തരണം ചെയ്താൽ കഴിയുംവേഗം വിവാഹം ആശീർവ്വദിക്കാൻ അധികാരമുള്ള വൈദികന്റെ പക്കൽ നിന്നും ആശീർവ്വാദം വാങ്ങേണ്ടതാണെന്ന് പൗരസ്ത്യ സഭാ നിയമം നിഷ്കർഷിക്കുന്നുണ്ട് (CCEO.c.832/3).

> ദമ്പതിമാർ ഒരുമിച്ച് സന്നിഹിതരായി തങ്ങളുടെ ഉഭയസമ്മതം പ്രകടിപ്പിക്കേണ്ടത് വിവാഹ ഉടമ്പടിയുടെ സുപ്രധാന ഘടകമാണ്.

## കാനോനിക്രമത്തിൽ നിന്നും ഒഴിവ്

കാനോനിക ക്രമത്തിൽ നിന്നും ചില പ്രത്യേക സാഹചര്യങ്ങളിൽ ഒഴിവുനല്കാനുള്ള അധികാരം ലത്തീൻസഭയിൽ പരിശുദ്ധസിംഹാസനത്തിനും രൂപതാമെത്രാന്മാർക്കുമുണ്ട്. എന്നാൽ പൗരസ്ത്യ നിയമമനുസരിച്ച് ഈ അധികാരം പരിശുദ്ധ സിംഹാസനത്തിനും പാത്രിയർക്കീസ്/മേജർ ആർച്ച് ബിഷപ്പുമാർക്കും മാത്രമായി സംവരണം ചെയ്തിരിക്കുകയാണ്. വളരെ ഗൗരവമേറിയ സാഹചര്യത്തിൽ മാത്രമേ കാനോനികക്രമത്തിൽ നിന്നുള്ള ഒഴിവാക്കൽ നല്കാവൂ എന്നാണ് നിയമം അനുശാസിക്കുന്നത് (CCEO.c. 835). കാനോനികക്രമത്തിൽ നിന്നും ഒഴിവാക്കൽ ലഭിച്ചു നടത്തുന്ന വിവാഹത്തിനുപോലും ഏതെങ്കിലും തരത്തിലുള്ള പരസ്യമായ അനുഷ്ഠാനം വേണമെന്നാണ് സീറോമലബാർ സഭയുടെ വിവാഹത്തെ സംബന്ധി

www.malankaralibrary.com

ക്കുന്ന പ്രത്യേക നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്.

## ലത്തീൻ-പൗരസ്ത്യസഭകളിലെ വ്യത്യസ്തമായ രീതികൾ

വിവാഹത്തിന്റെ കാനോനിക ക്രമം ലത്തീൻ സഭയിലും പൗരസ്ത്യസഭകളിലും വ്യത്യസ്തമായ രീതിയിലാണ് രൂപപ്പെട്ടതെന്ന് നാം കാണുകയുണ്ടായല്ലോ. ലത്തീൻ സഭ വിവാഹത്തിലേർപ്പെടുന്ന ദമ്പതികളുടെ ഉഭയസമ്മതത്തിനാണ് വിവാഹ രൂപീകരണത്തിൽ പ്രാധാന്യം നല്കുന്നത്. തന്മൂലം വിവാഹമെന്ന കൂദാശയുടെ കാർമ്മികരും ദമ്പതികൾ തന്നെയാണ്. വിവാഹം ആശീർവ്വദിക്കുന്ന വൈദികന് ഔദ്യോഗിക സാക്ഷിയുടെ സ്ഥാനമേയുള്ളൂ. മാത്രവുമല്ല, ആശീർവ്വാദ കർമ്മം ലത്തീൻസഭയിൽ വിവാഹത്തിന്റെ സാധുതയ്ക്ക് അവശ്യഘടകമായി കരുതുന്നുമില്ല. പൗരസ്ത്യ സഭകളും വിവാഹത്തിൽ ദമ്പതികളുടെ ഉഭയസമ്മതം പ്രധാനപ്പെട്ടതായിട്ടാണ് കണക്കാക്കുന്നത്. അത്രത്തോളം തന്നെ പ്രധാനപ്പെട്ടതായി വൈദികന്റെ സാന്നിധ്യത്തേയും ആശീർവ്വാദത്തേയും കണക്കാക്കുന്നുണ്ട്. ചുരുക്കത്തിൽ പൗരസ്ത്യസഭകളിൽ വൈദികന്റെ സാന്നിധ്യവും ആശീർവ്വാദവും വിവാഹത്തിന്റെ സാധുതയ്ക്ക് അവശ്യഘടകമാണ്. തന്മൂലം പൗരസ്ത്യ സഭകളിൽ വിവാഹത്തിന്റെ കാർമ്മികൻ വൈദികൻ തന്നെയാണ്. പൗരസ്ത്യസഭകളിൽ (Catholic and non- Catholic) വിവാഹത്തിന്റെ സാധുതയ്ക്ക് ആവശ്യമായ ആശീർവ്വാദം വൈദികനുമാത്രമായി സംവരണം ചെയ്തിരിക്കുകയാണ്. തന്മൂലം പൗരസ്ത്യസഭകളിൽ (Catholic and non-Catholic) ഡീക്കന് വിവാഹം ആശീർവ്വദിക്കാനുള്ള അധികാരമില്ല.

പൗരസ്ത്യസഭകളുടെ പൗരാണിക പാരമ്പര്യവും ആചാരാനുഷ്ഠാനങ്ങളും എക്യുമെനിക്കൽ നിർദ്ദേശങ്ങളും കണക്കിലെടുത്ത് പൗരസ്ത്യ സഭകൾക്കു വേണ്ടിയുള്ള കാനൻനിയമസംഹിതയുടെ ക്രോഡീകരണാവസരത്തിൽ ഈ തീരുമാനം ഏകകണ്ഠമായി അംഗീകരിക്കപ്പെടുകയാണുണ്ടായത് (Nuntia 8 (1979) 21). തന്മൂലം പൗരസ്ത്യസഭകളിലെ വിവാഹം ആശീർവ്വദിക്കാൻ അധികാരമുള്ള മെത്രാനോ വികാരിക്കോ തങ്ങളുടെ സഭയിലെ വിശ്വാസികളുടെ വിവാഹം ആശീർവ്വദിക്കാൻ ഒരു ഡീക്കനെ അധികാരപ്പെടുത്താനാവില്ല. എന്നാൽ പൗരസ്ത്യ സഭാംഗങ്ങൾക്ക് സ്വന്തം രൂപതയോ, മെത്രാനോ ഇല്ലാത്തിടത്ത് അവർ ലത്തീൻ മെത്രാന്മാരുടെ കീഴിലായിരിക്കും. അത്തരം സാഹചര്യങ്ങളിൽ അവരുടെ വിവാഹം ആശീർവ്വദിക്കാൻ ലത്തീൻ സഭയിലെ ഡീക്കനെ ലത്തീൻ മെത്രാന് അധികാരപ്പെടുത്താമോ എന്ന ചോദ്യം ഉന്നയിക്കപ്പെടാനിടയുണ്ട്. ഇപ്രകാരം അധികാരപ്പെടുത്തുവാനാവില്ല. കാരണം, മുമ്പ് പ്രസ്താവിച്ചതുപോലെ പൗരസ്ത്യ നിയമമനുസരിച്ച് വിവാഹത്തിന്റെ സാധുതയ്ക്ക് വൈദികന്റെ ആശീർവ്വാദ ശുശ്രൂഷ ആവശ്യമാണെന്നതിനാൽ ഒരു ഡീക്കനെ, പൗരസ്ത്യസഭാംഗങ്ങൾ തമ്മിലുള്ള വിവാഹം ആശീർവ്വദിക്കാൻ, അവർ ലത്തീൻ മെത്രാന്റെ കീഴിലായാലും അധികാരപ്പെടുത്തുവാനാവില്ല. പൗരസ്ത്യ സഭാംഗങ്ങളും ലത്തീൻ സഭാംഗങ്ങളും തമ്മിലുള്ള വിവാഹങ്ങൾ ആശീർവ്വദിക്കാനും ഡീക്കനെ അധികാരപ്പെടുത്താനാവില്ല. സീറോമലബാർ സഭാംഗമായ സ്ത്രീയും ലത്തീൻ സഭാംഗമായ പുരുഷനും തമ്മിൽ വിവാഹം കഴിക്കുമ്പോൾ പുരുഷന് ബാധകമായിട്ടുള്ളത് ലത്തീൻ നിയമവും സ്ത്രീക്ക് ബാധകമായിട്ടുള്ളത് പൗരസ്ത്യ നിയമവുമാണ്. പൗരസ്ത്യസഭാംഗത്തിന് എന്തെങ്കിലും കാരണത്താൽ സാധുവായി വിവാഹം കഴിക്കുന്നതിന് പൗരസ്ത്യ നിയമം അയോഗ്യത കല്പിക്കുന്നുണ്ടെങ്കിൽ ലത്തീൻ സഭാംഗവുമായി ആ വ്യക്തി നടത്തുന്ന വിവാഹവും അക്കാരണം കൊണ്ടുതന്നെ അസാധുവായിരിക്കും. കാരണം, പൗരസ്ത്യനിയമ സംഹിതയിലെ 790-ാം കാനോനയനുസരിച്ച് കക്ഷികളിൽ ഒരാളുടെ ഭാഗത്തു മാത്രമേ വിവാഹതടസ്സം ഉള്ളൂവെങ്കിൽപ്പോലും പ്രസ്തുത തടസ്സം വിവാഹത്തെ അസാധുവാക്കും (CCE O.c.790/2) എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലത്തീൻ നിയമത്തിൽ ഇല്ലാത്തതും എന്നാൽ വിവാഹത്തെ അസാധുവാക്കുന്നതുമായ വിവാഹ തടസ്സങ്ങൾ പൗരസ്ത്യ നിയമ സംഹിതയിലുണ്ട് എന്ന വസ്തുതയും നാം മറന്നുകൂടാ. ■




**ഡോ. ജോസ് ചിറമേൽ**

റോമിലെ പൊന്റിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനൻ നിയമത്തിൽ 1990ൽ ഡോക്ടറേറ്റ്. ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും 1992-ൽ പോസ്റ്റ്-ഡോക്ടറൽ ഡിപ്ലോമ. വിവിധ സെമിനാരികളിൽ കാനൻ നിയമത്തിന്റെ പ്രൊഫസർ.

www.malankaralibrary.com


# സമ്പൂർണ്ണ കാറ്റിക്കിസം ക്വിസ്

കേരളസഭയിലെ പ്രഗത്ഭരായ ബൈബിൾ-സഭാചരിത്ര പണ്ഡിതരുടെയും
ദൈവശാസ്ത്ര അധ്യാപകരുടെയും മേൽനോട്ടത്തിൽ




എഡിറ്റർ - ഫാ. മാർട്ടിൻ ശങ്കൂരിക്കൽ

**കോപ്പികൾക്ക്: 94475 06790**

www.malankaralibrary.com



# മദ്യദുരന്തത്തിനൊരു ഒറ്റമൂലി

മനുഷ്യപുത്രൻ

വീണ്ടുമൊരു മദ്യദുരന്തം! ഇത്തവണ മലപ്പുറത്ത്. മരിച്ചവർ 17 പേരെന്നായിരുന്നു ആദ്യ റിപ്പോർട്ടുകൾ. പിന്നീടത് 25 നു മുകളിലായി. ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് മുഖ്യമന്ത്രി പറഞ്ഞപ്പോൾ കൊലക്കുറ്റത്തിന് കേസെടുക്കുമെന്നായി ആഭ്യന്തര മന്ത്രി. അതായത് മദ്യദുരന്തം ഒഴിവാക്കാനുള്ള രണ്ട് ഒറ്റമൂലികളാണ് മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും നിർദ്ദേശിച്ചിരിക്കുന്നത്. ഒന്ന്, കണ്ണൂർ ഒറ്റമൂലി; മറ്റത് ആലപ്പുഴ ഒറ്റമൂലി. ഇതു രണ്ടും പ്രയോഗിക്കുന്നതോടെ കേരളത്തിലിനി മദ്യദുരന്തം ആവർത്തിക്കില്ലെന്ന് കേരളജനത വിശ്വസിച്ചോളണം.

എന്നാൽ ഓർമ്മശക്തി അല്പമെങ്കിലും അവശേഷിക്കുന്ന മലയാളികൾ ഇത് വിശ്വസിക്കുമെന്ന് തോന്നുന്നില്ല. കാരണം, ഇതിനു മുമ്പ് പലതവണ മദ്യദുരന്തങ്ങൾ ഉണ്ടായപ്പോഴൊക്കെ ഇതുപോലുള്ള ഒറ്റമൂലികൾ സർക്കാർ പ്രയോഗിച്ചു നോക്കിയിട്ടുണ്ട്. 1981 പുനലൂരിലെ മദ്യദുരന്തത്തിൽ മരിച്ചവർ 24 പേരാണ്; 1982 ൽ വൈപ്പിനിൽ 77 പേരും; 2000- ൽ കല്ലുവാതുക്കൽ 33 പേരും ദാരുണമായി കൊല്ലപ്പെട്ടു. അപ്പൊഴൊക്കെ അതതുകാലത്തെ സർക്കാർ ഇതുപോലത്തെ ഒറ്റമൂലി പ്രയോഗങ്ങൾ നടത്തി. എന്നിട്ടും എന്ത്യേ മദ്യദുരന്തം ആവർത്തിക്കുന്നു?

ഉത്തരം ഒന്നേയുള്ളൂ. മുഖ്യമന്ത്രിയും ആഭ്യന്തര മന്ത്രിയും പറയുന്ന ഒറ്റമൂലികൊണ്ടൊന്നും ഈ മാരണം ഒഴിവാകാൻ പോകുന്നില്ല. എങ്കിൽ മറ്റ് എന്താണൊരു പോംവഴി?

ഫലപ്രദമായ ഒരു ഒറ്റമൂലി തേടുമ്പോൾ രോഗത്തെക്കുറിച്ച് ഏതു കണിയാനും അറിഞ്ഞിരിക്കേണ്ട ചില പ്രാഥമിക ധാരണകളുണ്ട്. അതിൽ ഏറ്റവും പ്രധാനം അനധികൃത കള്ളുഷാപ്പുകളിൽ നിന്നല്ല ഇവർ കള്ളു കുടിച്ചത് എന്ന സത്യമാണ്. അതായത് സർക്കാരിന്റെ അംഗീകാരവും ലൈസൻസുമുള്ള ഷാപ്പുകളിൽ നിന്ന് വിളമ്പിയ കള്ളാണ് ഇത്രയും പേരെ കൊന്നത്. സർക്കാരിന് നികുതി അടച്ച് എക്സൈസ് പോലീസ് വകുപ്പുകളുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളാണ് വിഷമദ്യം വിളമ്പിയത്.

എങ്കിൽ ആരാണീ മദ്യദുരന്തത്തിന് ഉത്തരവാദി? നേരെ ചിന്തിക്കുന്ന ആരും പറയും; സർക്കാർ തന്നെയാണ് ഈ അറുകൊലയ്ക്ക് ഉത്തരവാദി. എങ്കിൽ ആർക്കെതിരെയാണ് കൊലക്കുറ്റത്തിന് കേസെടുക്കേണ്ടത്. സർക്കാരിനെതിരെ എന്നുപറഞ്ഞാൽ ഒഴുക്കൽ മട്ടിലുള്ള പത്രമെഴുത്താകും അത്.

കൃത്യമായി പറഞ്ഞാൽ കൊലക്കുറ്റത്തിന് കേസെടുക്കേണ്ടത് എക്സൈസ് മന്ത്രിക്കെതിരെയാണ്. വകുപ്പു മന്ത്രിയെയാണ് കൈയ്യാമം വച്ച് ജയിലിൽ അടയ്ക്കേണ്ടത്. അങ്ങനെ ചെയ്താൻ ഇനി ഒരിക്കലും കേരളത്തിൽ മദ്യദുരന്തം ഉണ്ടാവില്ല. ഇതാണ് ഏറ്റവും ഫലപ്രദമായ ഒറ്റ മൂലി.

ജയിലിൽ പോകേണ്ടി വരുമെന്നും കൊലക്കുറ്റത്തിന് വിചാരണ നേരിടേണ്ടി വരുമെന്നും അറിഞ്ഞാൽ നല്ല കള്ളു മാത്രമേ ഇവിടെ വില്ക്കപ്പെടുകയുള്ളൂ വെന്ന് എല്ലാ എക്സൈസ് മന്ത്രിമാരും ഉറപ്പുവരുത്തും. ഈ ഒറ്റമൂലി മറ്റു വകുപ്പുകളിലേക്കു കൂടി വ്യാപിപ്പിച്ചാലോ? റോഡിന്റേയും, ആശുപത്രിയുടേയും, ഗതാഗതത്തിന്റേയും കാര്യത്തിലൊക്കെ ഈ ഒറ്റമൂലി പ്രയോഗിച്ചാലോ? മലയാളിയുടെ ജീവിതം സുരക്ഷിതമാകാൻ ഇതിൽപരം മറ്റൊരു വഴിയില്ല! ■

www.malankaralibrary.com

September 2010 / Karunikan Monthly RNI No. KERMAL/2007/19623 Postal Reg. No. KL/ALY/0010/2010-12
Licence No. KL/CR/ALY/WPP-02/2010-12 Licensed to Post Without Prepayment




Printed and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O. Kochi-682015, Ernakulam Dt.
Printed at St.Joseph's Orphanage Press, Changanacherry, Kerala - 686 101, Editor: Fr. Jacob Naluparayil